Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം ൧൯൪൩ ജൂൺ ൧൪-ാം | ലക്കം ൩൯
പേജ് ൧൨ | ൧൧൧൮ ഇടവം ൩൧-ാം- തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

## *പരലോകജീവിതം

എഡ്മൺഡ്ഹോംസ് "ഹിബേർട്ട്ജേർണ്ണ"ലിൽ എഴുതിയ ലേഖനത്തിൽനിന്ന്

> "പരലോകജീവിതം ഒരവസ്ഥയല്ല; അതൊരു ജീവിതം തന്നെയാകുന്നു. അതിൽ ചലനമുണ്ട്. പ്രയത്നം, കർമ്മം, മാററം, വളച്ച, ഉൽഗതി, അധോഗതി, പുരോഗതി, പശ്ചാൽഗതി എന്നിവയെല്ലാം അവിടെയുമുണ്ട്........അവിടത്തെ നരകം, ക്ലേശാനുഭവങ്ങൾമൂലം മനുഷ്യാത്മാവ് ശുദ്ധിപ്രാപിക്കയും, അങ്ങനെ അഭിവൃദ്ധിതേടുകയും ചെയ്ക എന്ന അർത്ഥത്തിൽമാത്രമേ നരകമായിരിക്കുന്നുള്ളു."

ഈ പ്രപഞ്ചം വെറും ഭൗതികാണുക്കളുടെ വാലും തലയുമില്ലാത്ത ഒരു യാദൃച്ഛികസമ്മേളനം മാത്രമാണെന്നും, ഏതോ അന്ധമായ ശക്തിയാൽ പ്രേരിപ്പിക്കപ്പെട്ട് കുറേക്കാലത്തേയ്ക്കു പ്രസ്തുത അണുക്കൾ ഒരു നൃത്തം തുടരുന്നു എന്നും, അതിനിടയിൽ എങ്ങനെയോ, എവിടെനിന്നോ ഈ അണുസംഘാതത്തിൽ ജീവൻ പിടഞ്ഞുവീണെന്നും, പക്ഷേ അതേ അന്ധശക്തിക്കടിപ്പെട്ട് പ്രപഞ്ചാണുക്കൾ കുറേക്കാലത്തിനുശേഷം നൃത്തം അവസാനിപ്പിച്ച് ഒരു മൃതലോകമായി കലാശിക്കുമെന്നുമാണ് അണുപ്രപഞ്ചവാദത്തിന്റെ സാരം. ഈ വാദത്തെയാണ് സർ ജെയിംസ് ജീൻസ് തന്റെ 'മിസ്റ്റീരിയസ് യൂണിവേഴ്സ്' എന്ന ഗ്രന്ഥത്തിൽ ആക്ഷേപിച്ചത് (൩൯ലക്കം). എങ്കിലും കഴിഞ്ഞ ശതകത്തിന്റെ അന്തിമപാദത്തിലെ വ്യുല്പന്നമതികളെ (Intellectuals) പ്രസ്തുത വാദം ധാരാളം തൃപ്തിപ്പെടുത്തിയിരുന്നു. സയൻസിന്റെ പിൻബലവും, അധികാരവും ലഭിച്ചിരുന്ന അണുപ്രപഞ്ചവാദം ഒരു ചിന്താസമ്പ്രദായമെന്ന നിലയിൽ അംഗീകരിക്കപ്പെടാത്ത സ്ഥാനങ്ങളിൽപോലും കുറെ സ്വാധീനശക്തി പ്രയോഗിക്കാൻ പര്യാപ്തമായിരുന്നു എന്നുതന്നെ പറയണം.

ഈ അണുപ്രപഞ്ചവാദം നശിച്ചുകഴിഞ്ഞിരിക്കയാണ്. ഇന്നത്തെ ലോകത്തിലെ പ്രധാനശാസ്ത്രജ്ഞന്മാരുടെ ഗവേഷണപരീക്ഷണങ്ങളാൽ പരമാണു എന്നത് വെറും ജഡവസ്തു എന്നതിനേക്കാൾ കൂടുതലായി ഒരാശയമെന്നപോലെയാണെന്ന് കണ്ടുപിടിക്കപ്പെട്ടതിനാൽ, അവർ അണുപ്രപഞ്ചവാദത്തിൽനിന്ന് ബഹുദൂരം അകന്നിരിക്കുന്നു. ഭൗതികശാസ്ത്രത്തിൽ കൂടി പരമസത്യത്തിലെത്തിച്ചേരുക എളുപ്പമല്ലെന്നും അവർ മനസ്സിലാക്കിയിട്ടുണ്ട്. എങ്കിലും ജീവശാസ്ത്ര(ബയോളജി)ത്തിൽ അണുകപ്രപഞ്ചവാദത്തിന് ഇന്നും അഭയം ലഭിച്ചിട്ടുണ്ടെന്നു പറയാം. ജീവനുള്ള അണുപുടങ്ങൾ(സെല്ലുകൾ) വാസ്തവത്തിൽ പരമമായ അർത്ഥത്തിൽ അവയുടെ ഘടകവസ്തുവായ പരമാണുവിനേക്കാൾ ഒട്ടും യഥാർത്ഥമല്ലെന്നുള്ള വസ്തുത ഓർക്കാതെ ചില ജീവശാസ്ത്രജ്ഞന്മാരെങ്കിലും അവ സ്വതേ യഥാർത്ഥമാണെന്നുവിശ്വസിക്കുന്നുണ്ട്.

'മഹാശാസ്ത്രജ്ഞന്മാരുമായി' നടന്ന കുറെ കൂടിക്കാഴ്ചകൾ ഒബ്സേർവർപത്രത്തിൽ തുടരെ പ്രസിദ്ധീകരിച്ചുവരുന്നതായി കാണുന്നു. ആദ്യത്തെ ശാസ്ത്രജ്ഞൻ സർ ആർതർ എഡിങ്ടണും, രണ്ടാമത്തെയാൾ എച്ച്. ജി. വെൽസും ആണ്. പക്ഷേ മി. വെൽസ് ഒരു വലിയ ശാസ്ത്രജ്ഞനല്ല. ശാസ്ത്രത്തിൽ അദ്ദേഹം അതീവതല്പരനാണെന്നേയുള്ളു. മരണാനന്തരജീവിതത്തെപ്പററി അദ്ദേഹത്തിനു പറയാനുള്ളത് എന്താണെന്നു നോക്കാം:—

ചോദ്യം—കായികമായ മരണത്തിനുശേഷം മനുഷ്യന്റെ ഏതെങ്കിലും ഘടകം ജീവിതം തുടരുന്നതായി അങ്ങു വിചാരിക്കുന്നുണ്ടോ?

ഉത്തരം—വ്യക്തികൾ മരണത്തെ അതിക്രമിച്ച് ജീവിക്കുന്നതായി ഞാൻ വിചാരിക്കുന്നതേയില്ല. മനുഷ്യവർഗ്ഗത്തിന്റെ ആശയസഞ്ചയത്തിലേയ്ക്കു എന്തെങ്കിലും സംഭാവനചെയ്യുന്നെങ്കിൽ അതുമാത്രമാണു ഒരുവന്റെ മരണാനന്തരജീവിതമെന്നു ഞാൻ കരുതുന്നു.

ചോദ്യം—അങ്ങനെയാണെങ്കിൽ മനുഷ്യരാശി പെട്ടെന്നു അവസാനിച്ചാൽ അതോടെ എല്ലാം തീരും, അല്ലേ?

ഉത്തരം—അതേ.

ഈ സംഭാഷണം വിചാരോദ്ദീപകമാണ്. ലോകത്തെ ആസന്നമായ നാശത്തിൽനിന്ന് രക്ഷിക്കാൻ സയൻസിന് (ഭൗതികശാസ്ത്രത്തിനു) മാത്രമേ സാധിക്കുകയുള്ളു എന്നു മി: വെത്സ് വിചാരിക്കുന്നു. ശാസ്ത്രത്തിന്റെ അടിസ്ഥാനം നിഷ്പക്ഷമായ തെളിവുകളാണെന്ന് അദ്ദേഹത്തിനറിയാവുന്നതുമാണ്. പ്രേതാത്മവാദം (Spiritualism) മരിച്ചവരെന്നു നാം കരുതുന്നവർ മറെറാരു ലോകത്തിൽ ജീവിക്കുന്നു എന്നുള്ളതിന് അനിഷേധ്യമായ തെളിവുകൾ ഒട്ടേറെ ശേഖരിച്ചിരിക്കുന്നു എന്നും, ആ മാതിരി പരേതമനുഷ്യരുമായി പലരും സമ്പർക്കത്തിലേർപ്പെട്ടതിനെപ്പററി പ്രേതശാസ്ത്രത്തിനു വെളിയിൽനിന്നുതന്നെ ധാരാളം വിശ്വാസ്യമായ വിവരണങ്ങൾ ലഭിച്ചിട്ടുണ്ടെന്നും മി: വെത്സ് അറിഞ്ഞിട്ടുണ്ട്. എന്നിട്ടും യാതൊരു തെളിവുംകൂടാതെ വെറും കാഴ്ചയെ മാത്രം അടിസ്ഥാനമാക്കി സൂര്യൻ ഭൂമിയെ പ്രദക്ഷിണം ചെയ്യുന്നുവെന്ന് ഗലീലിയോയ്ക്കെതിരായി പഠിപ്പിച്ച റോമൻകത്തോലിക്കാമതത്തെപ്പോലെ, ഏററവും പ്രധാനമായ ഈ പ്രശ്നത്തെയും വെറും കാഴ്ചയെ മാത്രം അവലംബിച്ചുകൊണ്ട് തീരുമാനിക്കാൻ അദ്ദേഹം മടിച്ചില്ല.

അപ്പോൾ മി: വെത്സിന്റെ ആശയചക്രവാളം എന്താണ്? മുപ്പതുവർഷത്തിനുമുമ്പ് ഭൗതികശാസ്ത്രം സമീപിച്ചുകൊണ്ടിരുന്നതും, അതിനുശേഷം പെട്ടെന്ന് അകന്നൊഴിഞ്ഞുകളഞ്ഞതുമായ ആ അണുപ്രപഞ്ചവാദത്തിലെ സകല പ്രധാനവസ്തുതകളോടും അദ്ദേഹത്തിന്റെ ആശയം വളരെ യോജിക്കുന്നുണ്ട്. ഈ വസ്തുമയമായ പ്രപഞ്ചം (material world) വാസ്തവമാണെന്ന് അദ്ദേഹം കരുതുന്നു. പക്ഷേ വസ്തുപ്രപഞ്ചം എന്നുവച്ചാൽ എന്താണ്? സർ ആർതർ എഡിങ്ടന്റെ അഭിപ്രായത്തിൽ അത് നമ്മുടെ സബോധാവസ്ഥ (Consciousness)യെ നേരിടുന്ന ചില അടയാളങ്ങളുടെ(symbols) ഒരു വ്യാഖ്യാനം മാത്രമാകുന്നു. എന്നാൽ സബോധാവസ്ഥയെന്നത്, മി. വെൽസിന്റെ അഭിപ്രായപ്രകാരം ശരീരയന്ത്രം കൂടാതെ നിലനിൽക്കാത്ത ഒരവസ്ഥയുമാകുന്നു. ഇതത്രേ നിർല്ലജ്ജവും നഗ്നവുമായ ഭൗതികവാദം. മനഃപ്രാപണം (telepathy), യോഗാത്മകമായ ദർശനവിശേഷങ്ങൾ (mystic visions) എന്നിങ്ങനെയുള്ള അനുഭൂതികളെ അതു പാടേ നിഷേധിക്കുന്നു. സബോധമായ ഒരു മരണാനന്തരജീവിതത്തെയും അത് നിരസിക്കുന്നു. സർവ്വോപരി, അത് ബാഹ്യമായി പ്രത്യക്ഷീഭവിക്കുന്ന അടയാളങ്ങളെ വ്യാഖ്യാനിച്ച് ഒരു വസ്തുപ്രപഞ്ചത്തെ നമ്മുടെ ചുററും സൃഷ്ടിക്കുന്നതിൽ സബോധാവസ്ഥ വഹിക്കുന്ന പങ്കിനെ തീരെ വിഗണിച്ചുകളയുകയും ചെയ്യുന്നു.

സർ ആർതർ എഡിങ്ടൺ തുടങ്ങിയവരുടെ ഊർജ്ജശാസ്ത്രവും (Physics) മി: വെൽസിന്റെ ജീവശാസ്ത്രവും തമ്മിൽ ഇവിടെ ഒരു തുറന്ന സംഘട്ടനംതന്നെ ഉണ്ടാകുന്നു. എന്തെന്നാൽ, വസ്തുപ്രപഞ്ചം എന്നു പറയുമ്പോൾ, അതിനു പിന്നിൽ അതിനെ സൃഷ്ടിക്കുന്ന സബോധാവസ്ഥകൂടി ഉണ്ടെന്ന് നാം അറിയാതെ സ്വയം സമ്മതിച്ചുപോകുന്നു. പരമാണു എന്നു പറയുന്ന എന്തോ ഒന്നുണ്ടെന്ന് സമ്മതിച്ചിരുന്നിടത്തോളം കാലം സബോധാവസ്ഥയുടെ ജീവശാസ്ത്രപരമായ വിവരണത്തെ നിഷേധിക്കാൻ വയ്യായിരുന്നു. പക്ഷേ നമ്മുടെ ഊർജ്ജതന്ത്രജ്ഞന്മാർ ഈ പരമാണുവിനെത്തന്നെയും പിളർന്നുകളഞ്ഞു. ഇപ്പോൾ അതിനെപ്പററിയുള്ള ആശയത്തിൽ ബാക്കിയൊന്നും ശേഷിക്കുന്നില്ല എന്ന ദിക്കിലായിട്ടുണ്ട്. അല്പമെന്തോ ശേഷിക്കുന്നതിന്റെ നിലതന്നെയും പരുങ്ങലിലാണ്. എന്തെന്നാൽ അണുഭേദനം അതിന്റെ പരിപൂർണ്ണാവസ്ഥയിലെത്തിക്കഴിഞ്ഞെന്ന് ഇനിയും പറയാറായിട്ടില്ല.

അതെങ്ങനെയിരുന്നാലും, വസ്തുപ്രപഞ്ചത്തിന്റെ വാസ്തവികത പരമാണുവിന്റെ ദൃഢതയെ അല്ല, മേൽപ്പറഞ്ഞ അടയാളങ്ങളുടെ മേൽ നമ്മുടെ സബോധാവസ്ഥ ആരോപിക്കുന്ന അർത്ഥത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ഇന്ദ്രിയവിഷയങ്ങളായ വസ്തുക്കൾ സ്വയം യഥാർത്ഥങ്ങളാണെന്നുള്ള വിശ്വാസം നമ്മുടെ മനസ്സിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അറിവുമൂലം ശിഥിലമായിരിക്കുന്നു. അതോടുകൂടി വസ്തുവിനെ കൂടാതെ സബോധാവസ്ഥ നിലനിൽക്കുകയില്ലെന്നുള്ള വിശ്വാസവും തകർന്നിരിക്കുന്നു.

വെറും അണുക്കൾ തന്നെയാണ് ലോകത്തിന്റെ യഥാർത്ഥ്യമെന്നുള്ള വിശ്വാസം' മറുലോകങ്ങളെപ്പററിയുള്ള അറിവിന് ഏററവും വലിയ പ്രതിബന്ധമാകുന്നു. എന്നാൽ ബാഹ്യലോകത്തെ സയൻസ് വെറും ഒരു നിഴലാക്കിക്കളയുകയും, അതിന്റെ യഥാർത്ഥഭാവത്തിനുപോലും കാരണം സബോധാവസ്ഥയുടെ അഥവാ മനസ്സിന്റെ പ്രവർത്തനമാണെന്ന് തെളിയിക്കയും ചെയ്തതോടെ ഈ പ്രതിബന്ധവും ശിഥിലമായിത്തീർന്നു. ഇതിനിടയിൽ, മാററമില്ലാത്ത ഒരു നിത്യജീവിതത്തെയും, മനുഷ്യാത്മാക്കൾ രണ്ടായി തരംതിരിക്കപ്പെടുന്നു എന്നുള്ളതിനെയും കുറിച്ചുള്ള ക്രൈസ്തവസിദ്ധാന്തം എല്ലായിടത്തും അവഗണിക്കപ്പെട്ടുതുടങ്ങി. ശേഷിക്കുന്ന സ്ഥാനങ്ങളിൽ അതിന് സ്വന്തം യോഗ്യതകൊണ്ടല്ല, മതത്തിന്റെ ബലംകൊണ്ടാണ് എന്തെങ്കിലും നിലയുള്ളത്. അതിന്റെ സ്വതസ്സിദ്ധമായ യുക്തിശൂന്യത; അതിന്റെ പിന്നിലുള്ള മൗലികമായ പരിമിതികൾ, യഥാർത്ഥവസ്തുതകളെക്കുറിച്ചുള്ള അതിന്റെ അബദ്ധധാരണകൾ; അതിലെ രക്ഷാശിക്ഷകൾക്കു അടിസ്ഥാനമായിരിക്കുന്ന കൊടിയ അനീതി; പ്രകൃതിസിദ്ധമായ പ്രതിക്രിയയെക്കുറിച്ചുള്ള അതിന്റെ ഗണ്യമില്ലായ്മ, നീചമായ അഭിലാഷങ്ങളെ ലക്ഷീകരിച്ചുള്ള അതിന്റെ പ്രവർത്തനം; അതനുസരിച്ച് പട്ടടയ്ക്കു അപ്പുറത്തേയ്ക്കു അഭിലാഷങ്ങൾ തുടരേണ്ടതിന്റെ ആവശ്യമില്ലായ്മ—ഇവയെല്ലാം മനുഷ്യമനസ്സിൽ അതിനുണ്ടായിരിക്കേണ്ട സ്ഥാനത്തിന്റെ അടിത്തുരന്നുകളയാൻ സഹായിക്കുന്നുണ്ട്. മാററമില്ലാത്ത ഒരു സ്വർഗ്ഗം, മാററമില്ലാത്ത നരകംപോലെതന്നെ അനഭികാമ്യമാകുന്നു.

പട്ടടയ്ക്കും അപ്പുറമായി ഈശ്വരേച്ഛയാലല്ല, സ്വന്തം ജീവശ്ശക്തിയാൽതന്നെ പിന്നെയും തുടരുന്ന ഒരു ജീവിതത്തെപ്പററിയുള്ള ബോധത്തിന്റെ ആവശ്യകത ഇന്നത്തെ മനുഷ്യനെ നേരിടുന്നു. ഒരുപക്ഷേ അവൻ അതു സബോധമായി അറിയുന്നില്ലായിരിക്കാം. എന്നിരുന്നാൽപോലും അതിന്റെ നിർബന്ധശക്തിക്കു കുറവൊന്നുമില്ല. അങ്ങനെയൊരു ബോധമാണ് പ്രേതാത്മവാദം നൽകുന്നത്. അതിനോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം? അനേകം സ്ഥാനങ്ങളിൽനിന്ന് പ്രേതശാസ്ത്രം ശേഖരിച്ചിരിക്കുന്ന തെളിവുകളെ നാം നിഷ്പക്ഷമായി പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ജീവിതം എന്നത് ഇന്നത്തെ കഴിഞ്ഞാൽ നാളെയും തുടരുമെന്നുള്ള വിശ്വാസം മരണശേഷമുള്ള ജീവിതത്തെ സംബന്ധിച്ചും ഉണ്ടായിരുന്നാൽ ശൈശവം ബാല്യത്തിനും, ബാല്യം യൗവനത്തിനും വേണ്ട തയാറെടുപ്പും ആകുന്നതുപോലെതന്നെ ഈ ജീവിതം മരണാനന്തരജീവിതത്തിനുംവേണ്ടിയുള്ള തയാറെടുപ്പാണെന്ന് മനസ്സിലാക്കാൻ നമുക്കു കഴിയുന്നതാണ്. അങ്ങനെയായാൽ ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ വീക്ഷണഗതിയിലാകെ എത്രയോ മഹത്തായ മാററമാണ് വരാവുന്നത്!

സുഖത്തിനു വേണ്ടിയുള്ള ആഗ്രഹം ന്യായമാണ്. സുഖത്തിൽ ഒരു വലിയ പങ്ക് പരിതഃസ്ഥിതികളുമായുള്ള പൊരുത്തത്തിൽനിന്ന് ഉത്ഭവിക്കയും ചെയ്യുന്നു. ഒരു ഭാവിജീവിതത്തെപ്പററി ശ്രദ്ധയുള്ള ആരും അതിന്റെ പരിതഃസ്ഥിതികളുമായി പൊരുത്തപ്പെടാൻ ആഗ്രഹിക്ക

(ശേഷം പതിനൊന്നാം പേജിൽ)

* കഴിഞ്ഞലക്കത്തിൽനിന്ന് തുടർച്ച

# ഒന്നാമത്തെ സ്വാതന്ത്ര്യ സമരം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്, ബി. എസ്സ്‌സി.

I

ഏതു സംഗതിയെപ്പററിയും രണ്ടു് അഭിപ്രായം ഉണ്ടാകാം. രാഷ്ട്രീയ സംഭവങ്ങളെപ്പററി പ്രത്യേകിച്ചും ഇതു വാസ്തവമാണു്. ഒരു കക്ഷിക്ക രാജ്യസ്നേഹപരമായിട്ടുള്ളതു് മറേറക്കക്ഷിക്കു് നേരേമറിച്ചാകാം. അടിമത്വത്തിൽ കഴിയുന്ന രാജ്യങ്ങളിലെ രാജ്യസ്നേഹികളുടെ കഥകൾ ഇതിനു മകുടോദാഹരണങ്ങളാണു്. അധീശശക്തിയുടെ ദൃഷ്ടിയിൽ പരമാബദ്ധന്മാരായുള്ളവർ ജനങ്ങളുടെ കണ്ണിലുണ്ണികളാണു്. ഭാരതസ്വാതന്ത്ര്യത്തിനുവേണ്ടി സകലതും കാഴ്ചവച്ചു് പടയൊരുക്കിയ നേതാജിയുടെ ചരിത്രത്തിൻെറ ചൂടു മാറിക്കഴിഞ്ഞിട്ടില്ല. ചക്രവത്തിക്കെതിരായി പടവെട്ടിയതിനാൽ ബ്രിട്ടീഷുകാരുടെ ദൃഷ്ടിയിൽ അദ്ദേഹം രാജ്യദ്രോഹി ആണു്. എന്നാൽ ഭാരതത്തിലെ ഒരു പൗരൻ അദ്ദേഹത്തെ അന്നും ഇന്നും രാജ്യദ്രോഹിയായികരുതിയിട്ടുണ്ടോ? വിജയിയായ കക്ഷിയുടെ ഭാഗം പിടിച്ചു നിൽക്കുവാൻ ചരിത്രത്തിനു് ഒരു പ്രത്യേക സാമർത്ഥ്യമുണ്ടു്. അതിനാൽ പരമാത്ഥങ്ങൾ പലതും മറഞ്ഞു നില്ക്കുവാൻ ഇടയുണ്ടെങ്കിലും എന്നും അതു് അങ്ങിനെ തന്നെ കഴിഞ്ഞുകൂടുമെന്നു വിശ്വസിക്കുവാൻ ചരിത്രത്തിലെ ചില സംഭവങ്ങൾ ഇടം തരുന്നില്ല. വിജയിയായ കക്ഷി കുഴിച്ചു മൂടിയ പല പരമാത്ഥങ്ങളും ഉണർന്നെഴുന്നേല്ക്കാറുണ്ടു്, അങ്ങിനെ ഉണർന്നെഴുന്നേല്ക്കുന്ന സത്യങ്ങൾ മററു പല നൂതന സംഭവങ്ങളുടെയും പ്രാരംഭങ്ങളായിത്തീരാറുമുണ്ടു്.

യൂറോപ്യന്മാർ പല വിധത്തിൽ മാററിക്കുറിച്ചു കാണിക്കുവാൻ ബദ്ധപ്പെട്ടിട്ടുള്ള ഒരു ചരിത്ര സംഭവമാണു് ൧൮൫൭-ലെ സ്വാതന്ത്ര്യസമരം. ഇംഗ്ലീഷുകാർ അതു് ഒരു വെറും ശിപായി ലഹളയായി വരച്ചു കാണിക്കുവാൻ ബദ്ധപ്പെടുന്നു. ഭാരതീയർ ആ മഹാസംഭവത്തെ ഒന്നാമത്തെ സ്വാതന്ത്ര്യസമരമായി കണക്കാക്കുന്നു. അവരുടെ വീക്ഷണഗതിയിലുള്ള ഈ വ്യത്യാസം അവർ രണ്ടു കൂട്ടരും നൽകിയിട്ടുള്ള വിവരണങ്ങളിലും വ്യക്തമായി കാണുന്നുണ്ടു്. ഭാരതീയർ ആവേശം കൊള്ളാതെ ആ വിപ്ലവത്തെപ്പററി എഴുതിത്തീർത്തിട്ടില്ല. ഏക പക്ഷാഭിപ്രായം ഉന്തിനില്ക്കാത്തവിധം വെള്ളക്കാർ അതേപ്പററി ഒന്നും പറഞ്ഞിട്ടില്ല. ഈ രണ്ടു വിഭിന്ന കേന്ദ്രങ്ങളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു വേണം നിഷ്പക്ഷവാദിയായ ഒരുവൻ അതിനെപ്പററി എന്തെങ്കിലും പറയുവാൻ. ആ ലഹളയ്ക്കു ശേഷം അധീശശക്തി ഏല്പിച്ച ആഴമേറിയ മുറിവുകൾ ഇന്നും പൂർണ്ണമായി വാടിക്കഴിഞ്ഞിട്ടില്ല. ഉണങ്ങിയിട്ടുള്ളവയുടെ കറുത്ത പാടുകൾ മായാത്ത മറവുകളായി ഇന്നും എന്നും നിലനില്ക്കും. ഇവയെപ്പററിയുള്ള വേദനിപ്പിക്കുന്ന സ്മരണകൾ ജനഹൃദയങ്ങളിൽ നിന്നു് ഒട്ടുംതന്നെ വിസ്മൃതങ്ങളായിട്ടില്ല. അതൃപ്തിയുടെ ആ വലിയ പൊട്ടിത്തെറിക്കൽ അധീശശക്തിക്കു് ഒരു വലിയ പാഠമായി. അതോടുകൂടി അവരുടെ ഭരണ തന്ത്രത്തിനുതന്നെ വലിയ പരിവത്തനം ഉണ്ടായി. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന സാമ്രാജ്യതത്വം ലാഭകരമായി അവർ പ്രയോജനപ്പെടുത്തി. ജനങ്ങളുടെ യോജിപ്പിൽ വിദേശശക്തിക്കു് സ്ഥാനമില്ലെന്നു വന്നുകൂടി. അന്നും അതിനു മുമ്പും യോജിച്ചു കഴിഞ്ഞുവന്ന സഹോദര സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിച്ചു് അവരുടെ മുകളിൽ നിഷ്പക്ഷ കക്ഷിയായി കഴിച്ചിരുന്നു് ഭരണം തുടരുന്നതു് പ്രയാസമററവുള്ള കാര്യമാണെന്നു് അവർ മനസ്സിലാക്കി. രണ്ടു സമുദായങ്ങളുടെ ഇടയിൽ വിടവുണ്ടാക്കി ആ വിടവുകളിൽ വിദേശശക്തിയാകുന്ന ഇത്തിൾക്കണ്ണി വേരോപ്പിച്ചു. ആ വിടവു് കാലത്തിൻെറ പോക്കിൽ വികസിച്ചതേയുള്ളു. പരദേശികളുടെ പ്രേരണ മൂലം അങ്ങിനെ രണ്ടു സഹോദര സമുദായങ്ങൾ ഭിന്നമാഗ്ഗങ്ങളിൽകൂടി സഞ്ചരിക്കുവാൻ തുടങ്ങി. വിപ്ലവകാലത്തും അതിനു മുമ്പും നിലവിലിരുന്ന സാഹോദര്യം വീണ്ടെടുക്കുന്നതിലാണു് ഭാരതത്തിൻെറ വിജയം; അതിൽ മാത്രമാണു് അവരുടെ ശോഭനമായ ഭാവി സ്ഥിതി ചെയ്യുന്നതു്.

൧൮൫൭-ലെ ആ മഹാസംഭവം ഇന്നും അതിൻെറ അനശ്വരചരിത്രകാരന്മാരെ പ്രതീക്ഷിച്ചുകഴിയുകയാണു്. പലരും അതിനെപ്പററി പലതും പറഞ്ഞിട്ടുണ്ടു്. അതിൻെറ ഒരു പരിപൂർണ്ണചരിത്രം എഴുതുവാൻ ഒരു ഭാരതീയനാണു് കടപ്പെട്ടവൻ. പൂർണ്ണമായും സത്യമായും അതിനെപ്പററി എഴുതിവയ്ക്കുവാൻ ഒരു യൂറോപ്യനു്, പ്രത്യേകിച്ചു് ഒരു ഇംഗ്ലീഷുകാരനു്, സാധിക്കുന്നതല്ല. ഇങ്ങനെയാണു് നിലയെങ്കിലും വളരെ അപൂർവം ഭാരതീയരേ ആ സമരത്തിൻെറ ചരിത്രം എഴുതുവാൻ ശ്രമിച്ചിട്ടുള്ളു. ആ മഹാവിപ്ലവത്തെപ്പററി വികാരംനിറഞ്ഞതും രാജ്യസ്നേഹം തുളുമ്പുന്നതും ആയ ഒരു ഗ്രന്ഥം വിനായകസവർക്കർ രചിച്ചിട്ടുണ്ടു്. വിപ്ലവത്തെപ്പററി എഴുതിയിട്ടുള്ള ഒരൊററ ഭാരതീയൻ അദ്ദേഹം മാത്രമാണു്. ഈയിടെ സോഷ്യലിസ്ററു നേതാവായ ശ്രീ. അശോകമേത്ത, * ൧൮൫൭-നെപ്പററി ഒരു നല്ല ചെറിയ പുസ്തകം എഴുതിയിട്ടുണ്ടു്. വിപ്ലവത്തിൻെറ സ്വഭാവവും അതിനുശേഷം ഉണ്ടായിട്ടുള്ള പരിവത്തനങ്ങളും ഈ ചെറുഗ്രന്ഥത്തിൽ ഭംഗിയായി നൽകിയിട്ടുണ്ടു്. ഈ പുസ്തകം പ്രധാനമായി അടിസ്ഥാനമാക്കി ആണു് ഈ ലേഖനം എഴുതിയിട്ടുള്ളതു്.

II

## കാരണങ്ങൾ

പത്തൊൻപതാംനൂററാണ്ടിൻെറ മദ്ധ്യദശയോടുകൂടി ഒരു ആയിരം ശക്തികൾ ഭാരതത്തെ സ്വാധീനംചെലുത്തി ഭിന്നമാഗ്ഗങ്ങളിലേക്കു് ഇളക്കിവിട്ടുതുടങ്ങി. അടച്ചുനിറുത്തിയ അഗ്നിപവ്വതത്തെപ്പോലെ ഏതുനിമിഷത്തിലും പൊട്ടിത്തെറിക്കുമെന്ന നില ൧൮൫൭-ഓടുകൂടി സംജാതമായിക്കഴിഞ്ഞു. ദക്ഷിണജലസന്ധിമുതൽ ഹിമവാൻവരെയും വംഗദേശംമുതൽ വടക്കുപടിഞ്ഞാറൻപ്രവിശ്യവരെയും അധീശശക്തിക്കു നേരേയുള്ള ശത്രുതയും അതൃപ്തിയും കൊണ്ടു് ജനഹൃദയംനിറഞ്ഞുനിന്നു. സ്വാതന്ത്ര്യത്തിൻെറ വെളിച്ചത്തിൽ, സമ്പൽസമൃദ്ധിയുടെ സന്താനത്തിൽ, സംസ്കാരത്തിൻെറ പരിപൂർണ്ണതയിൽ ജീവിച്ചുവന്ന ജനസമുദായങ്ങൾ അടിമത്വത്തിൻെറ കരിനിഴലിൽ ചൂഷണത്തിൻെറ ചെമ്പുതെളിഞ്ഞ പ്രവത്തനത്തിൽ, വിദേശികളുടെ അപഹാസ്യത്തിൽ, ശ്വാസംമുട്ടിത്തുടങ്ങിയതിൽ അതിശയിക്കുവാനില്ല. ഇതിനുമുമ്പു് പല വിദേശികളും ഭാരതത്തെ ജയിച്ചു കീഴടക്കിയിട്ടുണ്ടു്. പക്ഷേ അവരെല്ലാം അല്പകാലത്തിനുള്ളിൽ ഇവിടത്തെ ജനങ്ങളുമായി ഇടകലൎന്നു് ഇവിടത്തെ ഒരു അംശമായിത്തീന്നല്ലാതെ ഒഴിഞ്ഞുമാറിനിന്നു് ഭാരതീയതത്വത്തെയും ഭാരതീയരെയും പുച്ഛിക്കുവാനും ചൂഷണം ചെയ്യുവാനും, അവരുടെ മതങ്ങളെ അവഹേളിക്കുവാനും ഒരുമ്പെട്ടിട്ടില്ല. എന്നാൽ യൂറോപ്യന്മാരുടെ വരവും സാമ്രാജ്യസ്ഥാപനവും പുതിയ അനുഭവങ്ങൾക്കു് കാരണമായി. അതിനാൽ വെറുപ്പുംവൈരവുംമൂലം വിദേശിയരെ അടിച്ചോടിക്കുന്നതിനുള്ള അത്യാഗ്രഹം എവിടെയും വെളിപ്പെട്ടുതുടങ്ങി. അതിനുവേണ്ടിയുള്ള പ്രകടനങ്ങൾ ഇതിനകം പല സ്ഥലങ്ങളിൽ പ്രകടമായിക്കഴിഞ്ഞു. നാട്ടുരാജാക്കന്മാരിൽ ചിലർ ബ്രിട്ടീഷുകാരോടു് പടവെട്ടി നോക്കുന്നതിനുതന്നെ തയ്യാറായി. ൧൮൦൬-ൽ ലാഡ്‌വാംതിലും ൧൮൨൪-ൽ അശ്ശൂൽ മുതലായിടങ്ങളിൽ നാടുവാഴികളും ഹൈദരാബാദു്, കൊച്ചി, തിരുവിതാംകൂർ മുതലായ രാജ്യങ്ങളിൽ ദിവാൻജിമാരും അധീശശക്തിയെ എതിത്തു.

ചെറിയ രാജ്യങ്ങളെ എന്തെങ്കിലും കാരണംപറഞ്ഞു് പിടിച്ചടക്കി സാമ്രാജ്യവിസ്തൃതി കൂട്ടുന്നതിനു് കച്ചകെട്ടിനിന്നിരുന്ന കമ്പനിക്കാർക്കെതിരായി നാടൊട്ടുക്കു് ശത്രുതയായി. "ഇംഗ്ലീഷുകാരുടെ ഭരണം അവസാനിച്ചു. ഇംഗ്ലീഷുകാർ നശിക്കട്ടെ!"—എന്നിങ്ങനെയുള്ള വിളികൾ എല്ലാം പ്രവിശ്യകളിലും മുഴങ്ങിത്തുടങ്ങി. രാംസിയിലെ ലഹള പൂനാനഗരത്തെ ആകെപ്പാടെ ഇളക്കിമറിച്ചു. സവന്തുവാടിയിലെ ലഹള അമത്താൻ ൫൦,൦൦൦ പേരോളം വേണ്ടിവന്നു. എങ്കിലും അതിൻെറ കനൽ അണയാതെ ൧൮൫൭-വരെ നിലനില്ക്കുകതന്നെ ചെയ്തു. കൂടാതെ കാൻഗ്രാ, ജാഡ്‌വർ, ദാതാപൂർ മുതലായിടങ്ങളിലെ നാടുവാഴികൾ വിപ്ലവക്കൊടി ഉയത്തി. ബ്രിട്ടീഷുഭരണത്തിൻെറ അവസാനം ജനങ്ങൾ സ്വപ്നം കണ്ടുതുടങ്ങി. അപകടകരമായ ഒരുവിധം രഹസ്യസമരം കുറെ നാളുകളായി അവർക്കെതിരായി പ്രവത്തിച്ചുകൊണ്ടിരുന്നു. സ്ഥിതിഗതികൾ ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും ബ്രിട്ടീഷുശക്തി കറുത്ത പാറക്കെട്ടുപോലെ ഈ ചുഴലികൾക്കു് മുകളിൽ അജയ്യമായി ഉയന്നുനിന്നു.

അഫ്ഗാൻയുദ്ധത്തിൽ ഇംഗ്ലീഷുകാക്കു് നേരിട്ട വിഷമതകളും പഞ്ചാബ് യുദ്ധത്തിൽ സിക്കുകാർ അവക്കെതിരായി നടത്തിയ പ്രതിരോധനവും മററും അവർ അജയ്യരാണെന്നുള്ള വിശ്വാസത്തിനു് വിരാമം ഇട്ടു. പ്ലാസിയുദ്ധത്തിൻെറ ശതവത്സരാഘോഷത്തോടുകൂടി ബ്രിട്ടീഷ് ഭരണം അതിൻെറ ശവക്കുഴിയിൽ തകന്നുവീഴുമെന്നു് എങ്ങിനേയോ ജനങ്ങളുടെ ഇടയിൽ ഒരു വിശ്വാസം പരന്നു. ഈ വിശ്വാസം അവക്കു് കായ്യസാദ്ധ്യത്തിനു് കൂടുതൽ ഉത്സാഹം നൽകി. രൂപമില്ലാതിരുന്ന ആഗ്രഹം ആദർശമായ രൂപം പ്രാപിച്ചു. സ്വാതന്ത്ര്യത്തിനുള്ള ആഗ്രഹം പതിന്മടങ്ങായി. ഇന്ത്യൻ പട്ടാളക്കാർ അർദ്ധനിദ്രയിലകപ്പെട്ടവരെപ്പോലെ അവരുടെ ജന്മഭൂമിയെ വിദേശിയനു് അടിമപ്പെടുത്തിപ്പോയി. അവരുടെ ഉറക്കം തെളിയുവാൻ അധികനാൾ വേണ്ടിവന്നില്ല. ഇംഗ്ലീഷുകാരുടെ ശക്തിവർദ്ധനവിനോടൊപ്പം പടയാളികളുടെ സ്ഥിതിയും അധഃപതിച്ചു. ഒന്നിനൊന്നിനു് പലവിധ പ്രതികൂലങ്ങൾ അവർ നേരിട്ടുതുടങ്ങി. അവരേയും അവരുടെ മതത്തിനേയും അവഹേളിക്കുന്നയജമാനന്മാരുടെ കീഴിലുള്ള സേവനം സുഖകരമായിട്ടുള്ളതല്ലെന്നു് അവർ മനസ്സിലാക്കി. വിദേശികളുടെ പ്രാബല്യത്തിൽ അവക്കു് അവിശ്വാസം വന്നു. ഇന്ത്യൻ ഉദ്യോഗസ്ഥന്മാരെ പല നിസ്സാര കാരണങ്ങൾപറഞ്ഞു് പിരിച്ചുവിട്ടുതുടങ്ങി. കവാത്തുസമയത്തു് വെള്ളക്കാരായ ഉദ്യോഗസ്ഥന്മാരുടെ തെറിയും അധിക്ഷേപവും അസാധാരണമല്ലെന്നായി. ഉദ്യോഗക്കയററമില്ലെന്നുമാത്രമല്ല അവരുടെ ആത്മാഭിമാനവുംകൂടി മുറിവേററു തുടങ്ങി. സാമ്രാജ്യവിസ്തൃതി വർദ്ധിച്ചതോടുകൂടി ഇന്ത്യൻ പട്ടാളക്കാരെ അവരുടെ ഇഷ്ടത്തിനെതിരായി വിദൂരദേശങ്ങളിലേക്കു് നയിച്ചു. ഈ അനീതികളോടു എതിരിടാതെ ഗത്യന്തരമില്ലെന്നുള്ള ഒരു നില ഇന്ത്യൻപട്ടാളക്കാക്കു് വന്നുകൂടി. ആരുമാരും അറിയാതെ അവർ ഒരു നിശ്ചയം ചെയ്തു; അനീതികളെ എതിക്കുവാനും വിദേശികളെ ആയുധം കൊണ്ടുതന്നെ ഓടിക്കുവാനും അവർ അവസാനമായി ശപഥംചെയ്തു.

ഇന്ത്യയിലെ സേവനത്തിനുമാത്രം എടുത്തിട്ടുള്ള പട്ടാളക്കാരെ ശമ്പളക്കൂടുതൽ പോലും ഇല്ലാതെ സമുദ്രംകടത്തി വിദേശങ്ങളിലേക്കു് നയിച്ചുതുടങ്ങിയതു് ആക്കും ഇഷ്ടമായില്ല. ൧൮൨൪-ൽ ബാറക്‌പൂരത്തെ സൈന്യം ബർമ്മായിൽ സേവനത്തിനുപോകാൻ വിസമ്മതിച്ചു. എന്നാൽ ഒരു പടയാളിയും ഏതു ദേശത്തു സേവനത്തിനു പോകുന്നതിനും വിസമ്മതിക്കുവാൻ പാടില്ലെന്നു് ഗവണ്ണർജനറൽ ഒരു പുതിയ നിയമം ഉണ്ടാക്കി. അങ്ങിനെ ഒരൊററ തൂലികാചലനത്താൽ ഇന്ത്യൻസൈന്യം ഇംപീരിയൽ സൈന്യത്തിനു തുല്യമായിത്തീന്നു. മുമ്പു ഇന്ത്യൻസൈന്യം അനുഭവിച്ചിരുന്ന ആനുകൂല്യങ്ങൾ പലതും പിൻവലിക്കപ്പെട്ടു. ഇത്രയും ആയപ്പോഴേക്കു് ഇന്ത്യൻസൈന്യത്തിൻെറ ക്ഷമ നശിച്ചു. അനവധിനാളുകളായി അവരുടെ ഹൃദയത്തിൽ വേരുറച്ച ആഗ്രഹസാഫല്യത്തിനു് അവർ തയ്യാറായി. അടിമത്വത്തിൻെറ നിഴലിൽനിന്നു് സ്വാതന്ത്ര്യത്തിൻെറ സൂര്യപ്രകാശത്തിലേക്കു കുതിച്ചുയരാൻ അവർ അക്ഷമരായി. മുഗൾചക്രവത്തിയും നാനാസാഹിബും ഔധിലെ ബീഗവും അവരുടെ ആരാധനാപാത്രങ്ങളായി. ആ കേന്ദ്രങ്ങൾക്കുചുററും അനവധിലക്ഷങ്ങളുടെ ആശാലതകൾ ചുററിപ്പടന്നു. പരിചയമുള്ള കണ്ണുകൾക്കു വിപ്ലവത്തിൻെറ ഇരമ്പലും മുഴക്കവും അന്നു കേൾക്കുവാൻ കഴിയുമായിരുന്നു. തട്ടിക്കൂട്ടിനിറുത്തിയ സ്ഫോടകസാധനങ്ങൾ പൊട്ടിത്തെറിക്കുവാൻ ഒരൊററ തീപ്പൊരിമാത്രം മതി എന്ന ഒരു നിലവന്നു.

അന്നു ഇംഗ്ലീഷുകാരുടെ ഭരണവും ഭരണരീതിയും അതൃപ്തികരവും പൊതുവേ ശക്തിഹീനവും ആയിരുന്നു. പുതിയ ദേശങ്ങളുടെ പിടിച്ചടക്കലിനുശേഷം അവിടങ്ങളിൽ കൃഷീവലരുടെ ലഹളകൾ സാധാരണമായി പല ദേശങ്ങളും പരിപൂർണ്ണമായ എതിർപ്പിൽ കഴിഞ്ഞുകൂടി. സ്വമനസ്സാലെ ഒരു ഭാഗദേശവും കമ്പനിക്കാക്കു് വഴങ്ങിക്കൊടുത്തില്ല. ഒററതിരിഞ്ഞുള്ള ലഹളകൾക്കു് ഐക്യരൂപ്യവും യോജിപ്പും നൽകിയാൽ ഒരു മഹാവിപ്ലവമായി മാററത്തക്ക കഴിവും അവയ്ക്കു് ഉണ്ടായി. ഉദ്യോഗസ്ഥന്മാരും പൊതുജനങ്ങളും കഴിഞ്ഞുപോയ നല്ലകാലങ്ങളെ സ്മരിച്ചും അവരുടെ ദയനീയസ്ഥിതിയെ പഴിച്ചും കഴിഞ്ഞുകൂടി. കഴിഞ്ഞുപോയ നല്ലകാലങ്ങൾ! ശാന്തിയും സുഖവും സമ്പൽസമൃദ്ധിയും തളിരിട്ടുനിന്നിരുന്ന കഴിഞ്ഞകാലങ്ങൾ! വിവിധവർണ്ണാങ്കിതമായ വേഷവിധാനങ്ങൾ, ചരിത്രാതീതകാലംമുതൽ നിലനിന്നിരുന്ന നീതികൾ, ആഹ്ലാദകരങ്ങളായ ചിരികൾ......എല്ലാം കഴിഞ്ഞുപോയി. അവയുടെ ഒക്കെ സ്ഥാനത്തു ഇന്നു എന്താണു്? സാധാരണന്മാരിൽനിന്നു ഒഴിഞ്ഞുമാറിനില്ക്കുന്ന അധികാരിയായ വിദേശികൾ ഭാരതീയമായിട്ടുള്ള സകലതിലും കാക്കിച്ചുതുപ്പുന്ന അവരുടെ പെരുമാററങ്ങൾ; ജീവനെക്കാൾ മഹത്തായി സ്നേഹിക്കുന്ന മതത്തെ അവഹേളിക്കുന്ന മിഷണറിമാർ......ഹാ! എന്തൊരു പരിവത്തനം!

സാമൂഹ്യവും ധനപരവും ആയ അധഃപതനങ്ങൾ മേല്പറഞ്ഞ അതൃപ്തികളെ ഊതിവീർപ്പിച്ചു നീറിനിന്നിരുന്ന അതൃപ്തിക്കും ശത്രുതയ്ക്കും ചെറുതായൊരു കാററുമാത്രം മതിയായിരുന്നു ആളിക്കത്തുവാൻ. അതു അധികം താമസിയാതെ സംഭവിക്കുകയും ചെയ്തു. വിപ്ലവത്തിനുള്ള കോളുകൾകൊണ്ടു അന്തരീക്ഷം കറുത്തിരുന്നു.

പടിഞ്ഞാറൻസമ്പ്രദായങ്ങളുടെ പ്രതിഷ്ഠയ്ക്കുവേണ്ടിയുള്ള പാട്ടപെടലിനെക്കാൾ മറയിട്ടുള്ള മതപരിവത്തനശ്രമങ്ങൾ ആണു ഹിന്ദുക്കളെയും മുസ്ലീങ്ങളെയും പ്രക്ഷുബ്ധരാക്കിയതു്. ഈസ്റ്റ്ഇൻഡ്യാ കമ്പനിയുടെ അദ്ധ്യക്ഷനായിരുന്ന മാൻഗെൽസ് സായിപ്പു് പാർലിമെൻറിൽ ചെയ്ത ഒരു പ്രസ്താവന നോക്കുക. "ദൈവം വിശാലമായ ഹിന്ദുസ്ഥാനദേശത്തെ ഇംഗ്ലണ്ടിൻെറ സംരക്ഷണയ്ക്കു് ഏല്പിച്ചിരിക്കുന്നതു ഒററംമുതൽ മറെറ അററംവരെ ക്രിസ്തുവിൻെറ വിജയപതാക പാറപ്പറത്തുന്നതിനുവേണ്ടിയാണു്. എല്ലാവരും അവനവൻെറ സകലകഴിവുകളും ഉപയോഗിച്ചു് എല്ലാം ഇൻഡ്യാക്കാരെയും ക്രിസ്ത്യാനികളാക്കുവാനുള്ള മഹനീയപ്രവൃത്തിക്ക സന്നദ്ധരാകണം." ൧൮൫൭-ൽ മിഷണറിമാർ പ്രസിദ്ധപ്പെടുത്തിയ ഒരു മാനിഫെസ്റ്റോയിൽ ഇന്ത്യയിലെ എല്ലാം വർഗ്ഗങ്ങളേയും ഒരു വിശ്വാസത്തിൻകീഴിൽ ആക്കിത്തീക്കുന്നതിനു് തീവണ്ടിയും ആവിക്കപ്പലും എല്ലാം ഉപകരണങ്ങളാക്കിത്തീക്കുന്നതാണെന്നുള്ള ആശയം പ്രകടിപ്പിച്ചിരുന്നു. സ്വതേ ശാന്തശീലനായ ഹിന്ദുവിൻെറ മനോഗതി എങ്ങിനെ ആയിരുന്നെങ്കിലും മുസൽമാൻ ആകപ്പാടെ ഇളകിക്കഴിഞ്ഞു, ശക്തിയുള്ള നേതാക്കന്മാരുടെ കീഴിൽ അവർ അണിനിരന്നു പ്രക്ഷോഭണത്തിനൊരുങ്ങി. സ

(ശേഷം മൂന്നാംപേജിൽ)

* 1857—The Great Rebellion by Asoka Mehta; Hind Kitabs, Bombay.

ചെറുകഥ

# പന്തയക്കാരൻ

ഡി. എം. പൊറേറക്കാട്ട്

കുട്ടപ്പൻനായർക്ക് എന്നും വീട്ടിലെത്തുമ്പോൾ വല്ലാത്തൊരു തിരക്കായിരിക്കും. വെള്ളിയാഴ്ചയാകുമ്പോൾ ആ തിരക്ക് അതിൻെറ മൂർദ്ധന്യദശയിലെത്തും. കുന്നുകുത്തി മൂശാരിയെപ്പോലെ അയാളങ്ങിനെ തെരുപ്പറക്കുന്നതു കാണാം. ഓടിക്കിതച്ച് വീട്ടിലെത്തുക. രാജാവിൻെറ തലക്കെട്ടുകളുള്ള പോസ്റ്റാഫീസിലെ കാക്കിക്കോട്ട് അഴിച്ചെറിഞ്ഞിടത്തെറിയുക, വിധി പറയാനടുത്ത കൊലക്കേസിനു പ്രസംഗം ശരിപ്പെടുത്തുന്ന സമർത്ഥനായ ഒരു വക്കീലിനെപ്പോലെ കടലാസും പെൻസിലുമെടുത്തു ആലോചനയിലിരിയ്ക്കുക ഇതാണ് എന്നുമുള്ള മൂപ്പരുടെ പതിവ്.

ചിലപ്പോൾ തൻെറ കൊച്ചുമുറിയിലുള്ള മണ്ണെണ്ണവിളക്ക് രാത്രി പാതിര കഴിയുന്നതുവരെയും മിന്നിക്കത്തിക്കൊണ്ടിരിക്കുന്നതു കാണാം. പ്രസിദ്ധനായ ഒരു ശാസ്ത്രീയഗവേഷകൻെറ വീട്ടിൽ ആ മുറിയുടെ വാതിലും ജനലുകളും ഭദ്രമായടച്ച് ആരുടേയും ഇടപെടലേല്ക്കാതെ, ഒരു ചെറിയ പുസ്തകത്തിൽതന്നെ ദൃഷ്ടിയുറപ്പിച്ച് അയാൾ ധ്യാനനിരതനായിരിക്കും. ആ സമയത്ത് ആരെങ്കിലും അടുത്തുചെന്നിട്ടുണ്ടെങ്കിൽ പ്രസവവേദനയനുഭവിക്കുന്ന പെൺപുലിയെപ്പോലെയായിരിക്കും കുട്ടപ്പൻനായരുടെ പെരുമാററം.

കുട്ടപ്പൻനായരെപ്പററി ആർക്കും യാതൊരാക്ഷേപവുമില്ല. കള്ളുകുടിക്കില്ല, വേശ്യാലയത്തിൽ പോകില്ല, പുകവലിക്കപോലുമില്ല; ഊണിനും ചായയ്ക്കുംകൂടി നിർബ്ബന്ധമില്ല. ജോലിക്കുപോകുക, അതുകഴിഞ്ഞു വീട്ടിലെത്തുക, ചില കടലാസുകഷണങ്ങൾ കുത്തിക്കുറിക്കുക ഇത്രയുമാണ് അയാളുടെ ആകെ പരിപാടികൾ. മററുള്ളവരെ യാതൊരുപ്രകാരത്തിലും ഉപദ്രവിക്കുകയോ പരിഹസിക്കുകയോ ഇല്ല. ആരുമായി ആരുപ്രകാരേണയുമുള്ള യാതൊരു പ്രത്യേകബന്ധവുമില്ല.

കുട്ടപ്പൻനായരൊരു സർവ്വസമുദായപ്രിയനാണെന്നാണ് വെപ്പ്. കൊളമ്പിലുള്ള ഒരൊററ സിംഹളീയനും അയാളെ കൈതിരല്ലത്രെ. അയാൾക്കും അവരോടും യാതൊരു വിരോധവുമില്ലെന്നുമാത്രമല്ല, തൻെറ കൂട്ടുകാരിൽ അധികപേരും തന്നെ സിംഹളീയരാണ്. “മച്ചാൻ, ഇന്നേതു കുതിരയേയാണ് പിടിക്കുന്നത്?” എന്നവരന്വേഷിക്കുമ്പോൾ അതിലൊരായിരം അളിയന്മാരുടെ അട്ടഹാസമുണ്ടാകും.

അനവധി കൊല്ലങ്ങളായി ആ അഭേദ്യബന്ധമാരംഭിച്ചിട്ട്. കുട്ടപ്പൻനായർ കൊളമ്പിലെത്തിയിട്ട് എത്ര കൊല്ലമായെന്നും, തിട്ടമായിപ്പറയാൻ ഒററയാൾക്കും സാദ്ധ്യമല്ല. അയാളുടെ നാട്ടുവീട്ടെവിടെയാണെന്നോ, സ്വന്തം വീട്ടമായി പുള്ളിയ്ക്കെന്തുമാത്രം ബന്ധമുണ്ടെന്നോ ഉള്ള കാര്യം എല്ലാവർക്കും അജ്ഞാതമാണ്. അതന്വേഷിക്കുന്നവരോട് അയാൾക്കത്ര സന്തോഷവുമല്ല.

കൊളമ്പ് ജനറൽപോസ്റ്റാഫീസിലാണ് കുട്ടപ്പൻനായർക്ക് പ്രവർത്തി. റോഡിലെങ്ങും കുത്തിനിർത്തിയിട്ടുള്ള ചുവന്ന കത്തുപെട്ടികളിൽനിന്ന്, ലോറിയോടിച്ചുചെന്ന എഴുത്തുകൾ ശേഖരിക്കുക. ഇതാണ് ജോലി. കാലത്തെഴുമണിമുതൽ ഉച്ചതിരിഞ്ഞു മൂന്നുമണിവരെയാണ് അതിൻെറ സമയവും. ഭേദപ്പെട്ട ഒരു മാസപ്പടിയുമുണ്ട്. “എങ്ങിനെയായാലും ചിലവുകഴിച്ച് ഒരു പതിനഞ്ചുരൂപാ സമ്പാദിക്കാം. അയാൾക്ക് യാതൊരധികച്ചിലവുമില്ലല്ലോ” എന്നാണ് അയാളുടെകൂടെ താമസിക്കുന്ന എല്ലാവരുടേയും ഏകോപിച്ച അഭിപ്രായം. പക്ഷെ, കുട്ടപ്പൻനായർക്കെന്നും പണത്തിനു വിഷമമാണ്. ഇക്കണ്ട കാലം സമ്പാദിച്ചതെല്ലാം എന്തുചെയ്യുന്നുവെന്നു എല്ലാവരും അന്വേഷിക്കും. ചിലർ പറഞ്ഞു “പുള്ളി പണമൊക്കെ ബേങ്കിലിടുകയാണെ”ന്ന്. “അതല്ല, അയാൾ സ്വകാര്യമായി ഒരു പെണ്ണെടുത്തിട്ടുണ്ട്” മററു ചിലർ തിരുത്തി.

എന്നാൽ ഇതൊന്നുമായിരുന്നില്ല, അതിൻെറ പരമാർത്ഥം.

കുട്ടപ്പൻനായർക്ക് ഒരമ്മാവൻെറ മകളുണ്ട്. മാധവി. കുട്ടപ്പൻനായർ നാടുവിടുമ്പോൾ അവൾ എട്ടാംക്ലാസിൽ പഠിക്കയായിരുന്നു അന്നുതന്നെ അവളൊരസാധാരണ സൌന്ദര്യവതിയായിരുന്നു. അയാൾക്കന്ന് അവളേക്കാൾ അഞ്ചാറു വയസ്സു പ്രായക്കൂടുതലുണ്ട്. അവർ രണ്ടുപേരും ഒരേവീട്ടിലാണ് വളർന്നുവന്നത്. അവളെ എടുത്തുവളർത്തിയതും, സ്കൂളിൽ കൊണ്ടുചേർത്തതുമൊക്കെ അയാളാണ്. എട്ടാംതരം വിട്ടിലും പുറത്തുമുള്ള അവളുടെ കൂട്ടുകാരനും, കളത്തോഴനുമായി കുട്ടപ്പൻനായർതന്നെയായിരുന്നു.

അവൾ ജനിച്ചന്നേ അവളുടെ അമ്മയും അമ്മയുടെ സംബന്ധക്കാരനും ഒന്നുചേർന്ന് പ്രായപ്പെട്ട്, അവളെ കുട്ടനു പുടമുറികഴിച്ചുകൊടുക്കണമെന്ന്. അങ്ങിനെ ഒരുപ്രത്യേകകരാറുകൂടാതെതന്നെ മാധവി തൻേറതാണെന്ന ഓർമ്മ കാശബോധം കുട്ടിക്കാലംമുതല്ലേ കുട്ടൻെറ മനസ്സിലൊട്ടിപ്പിടിച്ചു.

മാധവി അങ്ങിനെ വളർന്നുവളർന്നു പതിനാറുവയസ്സിലെത്തി. അഴകും ആരോഗ്യവും ആ വെളുത്ത പെൺകുട്ടിയിൽ ഒരത്ഭുതപ്രദർശനംനടത്തി. പല പണക്കാരും, ഉദ്യോഗസ്ഥന്മാരും അവളെ സംബന്ധത്തിനാഗ്രഹിച്ചു. ആ മനോഹരിപെൺകിടാവിൻെറ മാദകമായ ആകർഷകത്വം അവരിലാകെ അന്ധമായ ആവേശം അങ്കുരിപ്പിച്ചു.

മനോഹരിയായ ഒരു മകളുണ്ടാവുകയെന്നതിൽ കവിഞ്ഞ മറെറാരു മഹാഭാഗ്യം മീനാക്ഷിയമ്മയ്ക്കു ണ്ടാകാനില്ലായിരുന്നു. സംബന്ധപന്തയത്തിലുള്ള ഒരു അസാധാരണ പ്രദർശനവസ്തുവായി അവർ മാധവിയെ അണിയിച്ചൊരുക്കി പിടിച്ചുനിർത്തി. പലരും വന്നു വിലപേശിനിന്നു. ദിവസം ചെല്ലുംതോറും മകളുടെ വില കയററപ്പെറാൻ ആ അമ്മ നിർബ്ബന്ധിതയായി. ഒട്ടനവധിപേർ പരിഭവപ്പെട്ടു; പിണങ്ങിപ്പിരിഞ്ഞു മററുചിലർ പിന്നേയും അവളെത്തന്നെ ചുററിപ്പററി നടന്നു.

അങ്ങിനെ, മനഃപൂർവ്വവുംസ്പഷ്ടവുമല്ലാത്ത മട്ടിൽ മാധവിയുടെമേലുള്ള കുട്ടൻെറ ജന്മാധികാരം ചോദ്യം ചെയ്യപ്പെട്ടു. കുട്ടിക്കാലം മുതൽ കെട്ടിപ്പൊക്കിവന്ന ആ നിർമ്മലമായ പ്രേമവികാരം അങ്ങിനെ അടിയിളകിനിന്നു. മാധവിക്ക് അതൊന്നും തന്നെ വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവൾ കേവലം ലോകമെന്തെന്നറിയാത്ത ഒരു കളിക്കുട്ടിയായിരുന്നു ഇതുവരേയും.

വീട്ടിലുണ്ടാകുന്ന ഓരോ സംബന്ധാലോചനയും കുട്ടൻെറ ഹൃദയത്തിൽ ഓരോ പൊട്ടിത്തെറിയുണ്ടാക്കി. അവിടെ വന്നുപോയിരുന്ന പുതിയ വിരുന്നുകാരേയും, അവർക്കുള്ള സല്ക്കാരങ്ങളും കാണുമ്പോൾ ക്ഷണിക്കാതെ വന്ന അവഗണ്യനായ ഒരകന്ന ബന്ധുവെപ്പോലെ കുട്ടനിരുന്നു നെടുവീർപ്പിടും. അവനൊന്നും അഭിപ്രായപ്പെടാനോ, അപേക്ഷിക്കാൻ പോലുമോ അവകാശമില്ല. അവനുദ്യോഗമില്ല, അധികമൊന്നും പഠിപ്പുമില്ല. അവൻെറ അച്ഛൻ, അതല്ലെങ്കിൽ അമ്മയുടെ സംബന്ധക്കാരൻ അവനുവേണ്ടി യാതൊന്നും നീക്കിവെക്കാതെ അമ്മയെ ഉപേക്ഷിച്ച്, മറെറാരുത്തിയിൽചെന്നുപററിപ്പിടിച്ചു. അതുകഴിഞ്ഞ് അധികം താമസിയാതെ ആ അമ്മ മരിച്ചുംപോയി. അങ്ങിനെ ആരും തുണയില്ലാത്ത കുട്ടനെ അവൻെറ അമ്മാവൻ അയാളുടെ സംബന്ധവീട്ടിൽ കൊണ്ടുനാക്കി. “വല്ല പള്ളിനെ അഴിച്ചുകെട്ടാനെങ്കിലും ഉപകരിക്കും.” അമ്മാവൻ പറഞ്ഞു. “അതേ പീടികയിൽ പറഞ്ഞയക്കാനെങ്കിലും ഉപകരിക്ക്യലൊ.” അമ്മായി സമ്മതിച്ചു.

ആ സംഭവം കഴിഞ്ഞിട്ട് ഇപ്പോൾ അനവധി സംവത്സരങ്ങളായി. കുട്ടൻെറ പ്രയത്നശക്തിയുമായി ബന്ധപ്പെടാത്ത യാതൊന്നുമില്ല ഇന്നാതറവാട്ടിൽ. അവിടെയുള്ള ആ വലിയ വാഴത്തോപ്പും, വളപ്പുമുഴുവൻ നിറഞ്ഞ ഒട്ടമാവുകളും അവൻെറ അദ്ധ്വാനഫലമാണ്. അവിടെയുള്ള മുഴുവൻ ഐശ്വര്യങ്ങളും അവൻെറ അദ്ധ്വാനശക്തിയിൽ നിന്നു ഉടലെടുത്തതാണ്. അവൻ പഠിച്ചില്ലായിരിക്കാം. കാരണം, അവനെ ആരും പഠിപ്പിച്ചില്ല. അവൻ പണം സമ്പാദിച്ചില്ലെങ്കിൽ അതിനുത്തരവാദി അവനല്ല. ഒന്നുകിൽ അവനതിനാശിച്ചില്ല, അല്ലെങ്കിൽ അതിനുള്ള അന്തരീക്ഷമുണ്ടായില്ല.

പക്ഷെ പരമാർത്ഥങ്ങളല്ല സമുദായത്തെ നയിക്കുന്നത്. സത്യവും, സ്നേഹവുമല്ല അവസരസേവകത്വമാണ്. ഈ സമുദായത്തിൻെറ നീതിബോധം. ആത്മാർത്ഥതയും, അനുകമ്പയുമല്ല, കല്ലുവെച്ച കാപട്യമാണ് ഉയർച്ചയുടെ വിജയസോപാനം.

മാധവി മനഃപൂർവ്വം തന്നിൽ നിന്നകന്നുപോകുന്നതായി അവനുതോന്നി. കനിവിൻെറ കനവുകൂടിയില്ലാതെ അവളുടെ അമ്മ പറഞ്ഞു “പിന്നെ! എൻെറ അട്ടക്കളയിലെ അരിക്കാടിവെള്ളം കുടിച്ചു കിടന്നോനല്ല ഞാനെൻെറ തങ്കത്തിനെ കൊടുക്കുന്നു.!” ശരിയാണതു. ഒരു നായർസ്ത്രീക്ക് അവരുടെ മകളാണ് ഏററവും വലിയസ്വത്ത്. മകളുടെ അഴകും ആരോഗ്യവുമാണ് അവരുടെ ജീവിതാധാരം. മകളുടെ സംബന്ധക്കാരൻെറ മടിശ്ശീലയാണ് അവരുടെ പണപ്പെട്ടി.

കുട്ടൻെറ സഹകരണം ഒരു ഉപദ്രവമായും, അവൻെറ സാമീപ്യം അനാവശ്യമായ ഒരു ഭാരമായും അവർക്കുതോന്നി. കുട്ടനും അതു മനസ്സിലാകാതിരുന്നില്ല. അവനും ആവുന്നത്ര ഒഴിഞ്ഞുനിന്നു. ഭക്ഷണം കഴിക്കാൻ പോലും അവനവിടെ ചെല്ലാതായി.

ഒരു ദിവസം, സന്ധ്യയ്ക്ക് മാധവി മേൽകഴുകാൻ പുറപ്പെടുമ്പോൾ കുട്ടൻ കുളക്കടവിനടുത്തുള്ള ഒരു മാവിൻചുവട്ടിൽ മറഞ്ഞുനിന്നിരുന്നു. കുട്ടൻെറ അസാധാരണമായ മുഖത്തെ കരുവാളിപ്പ് മാധവിയെ വല്ലാതെ വേദനിപ്പിച്ചു. ഹൃദയാർദ്രത ഒലിച്ചുവരുന്ന ഒരു കൊച്ചുപുഞ്ചിരിയോടെ അവൾ അവനെ സമീപിച്ചു.

“എന്താണ് ഓപ്പയ്ക്ക് ഇയ്യിടെയായി-?”

കുട്ടൻ മൌനംപൂണ്ടതേയുള്ളു. അവളും അവൻെറ മുഖത്തുതന്നെ നോക്കിനിന്നു.

വളരെ നേരത്തിനുശേഷം ശക്തിയായ ഒരു നെഞ്ചിടിപ്പോടെ കുട്ടൻ സാവധാനം പറഞ്ഞു. “മാധവി ഞാൻ പോകുകയാണ്. എൻെറ സഹവാസം നിങ്ങളുടെ സുഖജീവിതത്തിന് ഒരു തടസ്ഥമാകാതിരിക്കട്ടെ.”

അവളുടെചോരച്ചുണ്ടുകൾ ഒന്നുതുളുമ്പി. അവളറിയാതെ അവളുടെ ശരീരം അയാളുടെ നേരെ നീങ്ങി. പഴുത്ത മധുരനാരങ്ങപോലെയുള്ള അവളുടെ കവിൾത്തടങ്ങൾ അയാളുടെ പിടയ്ക്കുന്ന മാർവ്വിടത്തിൽ ചെന്നമർന്നു. അവളുടെ കൊഴുത്ത കൈത്തണ്ടുകൾ അയാളെ വട്ടംപിടിച്ചു. അതെ, കണ്ണീരും കണ്ണീരും തമ്മിലുള്ള ഒരു കലർച്ച. നെടുവീർപ്പും, നെടുവീർപ്പും തമ്മിലുള്ള ഒരേററുമുട്ടൽ. ഹൃദയവും ഹൃദയവും തമ്മിലുള്ള ഒരു കൂടിക്കാഴ്ച!

അന്നുരാത്രി കുട്ടൻ നാടുവിട്ടു. പല സ്ഥലത്തും ചുററിത്തിരിഞ്ഞ്, തൂത്തുക്കുടി കപ്പലിൽ കയറി കുട്ടൻ കൊളമ്പിലെത്തി.

അധികം പഠിപ്പും, ശുപാർശിക്കത്തുകളുമില്ലാത്ത ഇടത്തരക്കാർക്കൊരു പ്രവർത്തി കിട്ടാൻ കൊളമ്പിനേപ്പോലെ എളുപ്പമായ ഒരിടവുമില്ലായിരുന്നു അന്ന്. ഇന്നുള്ളമട്ടിൽ തൊഴിലില്ലായ്മയും ഇന്ത്യൻവിരോധവും അന്നുണ്ടായിരുന്നില്ല. കൊളമ്പിലെത്തി രണ്ടാഴ്ചക്കകം തന്നെ കുട്ടപ്പൻനായർക്ക് ഉദ്യോഗം കിട്ടി മററുള്ളവരുടെ ഭാഷയിൽ സർവചിലവും കഴിച്ച് നാലുകാശുണ്ടാക്കാൻ കഴിയുന്ന ഒരു “ഗവർമ്മെണ്ട് ശെപ്പ്.” മാസത്തിൽ മുഴുവൻദിവസവും പ്രവർത്തിയെടുത്താൽ മുപ്പതുരൂപാകിട്ടും. സർവ്വചിലവുമെന്നുപറയുമ്പോൾ ഒരു കോപ്പ ചോറും കറിയും മാത്രമാണ് അതുകൊണ്ടുദ്ദേശിക്കുന്നത്.

എത്രകൊല്ലം കൃത്യമായി പ്രവർത്തിയെടുക്കാനും ഇത്തൊരൽ സമ്പാദിക്കാനും കഴിഞ്ഞാലാണ് ഒരു ചെറിയ തുക സമ്പാദിക്കാൻ കഴയുക? ഒരു സുഖക്കേടു പിടിപെട്ടാൽ അതിൻെറ കേടുതീർക്കാൻ പിന്നീടെത്രകാലം സമ്പാദിക്കണം? ഈ വക പരമാർത്ഥങ്ങൾ കുട്ടപ്പൻനായർക്ക് വളരെവേഗം ബോധ്യമായി. വല്ല ഭാഗ്യത്തിലും കിട്ടിയാലേ നാലുകാശു സമ്പാദിക്കാൻ സാധിക്കുകയുള്ളുവെന്ന് അയാൾ നിരാശനായി വിശ്വസിച്ചു.

എന്നും ജോലിവിട്ടു പുറത്തുവരുമ്പോൾ അയാൾ കേൾക്കാറുണ്ട്. “അഡാനെ, അഡാനെ പൂനാറേസ് ബോംബെ റെയിസ്!” ഇതു വിളിച്ചുപറഞ്ഞുകൊണ്ടു ഒട്ടനവധി പത്രവില്പനക്കാർ അങ്ങുമിങ്ങും ഓടിക്കൊണ്ടിരിക്കും. ആയിരക്കണക്കായ ആളുകളുണ്ടായിരിക്കും ഓരോ “പേപ്പർബോയു”ടേയും പുറകെ വിജയത്തിലേക്കുള്ള പാസ്പോർട്ടു പോലെ എല്ലാവരും ഒരു റെയിസ് പുസ്തകത്തിനുവേണ്ടി തിക്കിത്തിരക്കുന്നു!

ഒരിക്കൽ കുട്ടപ്പൻനായരും വിചാരിച്ചു രണ്ടു കുതിരയെ പിടിക്കാൻ. മാധവിയെ തനിക്കു ലഭിക്കുന്നേടത്തോളം യോഗമുണ്ടെങ്കിൽ ഒരു ചെറിയ നറുക്ക് അടിക്കാനെങ്കിലും ഭാഗ്യമുണ്ടാകുമെന്ന് അയാൾ ആത്മാർത്ഥമായി ആശിച്ചു.

സിഗററ് വലിക്കാൻ തുടങ്ങുന്നതും, ഭംഗിക്കൊരു ബോട്ടൽ കുടിക്കുന്നതുംപോലെയൊക്കെത്തന്നെയാണ് പന്തയഭ്രാന്തും. ആദ്യം ഒരു തമാശ; പിന്നെ ഒരു രസം; ഒരാവശ്യം, അത്യന്താപേക്ഷിതം ഇങ്ങിനെയാണതിൻെറ പോക്ക്.

ആദ്യത്തെമാസം കുട്ടപ്പൻനായർ ഒരു “ഒളിംപോട്ടു.” പിന്നെ അത് മാസത്തിൽ രണ്ടായി. അങ്ങിനെ അത് എല്ലാ ശനിയാഴ്ചയുമായി. ആദ്യം കയ്യിലുള്ള കാശുപോയി, പിന്നെ പലതും പണയം വെച്ചു, പലിശക്കു വാങ്ങിച്ചു, കുറിനടത്തി അങ്ങിനെ പലതും പലതും, മാററിക്കളയാൻ മനസ്സുവരാത്ത രസകരമായ ഒരു സുഖക്കേടുപോലെ ആയിരുന്നു കുട്ടപ്പൻനായർക്ക് റേസ്. വട്ടച്ചൊറിപോലെ, ശക്തിയായ കടിയുണ്ടെങ്കിലും മാന്തിക്കൊണ്ടിരിക്കുമ്പോൾ ഒരു രസം! ഓരോ റേയ്സ് എടുക്കുമ്പോഴും അയാൾ മാധ

(ശേഷം നാലാംപേജിൽ)

(രണ്ടാംപേജിൽനിന്നും തുടർച്ച)

മധ്യേ നമ്മുടെ വിട്ട് പ്രത്യക്ഷസമരത്തിലേക്കു അവർ കാലുവെച്ചു.

മതസംബന്ധമായിട്ടുള്ള കാരണങ്ങൾ മാത്രമല്ല ജനങ്ങളെ ഇപ്രകാരം പ്രക്ഷുബ്ധരാക്കിത്തീർത്തതു്. സമത്വസൃഷ്ടിയെന്നും പറഞ്ഞു ഇംഗ്ലീഷുകാർ വരുത്തിവച്ച വ്യത്യാസങ്ങൾ ആർക്കും ഇഷ്ടമായില്ല. എന്തെല്ലാം സമത്വം സൃഷ്ടിച്ചാലും അന്തന്നും വെള്ളക്കാരെ ബാധിക്കുകയി(ല്ല) നിയമാതീതരായി അവർ നിലകൊണ്ടു. ശിക്ഷാസമ്പ്രദായത്തിലെ അഴിമതിയും അക്രമങ്ങളും ഒരുവശത്തു്; കൈക്കൂലിയും ചൂഷണവും മറെറാരുവശത്തു്. ഇവയെല്ലാം സാധാരണജനങ്ങളെ ഞെരിച്ചു ശ്വാസംമുട്ടിച്ചു.

ജനങ്ങൾ പുതിയതും പഴയതും തമ്മിൽ താരതമ്യപ്പെടുത്തിനോക്കിയപ്പോൾ പരിതാപകരങ്ങളായ പരമാർത്ഥങ്ങൾ ഒന്നിനൊന്നു വെളിപ്പെട്ടുതുടങ്ങി. വിപ്ലവകാരികൾ പ്രധാനമായി നാലുകാര്യങ്ങൾ ഏററവുംപ്രിയപ്പെട്ടതായി ആദ്യമേതന്നെ പ്രഖ്യാപിച്ചു. മതം, ആത്മാഭിമാനം, ജീവിതം, ധനം ഇവയായിരുന്നു ആ നാലുകൂട്ടം കാര്യങ്ങൾ. ബ്രിട്ടീഷുകാർ ഇതിലെല്ലാം കൈകടത്തിയിരുന്നതിനാൽ അവർ പൊതുജനശത്രുക്കളായിത്തീർന്നു. അവർ ആയുധം ധരിച്ചു സംഘടിച്ചു. വിവിധരീതിയിൽ ഒലിച്ചിറങ്ങിക്കൊണ്ടിരുന്ന രാജ്യസ്നേഹപരമായ പ്രവർത്തികളെല്ലാം ഒരു കേന്ദ്രത്തിലേക്ക് ചാലുവെച്ചുവിടുന്നതിനു് ശരിയായ നേതൃത്വമേ അവർക്കു വേണ്ടിയിരുന്നുള്ളു. വിപ്ലവത്തോടുകൂടി അതും സാധിച്ചു. അടയാളം നൽകിയപ്പോൾ ഒരു മഹാരാജ്യത്തിലെ ജനങ്ങൾ ആയുധം ഉയർത്തി. അങ്ങിനെ ൧൮൫൭-ലെ മഹാവിപ്ലവം പൊട്ടിപ്പുറപ്പെട്ടു. ഇംഗ്ലീഷുകാരുടെ ദൃഷ്ടിയിൽ അതു് ഒരു പട്ടാളലഹളയായിമാത്രം തോന്നിയെങ്കിലും ഭാരതീയർക്കു് അവരുടെ നഷ്ടപ്പെട്ട സ്വാതന്ത്ര്യം വീണ്ടെടുക്കുവാനുള്ള ഒരു വിശുദ്ധസമരമായിരുന്നു. (തുടരും)

(മൂന്നാംപേജിൽനിന്നും തുടർച്ച)

വിജയക്കൊള്ളുവർക്കും. അവളോടുകൂടിയുള്ള ഒരു കുടുംബജീവിതം സ്വപ്നംകാണും. ഇക്കുറി നിശ്ചയമായും താൻ ജയിക്കുമെന്നു അയാൾ വിശ്വസിക്കും.

അങ്ങിനെ ആഴ്ചകൾ, മാസങ്ങൾ, കൊല്ലങ്ങൾ അനവധി കഴിഞ്ഞു. ഓരോ കുതിരയുടേയും ജീവചരിത്രം കുട്ടപ്പൻനായക്കു മനഃപാഠമായി. ലോകത്തിലുള്ള മുഴുവൻ പന്തയങ്ങളുടേയും സ്ഥലവും സമയവും കുറിച്ചുവെച്ച ഒരു ശതാബ്ദികലണ്ടറായി അയാളുടെ ഹൃദയം.

മാധവി ഇന്നും അവിവാഹിതയാണ്. വല്ലപ്പോഴും, കൊല്ലത്തിലൊരെഴുത്തുമാത്രമയയ്ക്കുന്ന തന്റെ കുട്ടേട്ടപ്പയ്ക്കുവേണ്ടി അവൾ ക്ഷമാപൂർവം കാത്തിരിക്കുകയാണ്.

അന്നാണിയുന്ന സുപ്രസിദ്ധമായ ആ കൊമേഴ്സ്യൽ റേസ്. അതിന്റെ വലിയ പരസ്യങ്ങൾ വളരെമുമ്പേ പുറത്തുവന്നിരുന്നു. തനിക്കു പിടിക്കേണ്ട കുതിരകളുടെ പേരു അയാൾ ആദ്യമേതന്നെ മനസ്സിൽ കുറിച്ചുവെച്ചിരുന്നു. പക്ഷേ, അപ്രതീക്ഷിതമായി അയാൾക്ക് ടൈഫോയ്ഡ് പിടിപെട്ടു, ആസ്പത്രിയിലായിപ്പോയി. റേസിന്റെ തലേദിവസംമാത്രമേ വീട്ടിലെത്തിയുള്ളു. അന്നു രാത്രി മുഴുവൻ അയാൾ ഉറക്കമൊഴിച്ചിരുന്നാലോചിച്ചു. അതു അയാളുടെ അവസാനത്തെ റെയിസാണിരിക്കണമെന്ന് അയാൾ കാലേക്കൂട്ടി തീരുമാനിച്ചിട്ടുണ്ടായിരുന്നു.

ലില്ലി, കുട്ടപ്പൻനായരുടെ ഹൃദയത്തെ ഏറ്റവും ആകർഷിച്ച കുതിരയാണ്. 'ജോക്കി' ചതിച്ചില്ലെങ്കിൽ ലില്ലി തനിക്കു ഒന്നാംസമ്മാനം പിടിച്ചുകൊടുക്കുമെന്നു കുട്ടപ്പൻനായക്കുറപ്പുണ്ട്. പക്ഷേ, കയ്യിലൊറ്റക്കാശില്ല. അവിടെയുള്ളവർക്കെല്ലാം അയാൾ കടപ്പെട്ടിട്ടുണ്ട്. കുറേനാളായി താമസിക്കുന്ന വീട്ടിൽനിന്ന് അയാൾക്ക് ഊണില്ല. മിക്ക ദിവസവും 'പ്ലെയിൻ ടീ' കുടിച്ചാണ് അയാൾ ജീവിക്കുന്നത്.

അയാൾ ആശവിടാതെ പലരോടും നടന്നു കുറച്ചുകൂടി പൈസ കടംചോദിച്ചു. എന്നാൽ ആരും അയാളിൽ അലിഞ്ഞില്ല. അവസാനം നിരാശനായി വീട്ടിൽതന്നെ മടങ്ങിവന്നു. ടിക്കെറ്റെടുക്കേണ്ട അവസാനനിമിഷം അടുത്തുകഴിഞ്ഞിരുന്നു. കുട്ടപ്പൻനായരുടെ കണ്ണു നിറഞ്ഞു.

പെട്ടെന്നു അയാൾക്കു പുതിയൊരു യുക്തിതോന്നി. പലപ്പോഴും അയാളതു ഉപയോഗപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അന്നൊന്നും അതെടുക്കാൻ മനസ്സുവന്നില്ല. ഇന്നു അതല്ലാതെ മറ്റൊരുവഴിയുമില്ല. കുട്ടപ്പൻനായർ പെട്ടിതുറന്നു, അതിന്റെ അടിയിൽനിന്നൊരു കടലാസ്സുപൊതിയെടുത്തു. അതു 'എം' എന്നൊരു ഇംഗ്ലീഷക്ഷരമുള്ള ഒരു ചെറിയ സ്വർണ്ണമോതിരമായിരുന്നു. മാധവിയുടെ മധുരസ്മരണയ്ക്കുവേണ്ടി അയാൾ ഭദ്രമായി സൂക്ഷിക്കുന്നതാണതു്.

അയാൾ മോതിരമെടുത്തു് അല്പനിമിഷം അതിനെത്തന്നെ തുറിച്ചുനോക്കി, ആരുംകാണാതെ അതിനെ ഒന്നു മെല്ലെ ചുംബിച്ചു. പിന്നെ സർവ്വവും മറന്നു് ഒരു പാച്ചൽ കൊടുത്തു.

വഴിക്കുവെച്ചു തനിക്കു പരിചയമുള്ള ഒരു കമ്പിശിപായി അയാൾക്കൊരു കടലാസ്സു കൊടുത്തു. അതൊന്നു നിവർത്തിപ്പിടിച്ചതല്ലാതെ, വായിച്ചുനോക്കാൻ അയാൾക്കു ക്ഷമയുണ്ടായിരുന്നില്ല.

ഒടുക്കത്തെ വിസിലൂതാറായി. പന്തയമൈതാനത്തിൽ നിറഞ്ഞുനിന്നിരുന്ന ലക്ഷക്കണക്കായ ജനക്കൂട്ടം ഒന്നിച്ചു ശ്വാസമടക്കി.

വിസൽ! കുതിരകൾ ഒന്നിച്ചുപാഞ്ഞു. അഞ്ചുമിനിട്ടു, ഒരു ഞൊടിയിടപോലെ കഴിഞ്ഞു.

'ലില്ലി ലില്ലി' കുട്ടപ്പൻനായർ മതിമറന്നു് ആർത്തുവിളിച്ചു. ലില്ലി അതാ, മറ്റെല്ലാകുതിരകളേയും പരാജയപ്പെടുത്തി അതിന്റെ ലക്ഷ്യത്തിലെത്തുന്നു. പതിനായിരം ഉറുപ്പികയുടെ ഒരു വലിയ പച്ചനോട്ടു് കുട്ടപ്പൻനായരുടെ മുന്നിൽ ഒരു തിരശ്ശീലപോലെ നിവർന്നുവീണു.

'അയ്യോ!' പെട്ടെന്നൊരാർത്തനാദം. ലില്ലി കാൽതെറ്റി നിലത്തു മുക്കുകുത്തി. കമ്പിവേലിയും പിടിച്ചു വായുംപിളർത്തി നിന്നിരുന്ന കുട്ടപ്പൻനായർ അങ്ങിനെതന്നെ തരിച്ചുനിന്നു.

എല്ലാവരും പിരിഞ്ഞുപോയി. എന്നാൽ ആ ശരീരം പിന്നെ അനങ്ങിയില്ല, ആ ഹൃദയം പിന്നെയിടിച്ചതുമില്ല. ഒരു വരണ്ട കടലാസ്കഷണംമാത്രം ആ തണുത്ത കയ്യിൽ മുറുകെ പറ്റിപ്പിടിച്ചിരുന്നു. 'മാധവി മരണശയ്യയിൽ. അവൾക്കൊന്നുകാണാൻ ഉടനെ പുറപ്പെടുക.'

—o—

# ഗാലപ്പ് പോൾ

## പി. ദാമോദരൻപിള്ള

"ഐക്യകേരള"ത്തെപ്പറ്റി ഒരു ഗാലപ്പ്പോൾ എടുക്കാൻ ചിലർ ശ്രമിക്കുന്നതായി കാണുന്നു. ഇതിന് അവർ പറയുന്നന്യായം അമേരിക്കയിലും മറ്റും ഗാലപ്പ്പോൾ എടുക്കാറുണ്ടെന്നാണ്. അമേരിക്കയിൽ ഗാലപ്പ്പോൾ എടുക്കുന്നതു് അവിടത്തെ ജനങ്ങൾക്ക് എല്ലാവശങ്ങളും അറിയാവുന്ന പ്രശ്നങ്ങളെപ്പറ്റിയായിരിക്കും. ലക്ഷക്കണക്കിന് പത്രവായനക്കാർ ഉള്ള പാശ്ചാത്യരാജ്യങ്ങളും അറുപതുലക്ഷത്തിൽ രണ്ടുലക്ഷംപോലും പത്രംവായിക്കാത്ത തിരുവിതാംകൂറിനെപ്പോലുള്ള ഘടകങ്ങൾ അടങ്ങിയ കേരളവും തമ്മിൽ യാതൊരുസാമ്യവും ഇല്ല. അല്പംപത്രവായനക്കാർ മാത്രം അഭിപ്രായം രേഖപ്പെടുത്തിയാൽ മതിയെങ്കിൽ അതുകൂടാതെ കഴിക്കുകയാണ് ഭേദമെന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ തൽക്കാലത്തെ ചില അരിശങ്ങളും, വികാരമൂർച്ഛകളും മൂലം ആളുകൾക്ക് ഒന്നിനെപ്പറ്റിയും ശാന്തമായി ആലോചിക്കാൻ സാധിക്കാത്ത ഒരുഘട്ടമാണിതു്. ഐക്യകേരളത്തിന്റെ കഥതന്നെ ഇതിന്നു ഉദാഹരണമാകുന്നു. വാസ്തവംപറഞ്ഞാൽ, മെ. സി. പി. കരുണാകരമേനോൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, പട്ടംതാണുപിള്ള എന്നവർ ഒരു കേരളാസബ് ഫെഡറേഷനുവേണ്ടിയാണ് വാദിച്ചിട്ടുള്ളതു്. മി. ഇ. പ്പള്ളിനാരായണപിള്ള, ഐക്യകേരളം ഉടനടി ആലോചിക്കാനുള്ള ഒരു പ്രശ്നമേയല്ല എന്നു് പ്രസംഗിച്ചതായി റിപ്പോർട്ടുണ്ടായിരുന്നു. അദ്ദേഹത്തിന് ഇങ്ങനെ പ്രസംഗിക്കാൻ മതിയായ കാരണമുണ്ടെന്ന് അല്പം ചിന്തിച്ചാൽ അറിയാവുന്നതുമാണ്. കൊച്ചിമഹാരാജാവ് തിരുമനസ്സുകൊണ്ട് ഇടതടവില്ലാത്ത ഒരൊറ്റ കേരളാ പ്രാവിൻസാണ് ആവശ്യപ്പെട്ടതെന്നു തോന്നുന്നില്ല. എന്തെന്നാൽ അദ്ദേഹം സ്വന്തം രാജവംശത്തിന്റെ അവകാശം വച്ചൊഴിയാൻ തയാറില്ലെന്നാണു ഒരവസരത്തിൽ പ്രസ്താവിച്ചതെന്നു പലരും ഓർക്കുന്നുണ്ടായിരിക്കും. ഇവരിലാരും ഒറ്റപ്രാവിൻസ് വേണ്ടന്നിരിക്കെ തൃശ്ശൂർ ഐക്യകേരളസമ്മേളനത്തിലെ ആയിരത്തിൽപരം "പ്രതിനിധികൾ" ഒറ്റ പ്രാവിൻസിനുവേണ്ടിയുള്ള പ്രമേയം "ഐകകണ്ഠ്യേന" പാസാക്കിയതു് കാര്യത്തിന്റെ ഗൌരവത്തെപ്പറ്റി അത്രവളരെ ചിന്തിച്ചിട്ടാണെന്നു വിചാരിക്കാൻവയ്യ. ഗാലപ്പ്പോൾ ഒരുപക്ഷേ ഒറ്റപ്രാവിൻസിനുവേണ്ടിത്തന്നെ ഐകകണ്ഠ്യേന വോട്ടു രേഖപ്പെടുത്തിയേക്കാം. അങ്ങനെയാണെങ്കിൽത്തന്നെയും അതു അർത്ഥവത്തായിരിക്കുമെന്നു കരുതിക്കൂടാത്തതാകുന്നു.

പരസ്യത്തിൽ ചോദിച്ചിരിക്കുന്ന ഒരു ചോദ്യം സമത്വവും, സ്വാതന്ത്ര്യവും നൽകുന്ന ഒരുകേരളംവേണോ എന്നാണ്. ഇങ്ങനെ ചോദിച്ചാൽ അതിനു "വേണം" എന്നല്ലാതെ മറുപടി കിട്ടുകയില്ല. നേരേമറിച്ചു്, കേരളം ഒറ്റ പ്രാവിൻസായാൽ തിരുവിതാംകൂറിന്റെ വിഭവശക്തികളും ധനവും എല്ലാതരത്തിലും പിന്നാക്കം നില്ക്കുന്ന മലബാറിന്റെ അഭ്യുന്നതിയ്ക്കുവേണ്ടി ചെലവഴിയ്ക്കുന്നതു ഇഷ്ടമാണോ, മലബാർ മദ്രാസ് പ്രാവിൻസിന്റെ പിടിയിൽനിന്നു സ്വതന്ത്രമാകയും, വിദ്യാഭ്യാസപരമായും, സാമ്പത്തികപരമായും, വ്യവസായപരമായും മറ്റും തിരുവിതാംകൂറിനോടൊപ്പമെത്തുകയും ചെയ്തതിനുശേഷം ഒറ്റ പ്രാവിൻസ് സൃഷ്ടിച്ചാൽ മതിയോ, അതോ ഇപ്പോൾതന്നെ ഒറ്റപ്രാവിൻസ് സൃഷ്ടിച്ചതിനുശേഷം മലബാറിനുവേണ്ടി തിരുവിതാംകൂർ പണം ചെലവാക്കണമോ, എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഓരോ തിരുവിതാംകൂർസ്വദേശിയോടും ചോദിച്ചുനോക്കുക, ചുരുക്കത്തിൽ പരസ്യത്തിൽ കണ്ട ഗാലപ്പ്പോളിനുപകരം, ആദ്യമായി വേണ്ടതു് കേരളത്തെ ഒറ്റപ്രാവിൻസാക്കുന്നതുകൊണ്ട് ഓരോഘടകത്തിനും ഉണ്ടാകാവുന്ന ലാഭനഷ്ടങ്ങളെയും, ഗുണദോഷങ്ങളെയുംപറ്റി ആളുകളുടെയിടയിൽ ഒരു കൊടുംപ്രചാരവേല ചെയ്കയാണ്. എന്തെന്നാൽ, മറ്റു ഘടകങ്ങൾക്കുവേണ്ടി ഏതെങ്കിലും ഒരു ഘടകം ഒട്ടേറെ നഷ്ടം സഹിക്കാൻ സന്നദ്ധമാണെങ്കിൽ, അറിയാതെയല്ല, അറിഞ്ഞുകൊണ്ടുതന്നെയാണു ആ ഘടകം ആ സന്നദ്ധത പ്രകടിപ്പിക്കേണ്ടതു്.

ഗാലപ്പ്പോൾ പരസ്യം സമത്വത്തെയും, സ്വാതന്ത്ര്യത്തെയുംപറ്റി പറയുമ്പോൾ നഷ്ടങ്ങളുടെ കാര്യം സ്മരിക്കുന്നില്ല. എന്നല്ല പ്രായോഗികതയും മാനുകളയുന്നു. മ: കേളപ്പന്റെ ഐക്യകേരളസമ്മേളനപ്രസംഗത്തിൽ ഒതെക്കെ കാനറാ, കുടക്, നീലഗിരി മുതലായ സ്ഥലങ്ങൾകൂടി കേരളത്തിൽ ചേരണമെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ പ്രദേശങ്ങളുടെ കാര്യം അവിടത്തെ ജനങ്ങൾതന്നെ തീരുമാനിക്കാൻ അനുവദിക്കുന്നതാണു നന്നെന്നു് ഇന്ത്യൻ എക്സ്പ്രസ് ഇതിനു സൗമ്യമായഭാഷയിലെങ്കിലും ദൃഢസ്വരത്തിൽ മറുപടി നൽകിക്കഴിഞ്ഞു. പക്ഷേ, മി: കേളപ്പൻ കരുതിക്കൂട്ടിയാണു് ആ അവകാശവാദം കൊണ്ടുവന്നതെന്നു തിരുവിതാംകൂറുകാർക്കു തോന്നുന്നെങ്കിൽ അതിൽ അത്ഭുതമൊന്നുമില്ല. എന്തെന്നാൽ ഒരു ഏകീകൃതകേരളത്തിൽ ജനസംഖ്യ, വിസ്തൃതി, മുതലെടുപ്പ്, മുതലായ അനേകം സംഗതികൾമൂലം തിരുവിതാംകൂറിനു് പ്രാബല്യം സിദ്ധിക്കാനിടയുണ്ട്. മലബാറുകാർക്കറിയാം. ആ പ്രാബല്യത്തെ തട്ടിക്കഴിക്കാൻ നീലഗിരി കുടക്, തെക്കേകാനറാ മുതലായ പ്രദേശങ്ങൾ മലബാറിന്റെ പക്ഷത്തിൽ ചേരേണ്ടതാണെന്നു് മി. കേളപ്പൻ തോന്നിയിരിക്കണം. പക്ഷേ അതിന്റെ യുക്തിയുക്തമായ മറ്റൊരു ഭവിഷ്യത്തു് തിരുവിതാംകൂറിന്റെ സംഭാവ്യമായ പ്രാബല്യം തട്ടിക്കഴിക്കപ്പെടുന്നതിനു പുറമേ, നാഞ്ചിനാടു് നഷ്ടപ്പെടുകയെന്നുള്ളതാണെന്നു വരാം. അങ്ങനെവന്നാൽ, കന്യാകുമാരി മുതലായ പുണ്യതീർത്ഥങ്ങളും തിരുവിതാംകൂറിന്റെ ചക്കര, ഉപ്പ്, ധാതുമണൽ മുതലായവയും, ചില തുറമുഖങ്ങളും കൈവിടേണ്ടിവരുന്നതാണ്. ഭാവിയിൽ കന്യാകുമാരിക്കുണ്ടാകാവുന്ന അമിതപ്രാധാന്യം വിസ്തരിക്കാവുന്നതല്ല. പക്ഷേ ഗാലപ്പ്പോൾപരസ്യത്തിലെ ചോദ്യങ്ങളിലൊന്നിലും ഈവക കാര്യങ്ങളെക്കുറിച്ചു് ഒന്നും പറയുന്നില്ല; പറയാൻ സാധിക്കയുമല്ല. ആളുകളെ, വിശേഷിച്ചു് തിരുവിതാംകൂറുകാരെ വഴിതെറ്റിക്കാനുള്ള ചോദ്യങ്ങളാണ് അവയെന്നു് പറയേണ്ടിയിരിക്കുന്നു.

ഒരു സബ്ഫെഡറേഷൻ വേണോ എന്നൊരുചോദ്യംകൂടിപരസ്യത്തിലുണ്ടെന്നും അതു് ഉണ്ടായാൽ മേൽപ്പറഞ്ഞ ദോഷങ്ങൾ തിരുവിതാംകൂറിന് സംഭവിക്കുന്നതല്ലെന്നും ഇവിടെ ഒരു സമാധാനം പറയാവുന്നതാണ്. എന്നാൽ ഒന്നാമതു് സബ്ഫെഡറേഷൻ എന്താണെന്നു ആരും ആളുകളെ പറഞ്ഞുമനസ്സിലാക്കിയിട്ടില്ല. അത്രമാത്രവുമല്ല, ഒറ്റ പ്രാവിൻസിനുവേണ്ടി വോട്ടുചെയ്യാൻ ഐകകണ്ഠ്യേന ആളുകളങ്ങു നിശ്ചയിക്കാൻ തയാറാണെങ്കിൽ, സബ് ഫെഡറേഷനെപ്പറ്റിയുള്ള ചോദ്യം പരസ്യത്തിൽ ശേഷിക്കുന്നതുകൊണ്ടെന്താണൊരുവിശേഷം?

ഈവക പലപല കാരണങ്ങളാൽ ഇപ്പോൾ ജനങ്ങളുടെ അഭിപ്രായമറിയാൻ ഗാലപ്പ്പോൾ എടുക്കുകയല്ലേ വേണ്ടതു്. മുകളിൽ സൂചിപ്പിച്ചതുപോലെ ഐക്യകേരള പ്രശ്നത്തിന്റെ സകലവശങ്ങളെയും, അതിന്റെ പ്രായോഗികവൈഷമ്യങ്ങളെയും, അതിനുമുമ്പ് ഉണ്ടാക്കേണ്ട മറ്റു അടിസ്ഥാനപരിഷ്കാരങ്ങളെയും (ക്ഷേത്രപ്രവേശനം, ഉത്തരവാദഭരണം മുതലായവ) മറ്റുംപറ്റി എല്ലാജനങ്ങൾക്കും മതിയായ അറിവുണ്ടാകുന്നതിനുള്ള ഒരു മഹാപ്രചാരവേല നടത്തുകയാണാവശ്യം. അതിനുശേഷം ഒരു ജനഹിതപരിശോധന നടത്തിയാൽ അതിന്റെ ഫലം ന്യായമായിരിക്കുമെന്ന് പറയാം. തിരുവിതാംകൂറിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ന്നാ-ലക്ഷം ജനങ്ങളുടെ ഭാവിയേയും, അവരുടെ അനന്തരപരമ്പരകളെയും സംബന്ധിക്കുന്ന ഒരു കാര്യമാണ് ഐക്യകേരളം. അതിനെപ്പറ്റി, അറിയാതെ അപകടത്തിൽ ചാടുന്നതിനുപകരം അവർ അറിഞ്ഞുകൊണ്ടു് ഏതെങ്കിലും നിശ്ചയം ചെയ്യട്ടെയെന്നു് കരുതുന്നതു് ധർമ്മം മാത്രമായിരിക്കും. അങ്ങനെയല്ലെങ്കിൽ, ഒരടിശംകൊണ്ട് കിണറ്റിൽ ചാടിയാൽപിന്നെ ഏഴരിശംകൊണ്ട് അതിൽനിന്നു കയറാൻ സാധിച്ചില്ലെന്നു വരാവുന്നതാണ്.

o

# GENERAL KNOWLEDGE QUIZ

(Answers on page 10)

1. Which is the oldest "public school" in England?
   a) Winchester; 2) Eton; c) Harrow.
2. Who is the author of "The Old Wives' Tale"?
   a) Emily Bronte; b) Henry Fielding; c) Arnold Bennett.
3. Which town in Britain is known as the "Gateway to Lancashire"?
   a) Liverpool; b) Warrington; c) Blackpool.
4. Which King of England banned the playing of football on the grounds that it interfered with the proper practice of archery?
   a) William the Conqueror; b) Charles II; c) Henry VIII.
5. Who is recognised as the founder of antiseptic surgery?
   a) Lord Lister; b) Louis Pasteur; c) Edward Jenner.
6. What is "Kinkajou"?
   a) A river in Brazil; b) A West African tribe; c) mammal.
7. Caliban is a character in Shakesper's —
   a) The Tempest; b) Much Ado About Nothing; c) As You Like It.

Ask for Indian,
Seek for Indian,
Buy Indian & Be Indian,

**BEN-HUR**

**Stationery Products:—**

Envelopes, Writing Pads, Note Papers & Files etc. etc.

Sole Distributor & Stockist:

M. J. Fernandez,
"Jasmin-Home"
Tuticorin.

ഇൻഡ്യയിൽ നിന്നു നാന്നൂറ നാഴിക ദൂരത്തുള്ള ഒരു പരിശുദ്ധ സ്ഥലത്തു്, അനശ്വരനായ ഒരു രക്തസാക്ഷിയുടെ ശവകുടീരം ഈ അടുത്ത കാലത്തു് നിർമ്മിതമായിട്ടുണ്ടു്. സങ്കടപ്പെടുന്നവരുടെ സംരക്ഷണത്തിനുവേണ്ടി അശ്രാന്തം പരിശ്രമിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ വീരഗതി പ്രാപിച്ച ഭാരതപുത്രനായ ഡാ: കൊട്നീസിന്റെ അന്ത്യവിശ്രമരംഗത്തിലാണു് അതു് നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. അശോകചക്രവർത്തിയുടെ പുത്രനായ മഹേന്ദ്രനു തുല്യം ഡാ: കൊട്നീസ് ഭാരതീയ ത്രിവർണ്ണപതാകയെ ചൈനയുടെ മസ്തകത്തിൽ പറപ്പിച്ചു.

കിരാതന്മാരായ ജപ്പാൻകാരുടെ ആക്രമണക്കൊടുങ്കാററു പത്തുകൊല്ലങ്ങൾക്കു മുൻപാണു് ഉത്തര ചൈനയിൽ വ്യാപിച്ചതു്. ആ അവസരത്തിൽ ഇന്ത്യൻ ദേശീയ നേതാക്കന്മാരുടെ ആഹ്വാനത്തെ ആദരിച്ചു, യുവാവായ കൊട്നീസ് തന്റെ സേവനം ചൈനാക്കാർക്കു സമർപ്പിക്കുവാൻ സന്നദ്ധനായി. ദുരന്തദുരിതങ്ങൾക്കും, അനന്തയാതനകൾക്കും വിധേയരായിത്തീർന്ന ചൈനാക്കാരുടെ സഹായാർത്ഥം, ഒരു വൈദ്യസംഘം ഇന്ത്യയിൽനിന്നും ചൈനയിൽ എത്തിച്ചേർന്നു. ആ സംഘത്തിൽ കൊട്നീസ്, ബസു, ചോൽക്കർ, മുഖർജി, അടൽ എന്നിവരും മററു നാലു പേരും ഉൾപ്പെട്ടിരുന്നു. അവരിൽ ഡാ: കൊട്നീസ് അസാധാരണ പരിതഃസ്ഥിതികളിൽ അവിടെ വച്ചു പ്രകടമാക്കിയ ത്യാഗം പ്രത്യേകം പ്രശംസാർഹമാകുന്നു.

### അസാധാരണമായ ത്യാഗം

കൊൽഹാപ്പൂരിലെ ഒരു മധ്യവർഗ്ഗകുടുംബത്തിലാണു് കൊട്നീസ് ജനിച്ചതു്. അദ്ദേഹത്തിന്റെ പിതാവു് സമ്പന്നനല്ലായിരുന്നു. വളരെ പണം കടം വാങ്ങി അദ്ദേഹം പുത്രനെ വിദ്യാഭ്യാസം ചെയ്യിച്ചു. പുത്രനാകട്ടെ, തന്റെ വൃദ്ധപിതാവിനു തന്റെ സഹായം ആവശ്യമായിത്തീർന്ന ഘട്ടത്തിൽ ലോകസേവനമാർഗ്ഗം അവലംബിച്ചു നാടുവിടുകയാണുണ്ടായതു്. ആ വൃദ്ധപിതാവിന്റെ മഹത്തായ മനഃസ്ഥിതി അടിയിൽ എഴുതുന്ന വാക്കുകളിൽ നമുക്കു് സുസ്പഷ്ടം ദർശിക്കാവുന്നതാണു്. അദ്ദേഹം മന്ദഹാസത്തോടുകൂടി ഇപ്രകാരം പറഞ്ഞു:– "മകനേ! നിന്റെ സ്ഥാനത്തു് ഞാനായിരുന്നെങ്കിൽ ഇന്നു ഞാനും ഇങ്ങിനെതന്നെ പ്രവർത്തിക്കുമായിരുന്നു." ആ പിതാവിന്റെ കണ്ണുകളിൽനിന്നും രണ്ടശ്രുബിന്ദുക്കൾ അടർന്നു നിലത്തു പതിച്ചു. ദാരിദ്രത്തോടും, കഷ്ടപ്പാടുകളോടും മല്ലടിച്ചു് അവശനായിത്തീർന്ന അദ്ദേഹം അവസാനം ആത്മഹത്യ ചെയ്തെന്നുള്ളതു പരമാർത്ഥമാണു്. എന്നാൽ, തന്റെ സഹായത്തിനായി പുത്രനെ തിരിച്ചു വിളിക്കുവാൻ അദ്ദേഹം ഒരിക്കലെങ്കിലും ആവശ്യപ്പെടുകയുണ്ടായില്ല.

ഇപ്രകാരമുള്ള ഹൃദയത്തോടുകൂടിയ ആ പിതാവിന്റെ വത്സലപുത്രനായ കൊട്നീസും, ഒട്ടും കുറഞ്ഞ ആളല്ലായിരുന്നു. അച്ഛന്റെ മരണവൃത്താന്തം അറിഞ്ഞപ്പോൾ കൊട്നീസിന്റെ സ്നേഹിതന്മാർ നാട്ടിലേയ്ക്കു മടങ്ങിപ്പോകുവാൻ അദ്ദേഹത്തെ നിർബന്ധിച്ചു. കൊട്നീസ് അപ്രകാരം ചെയ്കയുണ്ടായില്ല. ആ സംഘത്തിന്റെ യാത്രാവസരത്തിൽ

ജീവചരിത്രം

# ഭാരതത്തിന്റെ വീരപുത്രൻ ഡാക്ടർ കൊട്നീസ്

പത്മകുമാർ, ഇടപ്പള്ളി

ശ്രീമതി, സരോജനിനായിഡു അതിലെ അംഗങ്ങളോടു ഇപ്രകാരം പറഞ്ഞിട്ടുണ്ടായിരുന്നു. "ആപൽക്കരമായ ഒരു ഉത്തരവാദിത്വമാണു് നിങ്ങൾ വഹിക്കുന്നതു്. ചൈനയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നിങ്ങളുടെ ജീവനെക്കൂടി ബലികഴിക്കേണ്ടിവന്നേക്കാം. അങ്ങിനെ സംഭവിക്കുന്നപക്ഷം നിങ്ങളുടെ മരണം നമ്മുടെ വിജയമായിരിക്കും."

### കൊട്നിസിന്റെ ധൈര്യം

ഉപര്യുക്തമായ വാക്കുകളിൽ ഉൾക്കൊള്ളുന്ന മഹത്തായ ഉത്തരവാദിത്വത്തെ, ഡാക്ടർ തന്റെ ജീവിതവുമായി ഘടിപ്പിച്ചു. ആ വൈദ്യസംഘത്തിനു എല്ലായ്പോഴും മൃത്യുമുഖത്തിൽതന്നെയാണു് പ്രവർത്തിക്കേണ്ടിവന്നതു്. ചൈനാക്കാർക്കു ടാങ്കോ, വിമാനമോ ഒന്നും ഇല്ലായിരുന്നു. രാജ്യത്തിലുള്ളവർ മുഴുവനും തന്നെ ഒളിപ്പോരിൽ ആമഗ്നരായിരുന്നു. ഒളിപ്പോരു സൈന്യത്തിന്റെ ചെറിയ, ചെറിയ സംഘങ്ങൾ രാജ്യത്തിലെല്ലായിടത്തും ഉണ്ടായിരുന്നു. അവർ താമസിച്ചിരുന്നതു് കാടുകളിലും ഗുഹകളിലും, മണ്ണുകൊണ്ടുണ്ടാക്കി വൈക്കോൽ മേഞ്ഞ കുടിലുകളിലും മററുമാണു. ഈ സേനാസംഘങ്ങളെ ആക്രമിച്ചു് അവരുടെ സകല പ്രയത്നങ്ങളെയും ഛിന്നഭിന്നമാക്കിത്തീർക്കുന്നതും, ശത്രുക്കളുടെ പതിവായിത്തീർന്നിരുന്നു. ഒരു സേനാസംഘത്തിലെ പ്രധാന ഡാക്ടരായിരുന്നു കൊട്നീസ്. ശത്രുക്കൾക്കു് പിടികൊടുക്കാതെ പല പ്രാവശ്യവും അദ്ദേഹം അത്ഭുതകരമായ രീതിയിൽ രക്ഷപ്രാപിക്കയുണ്ടായിട്ടുണ്ടു്.

യുദ്ധരംഗത്തിൽ വച്ചു് അദ്ദേഹത്തിന്റെ അപാരമായ വൈദ്യശാസ്ത്രജ്ഞാനം പ്രസ്പഷ്ടമായി. സാധാരണകാലങ്ങളിൽ, തീരെ അപര്യാപ്തമായ ആയുധങ്ങൾ ഉപയോഗിച്ചു്, യുദ്ധക്ഷേത്രത്തിൽ വച്ചു് അദ്ദേഹം ശസ്ത്രക്രിയ നടത്തി വന്നിരുന്നു. അവശ്യംആവശ്യമായ നവീനോപകരണങ്ങളുടെ അഭാവത്തിൽ അദ്ദേഹം അശേഷം ചഞ്ചലനായിത്തീർന്നില്ല. മരംകൊണ്ടുള്ള ആയുധങ്ങളും കത്രികയും ഉപയോഗിച്ചു് പല ശസ്ത്രക്രിയകളും വിജയപൂർവ്വം അദ്ദേഹം നിർവ്വഹിക്കയുണ്ടായി. അക്ഷീണപരിശ്രമംകൊണ്ടും, സ്ഥിരമായ ഉത്സാഹംകൊണ്ടും അനവധി രോഗങ്ങൾക്കുള്ള ചികിത്സയും, ഔഷധങ്ങളും ആവിഷ്കരിക്കുവാൻ അദ്ദേഹത്തിനു സാധ്യമായി. അദ്ദേഹമുൾപ്പെട്ട സംഘം ചൈനയിൽ പതിനായിരം നാഴികയോളം സഞ്ചരിച്ചിട്ടുണ്ടു്. അൻപതിനായിരം ആളുകളുടെ ജീവനെ രക്ഷിക്കുവാൻ അദ്ദേഹത്തിനൊരാൾക്കുതന്നെ സാധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ആശ്ചര്യമായി തോന്നാമെങ്കിലും, പരമാർത്ഥമാകുന്നു.

### ചൈനയുടെ സ്വന്തം

ഡാക്ടർ കൊട്നിസ് ചൈനയിലെ സാമുദായികജീവിതത്തിലും പ്രവേശിക്കുകയും, അവിടെയും സ്ഥാനം നേടുകയും ചെയ്തു. ചൈനീസ് ഭാഷ അദ്ദേഹം അഭ്യസിച്ചു. ഒരു മെഡിക്കൽ കാളേജിലെ പ്രധാനാധ്യാപകനായി അദ്ദേഹം ചൈനയിൽ നിയമിക്കപ്പെട്ടു. ചൈനയിലെ ഒരു വീരപുത്രിയായ ചിംഗലാൻ എന്ന യുവതിയെ ആ കാളേജിൽ വച്ചാണു് അദ്ദേഹം കണ്ടതെന്നു പറയപ്പെടുന്നു. ഇക്കാര്യത്തെപ്പററി വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ടു്. കൊട്നീസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന സംഘത്തിന്റെകൂടെ ചിംഗലാനും ഉണ്ടായിരുന്നെന്നു ചിലർ പറയുന്നു. ഏതായാലും, അവർ തമ്മിൽ പ്രണയമാവുകയും, ഒടുവിൽ വിവാഹബദ്ധരായിത്തീരുകയുംചെയ്തു.

ചിംഗലാനും, കൊട്നീസും തമ്മിലുണ്ടായ വിവാഹംമൂലം, ചൈനയും ഇന്ത്യയും തമ്മിലുള്ള ബന്ധം ദൃഢമായിത്തീർന്നിട്ടുണ്ടു്. അവരുടെ വിവാഹം സാംസ്കാരികബന്ധമായിട്ടാണു് ചൈനാക്കാർ കണക്കാക്കിയതു്.

ഡാക്ടർ കൊട്നീസിന്റെ സംസ്കാരം ഉടലെടുത്തവതരിച്ചതുപോലെ അദ്ദേഹത്തിന്റെ പുത്രൻ ഇപ്പോൾ ചൈനയിലുണ്ടു്. ആ കുട്ടിയുടെ പേർ "കൊട്നീസു് ഹിന്ദ്ചിൻ" എന്നാണു്.

സ്വന്തം രാഷ്ട്രത്തിന്റെ യഥാർത്ഥ വീരപുത്രനായിരുന്നു ഡാക്ടർ കൊട്നീസ്. ൧൯൪൨-ൽ ജപ്പാൻകാർ ചിററഗാംഗിൽ ബാംബ്ബ് വർഷിച്ച അവസരത്തിൽ രോഗഗ്രസ്തനായിരുന്നിട്ടുംകൂടി, കൊട്നീസ് ഇന്ത്യയിലേയ്ക്കു വരാൻ ആഗ്രഹിച്ചു. കഠിനമായ അദ്ധ്വാനം നിമിത്തം പല രോഗങ്ങളും അദ്ദേഹത്തെ ബാധിച്ചിരുന്നു. നാട്ടിലേക്കു മടങ്ങിവരണമെന്നുള്ള തന്റെ അന്തിമമായ അഭിലാഷം സഫലമാകാതെതന്നെ അദ്ദേഹം പരലോകം പ്രാപിച്ചു.

കൊട്നീസിന്റെ മരണാനന്തരം ചൈനയിലെ കമ്മ്യൂണിസ്റ്റ് നേതാവു്; കാൺഗ്രസ്സ് പ്രവർത്തകസമിതി അംഗങ്ങൾക്കു് ഒരു കത്തയയ്ക്കുകയുണ്ടായി. 'കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ ഏഷ്യയിലുണ്ടായിട്ടുള്ള രക്തസാക്ഷികളിൽ സർവ്വോൽകൃഷ്ടനാണു കൊട്നീസ്' എന്നു ആ എഴുത്തിൽ എഴുതിയിട്ടുണ്ടു്.

ആ വൈദ്യസംഘത്തിലുണ്ടായിരുന്ന അഞ്ചു ഡാക്ടറന്മാരിൽ മൂന്നുപേർ ഇന്ത്യയിൽ മടങ്ങി എത്തിയിട്ടുണ്ടു്. ഡാക്ടർ ദ്വാരകാനാഥ കൊട്നീസ് രോഗബാധിതനായി ചൈനയിലെ ഒരു രംഗത്തിൽവച്ചു് ചരമമടഞ്ഞ വസ്തുത അത്യന്തം ഖേദകരമാകുന്നു. കൊട്നീസിന്റെ മരണംമൂലം ഭാരതത്തിനു് ഒരു വീരപുത്രനും, ചൈനയിലെ ജനങ്ങൾക്കും, സൈന്യത്തിനും ഒരു ഉററമിത്രവും നഷ്ടമായിത്തീർന്നിരിക്കുന്നു. യഥാർത്ഥത്തിൽ ഈ രണ്ടു രാജ്യങ്ങൾക്കും ഒരു തീരാത്തനഷ്ടമാണു് കൊട്നീസിന്റെ മരണംകൊണ്ടുണ്ടായിട്ടുള്ളതു്.

### ചിരഞ്ജീവി "ഹിന്ദ്ചിൻ"

ഡാക്ടർ കൊട്നീസ് തന്റെ പ്രാണാർപ്പണം വഴിയായി രണ്ടു രാഷ്ട്രങ്ങളുടെ ആത്മാവുകളെ ഏകസൂത്രത്തിൽ ബന്ധിച്ചു. ഇന്ത്യൻ വൈദ്യസംഘം ചൈനയിൽ ചെന്നുചേർന്നപ്പോൾ അവിടുത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രചരണമന്ത്രി ഇപ്രകാരം പറയുകയുണ്ടായി: "ഭാരതം ഇന്നു് ചൈനയോടു പ്രദർശിപ്പിച്ച ഔദാര്യത്തെ ചൈന ഒരിക്കലും മറക്കുകയില്ല. സ്വാതന്ത്ര്യസമരത്തിൽ ഇന്ത്യയ്ക്കു സഹായം ആവശ്യമായിത്തീരുന്ന സന്ദർഭത്തിൽ സകലവിധ സേവനങ്ങൾ കൊണ്ടും ചൈനക്കാർ ഈ കടം വീട്ടുന്നതാണു്."

കൊട്നീസിന്റെ പുത്രൻ 'ഹിന്ദ്ചിൻ' അനശ്വര ചൈനയുടെ സജീവമൂർത്തിയാണു്. തന്റെ പുത്രന്റെ രൂപത്തിൽ കൊട്നീസ് ഇന്നും ചൈനയിലുണ്ടു്. എന്നാൽ, അദ്ദേഹത്തെ നമ്മുടെ രാഷ്ട്രത്തിന്റെ ഒരു സമ്പത്താക്കിത്തീർക്കണമെന്നു നമ്മളാരും വിചാരിച്ചില്ല. ചൈനയിലെ ജനങ്ങളാകട്ടെ, കൊട്നീസിനു സ്മാരകം നിർമ്മിക്കുകയും, അവിടെ ഉത്സവം ആഘോഷിക്കുകയും ചെയ്തു്, അദ്ദേഹത്തെ തങ്ങളുടെ രാജ്യത്തിലെ മഹാന്മാരായ വ്യക്തികളുടെ മധ്യത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.

* ഹിന്ദിയിൽനിന്നു്.

—o—

# നീ

—o—

വെന്നിയിൽ വാസുപിള്ള B. A. B. L

കോടിജന്മങ്ങളായെന്നെയുഴറവാൻ
കൂടിയവേദനയാണുനീ

കുത്തിത്തറച്ചു നഖങ്ങളെൻ വക്ഷസി
കൊത്തി വലിക്കുകയാണു നീ.

പാരമേറേറാ രോമകൂപത്തിലും മമ
ചോര പൊടിക്കുകയാണു നീ.

ഉഴരിതൻ കാല്ക്കൽ വീഴ്പിച്ചിരുണ്ടിടു-
മാഴികളെൻ കണ്ണീർത്തുള്ളികൾ.

കാനനാന്തേരം കരാന്തലവും പവ-
മാനമെൻ ദുർഗ്ഗവീഥികൾ

ഭീമമിരുണ്ട കാന്താരമുഴം ഗിരി-
സ്തോമമെന്നാമയ ധൂമ്യകൾ.

കൊത്തിപ്പൊളിക്കു നീ കൊത്തിപ്പൊളി-
ച്ചെത്തിമലർക്കരൾ ചെങ്കുടം (ക്കുകെൻ

ദുസ്സഹം ദുസ്സഹ മീ തമജയങ്കിലും
നാസ്സുരിക്കുന്നൊരിസ്സോണിതം

പൂശുവാനാകാം നിൻ വിൺകപോല-
ലംശുഭകുങ്കുമസൗഭഗം. (ങ്ങളി

കോടിജന്മങ്ങളായെന്നെയുഴറവാൻ
കൂടിയ നീടെഴും വേദനേ!

ഹന്ത! മധുരമാം 'പ്രേമ'മെന്നാത്മീയ-
ചിന്ത വളിച്ചെഴും യാതനേ!

ഞാനചലോപലമല്ലണു, ബന്ധന-
ഗാനമിതെന്നിനി നിർത്തുമോ?


## മസൂരിസിദ്ധചികിത്സ

(ഗ്രന്ഥകർത്താ ഡാ: പി. എസ്സ്. നായർ)

മസൂരിയുടെ ഉല്പത്തി, വളർച്ച, കുരുക്കളുടെ വ്യത്യാസം, ചികിത്സ ഇവകളെപ്പററി ശാസ്ത്രരീത്യാ പ്രതിപാദിക്കുന്ന ഒരു ഉത്തമ വൈദ്യഗ്രന്ഥം. മസൂരി ബാധിക്കാതിരിക്കുന്നതിനുള്ള അനുഷ്ഠാനമുറകളും 96 വ്യാധികളുടെയും സാധ്യാസാധ്യലക്ഷണങ്ങളും ഇതിൽ ചേർത്തിട്ടുണ്ടു്. വില ണ. 14.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം

## എയർട്രാൻസ്പോർട്ട് ഉടമ്പടി

—o—

### ഇന്ത്യയും നെതർലൻസും തമ്മിൽ

ന്യൂഡെൽഹി മേ ൩൧—ഇന്ത്യാഗവമ്മെൻറും നെതർലൻസ് ഗവമ്മെൻറും തമ്മിൽ ഒരു എയർട്രാൻസ്പോർട്ട് ഉടമ്പടി ഇന്നു ഡെൽഹിയിൽവച്ചു ഒപ്പുവച്ചിരിക്കുന്നതായി ഒരു കമ്മ്യൂണിക്കെയിൽ പറയുന്നു. ൧൯൪൬ നവംബറിൽ ഇന്ത്യാഗവമ്മെൻറും യു. എസ് ഗവമ്മെൻറും തമ്മിൽ ഒപ്പുവച്ച ഉടമ്പടിയുടെ മാതൃകയിലുള്ളതാണിതു്. (ഏ-പി)

## രാജാക്കന്മാർ കാൺസംബ്ളിയിൽ ചേരണം

### മഹാത്മജിയുടെ ഉൽബോധനം

ന്യൂഡൽഹി, മേ ൩൧—"നാട്ടുരാജാക്കന്മാർ കാൺസ്റ്റിറ്റ്യൂവൻറസംബ്ളിയിൽ ചേരുന്നതു് ബുദ്ധിപൂർവമായിരിക്കുമെന്നും ബ്രിട്ടീഷുകാർക്ക് ആത്മാർത്ഥതയുള്ളപക്ഷം കുഴപ്പങ്ങൾ കാണിക്കുവാൻ ഒരു രാജാവിനെയും അവർ അനുവദിക്കാതിരിക്കണമെന്നും ഇന്നു നടന്ന പ്രാർത്ഥനാനന്തരയോഗത്തിൽവച്ചു മഹാത്മജി അഭിപ്രായപ്പെടുകയുണ്ടായി.

ഇതുവരെയും മഹാത്മജി പറഞ്ഞിട്ടുള്ള ഓരോവാക്കും ശ്രോതാക്കളുടെ ഹൃദയങ്ങളിൽ പതിയണമെന്നു് പ്രാർത്ഥന തുടങ്ങുന്നതിനു മുൻപു് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ശരിയായി ശ്രദ്ധിക്കുവാനുള്ള ഏററവും നല്ലവഴി കണ്ണുകൾ അടച്ചു ഹൃദയത്തിൻെറയും മനസ്സിൻെറയും ശ്രോത്രപുടങ്ങൾ തുറന്നുവെച്ചുകൊണ്ടിരിക്കയാണെന്നു് അദ്ദേഹം ഖൊറാനിലെ ഒരു ഭാഗം ഉദ്ധരിച്ചപ്പോൾ പതിവുപോലെ സദസ്യരിലൊരാൾ പ്രതിഷേധം പുറപ്പെടുവിച്ചു. പക്ഷേ ജനക്കൂട്ടത്തിൻെറ ആദർശയോഗ്യമായ പെരുമാററം സ്വാന്തംകണ്ണുകൾകൊണ്ടു കണ്ടറിഞ്ഞ മഹാത്മജി തടസ്സങ്ങളൊന്നും വകവയ്ക്കാതെ പ്രാർത്ഥന തുടരുവാൻ തീരുമാനിച്ചു. തെക്കേ ആഫ്രിക്കയിൽവച്ചു അക്രമരാഹിത്യത്തിൻെറ പ്രകാശം അദ്ദേഹത്തിൽ ആദ്യമായുദയംചെയ്തതിനുശേഷം ൪൪-വർഷക്കാലമായി ഈ അതുല്യമായ ആയുധത്തിൻെറ സൗന്ദര്യത്തെയും സത്യത്തെയും ശക്തിയെയുംകുറിച്ചു അവരെ മനസ്സിലാക്കുവാൻ എങ്ങിനെയെല്ലാം ശ്രമിച്ചുപോരുന്നുവെന്നു അദ്ദേഹം വിശദീകരിച്ചു. എന്നിട്ടു മി. ജിന്നാസാഹിബ്ബിനെ തടങ്കലിലാക്കണമെന്നു് ആവശ്യപ്പെടാൻമാത്രം ബുദ്ധിശൂന്യതയുള്ള തടസ്സവാദിയുണ്ടായി. ജിന്നാസാഹിബ്ബിനെ തടങ്കലിലാക്കുവാനവരെക്കൊണ്ടു സാധിക്കുകയില്ല. ഒരുപക്ഷേ സാധിച്ചാൽ അദ്ദേഹം കൂടുതൽ ശക്തനാകുകയേയുള്ളു. ബലപ്രയോഗംകൊണ്ടു പാകിസ്ഥാൻ സ്ഥാപിക്കുന്നതിനോടു് സ്ഥിരനിശ്ചയത്തോടെ വിയോജിച്ചുനിൽക്കുകയും അദ്ദേഹവുമായി സൗഹാർദ്ദത്തിൽ വർത്തിക്കുകയുമാണതിനുള്ള മാർഗ്ഗമെന്നദ്ദേഹം പ്രസ്താവിച്ചു. എല്ലാവരും അദ്ദേഹത്തിൻെറ ഉപദേശത്തെ അനുസരിക്കുന്നപക്ഷം ഒരു നല്ല സായാഹ്നത്തിൽ അദ്ദേഹത്തെതന്നെ പാൾചാസ്ഥിതനായി കാണുവാൻ സാധ്യതയില്ലായ്കയില്ലെന്നു് മഹാത്മജി പറഞ്ഞു. അതിനുശേഷം അന്നു് അദ്ദേഹത്തിനു പറയാനുണ്ടായിരുന്ന വിഷയത്തിലേക്കു പ്രവേശിച്ചു. ഒരു സ്വാതന്ത്ര്യഇൻഡ്യയിൽ ബിർളാരാജോ, ഭോപാൽനവാബു്രാജോ ഉണ്ടായിരിക്കയില്ലെന്നു് കഴിഞ്ഞ സായാഹ്നത്തിൽ അദ്ദേഹം പറഞ്ഞതു് ഒന്നുകൂടി അനുസ്മരിപ്പിച്ചു. അന്നു് പഞ്ചായത്തുരാജായിരിക്കും ഉണ്ടായിരിക്കുന്നതു്. സ്വാതന്ത്ര്യഇന്ത്യയിൽ വ്യക്തികൾ ആശ്രുപതിലല്ലാതെ ഗണിക്കപ്പെടുകയില്ല. അതുകൊണ്ടു് കാഷ്മീരിൽ വലിയ സൈന്യങ്ങളുള്ള മഹാരാജാവല്ല, ബഹുഭൂരിപക്ഷമുള്ള മുസ്ലീങ്ങളാണു് എണ്ണപ്പെടുവാനർഹതയുള്ളതു്. ഹിന്ദുരാജാക്കന്മാരും മുസ്ലീംരാജാക്കന്മാരും പക്ഷംപിടിക്കരുതെന്നു് അദ്ദേഹം ആഗ്രഹിക്കുന്നു. അങ്ങിനെചെയ്യുന്നതു് ഭൂഖണ്ഡത്തെ കറിക്കുന്നതായിരിക്കും. അതുകൊണ്ടു് നാട്ടുരാജാക്കന്മാർ കാൺസംബ്ളിയിൽ ചേരുന്നതു് ബുദ്ധിപൂർവമായിരിക്കും. ബ്രിട്ടീഷുകാർക്കു് ആത്മാർത്ഥതയുള്ളപക്ഷം കുഴപ്പങ്ങൾ കാണിക്കുവാൻ ഒരു രാജാവിനേയും അനുവദിച്ചുകൂടെന്നു് മഹാത്മജി പറഞ്ഞു. (ഏ-പി)

—o—

## മി: ശരത്ബോസ്

—o—

### ഗാന്ധിജിയെ സന്ദർശിച്ചു

ന്യൂഡെൽഹി മേ ൩൧—ശരത്ബോസ് ഗാന്ധിജിയെ സന്ദർശിച്ചു് ബംഗാൾ സ്ഥിതിഗതികളെപ്പററി സംഭാഷണം നടത്തിയിരിക്കുന്നു. (ഏ-പി)

—o—

## ചൈനയ്ക്കു് ഹാങ്കാങ്ങ് കിട്ടുകയില്ല

### ബ്രി: ഗവർണ്ണരുടെ പ്രഖ്യാപനം

ഹാങ്കാങ്ങ് മേ ൩൦—ഹാങ്കാങ്ങ് ചൈനയ്ക്കു തിരിച്ചുകൊടുക്കുവാൻ ബ്രിട്ടൻ ഉദ്ദേശിക്കുന്നില്ലെന്നും അതിനു കൂടുതൽ സ്വയംഭരണം നൽകുവാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ടെന്നും എന്നാലും അതു് ബ്രിട്ടൻെറവക ദ്വീപായിരിക്കുന്നതാണെന്നും ഹാങ്കാങ്ങ് ആക്ടിംഗ് ഗവർണ്ണർ മി. ഡേവിഡ് മാഗ്ഡൂഗൽ ഇന്നു പ്രസ്താവിച്ചിരിക്കുന്നു.

—o—

## ഇൻഡൊനീഷ്യയ്ക്കു്

—o—

### അവസാന ഡച്ചു് സന്ധിനിർദ്ദേശം

ബറേറവിയാ, മേ: ൩൦—ഇൻഡൊനീഷ്യൻ പ്രധാനമന്ത്രിയായ സുട്ടാൻഷാറിർ ഇന്നു വിമാനമാർഗ്ഗം ജോഗ്ജൊക്കർത്തായിലേക്കു തിരിച്ചു. അവിടെവച്ചു് ഇൻഡൊനീഷ്യൻ മന്ത്രിസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതും നെതർലൻസിൻെറ "അവസാനസന്ധിനിർദ്ദേശം" സ്വീകരിക്കണോ നിരസിക്കണോ എന്ന കാര്യം തീരുമാനിക്കുന്നതുമാണെന്നറിയുന്നു. മേ ൨൭-ാം തീയതി നൽകപ്പെട്ട ഡച്ചുനിർദ്ദേശത്തിനു മറുപടി കൊടുക്കുവാൻ ഇൻഡൊനീഷ്യയ്ക്കു് ൧൪ ദിവസമാണു അനുവദിച്ചിരിക്കുന്നതു്.

—o—

## ഒളിപ്പോരുകാരുടെ ആക്രമണം

—o

### യുഗോസ്ലാവ്—ഗ്രീക്ക് അതിർത്തിയിൽ

ആതെൻസ് മേ ൩൦—ഇന്നലെ യുഗോസ്ലാവ് അതിർത്തിക്കുസമീപമുള്ള ഫ്ളാറിന എന്ന ഗ്രീക്ക്നഗരം ആക്രമിച്ച ഒളിപ്പോരുകാരെ ഒടുവിൽ തിരിച്ചോടിക്കയുണ്ടായെന്നു് ആതെൻസ്ന്യൂസ് ഏജൻസി റിപ്പോർട്ടുചെയ്യുന്നു. മൊണാസ്റ്റിറിലേയ്ക്കാണു് അവർ പിന്മാറിയതു്.

—o—

## കല്ക്കൂട്ടായിൽ വർഗ്ഗീയാസ്വാസ്ഥ്യം

കല്ക്കൂട്ടാ മേ ൩൧—ഇന്നു വൈകുന്നേരം ൫ മണിവരെ കല്ക്കൂട്ടായിൽ വർഗ്ഗീയകലഹം നിമിത്തം ൫ പേർ കൊല്ലപ്പെടുകയും ൨൫ പേർക്കു പരുക്കേൽക്കയുംചെയ്തു. ഹൌറായിൽ വെടിവയ്പും പോലീസിൻെറ തിരിച്ചുവെടിവയ്പും നടന്നു. (ഏ-പി)

—o—

## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
പി. കണ്ണാംബ, എസ്. പി. എൽ. ധനലക്ഷ്മി, എൻ. ആർ. ശകുന്തള, കെ. ആർ. രാമസ്വാമി അഭിനയിച്ച
**ദൈവനീതി**

കൊല്ലം ലക്ഷ്മിടാക്കിസിൽ
ശോഭനമായ 8-ാംവാരം
ററി. ആർ. മഹാലിംഗം, ജയലക്ഷ്മി, ശാരംഗപാണി പന്തലു അഭിനയിച്ച
— നാം ഇരുവർ —
WE TWO
എന്ന തമിഴ് ചിത്രം

കൊല്ലം ബേബിടാക്കീസിൽ
വി. എ. ചെല്ലപ്പാ, എം. ആർ. സന്താനലക്ഷ്മി, ആർ ബാലസുബ്രഹമണ്യം മുതലായവർ അഭിനയിച്ച
**തമിഴറിയുംപെരുമാൾ**
എന്ന പ്രശസ്ത തമിഴ്ചിത്രം

ചവറ കെ. സി ടാക്കീസിൽ
ററി. ആർ. രാജകുമാരി, കെ. ആർ. സിംഗ്, ററി. ആർ രാമസ്വാമി, എൻ. ആർ. നളിനി, ററി. എസ്. കോകിലം മുതലായവരഭിനയിച്ച
**വിശ്വാമിത്രാ**

കരുനാഗപ്പള്ളി
ശ്രീ വിദ്യാധിരാജ് ടാക്കീസ്സിൽ
പി. യു. ചിന്നപ്പാ, ററി. ആർ. രാജകുമാരി, കൃഷ്ണൻ, മധുരം അഭിനയിച്ച
**മനോന്മണി**
എന്ന ചിത്രം

അമ്പലപ്പുഴ ഗോപീടാക്കിസിൽ
എം. കെ. ത്യാഗരാജഭാഗവതർ, വൈ. വി റാവു, രാമ. കെ. അശ്വത്ഥമ്മ അഭിനയിച്ച
**ചിന്താമണി**

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
എം. കെ. രാധാ, തവമണിദേവി, കുളത്തുമണി, ചന്ദ്രു (ആന) ഇവർ അഭിനയിച്ച
**'വനമോഹിനി'**

## അഖിലകൊച്ചി സഹകരണ സമ്മേളനം

—o—

### കൊച്ചിമന്ത്രി ഉൽഘാടനംചെയ്തു

എറണാകുളം, മേ ൩൧—അഖിലകൊച്ചി സഹകരണ വാർഷിക സമ്മേളനം മഹാരാജാസ് കാളേജ് ഹാളിൽവച്ചു് ദിവാൻജിയുടെ അസാന്നിദ്ധ്യത്തിൽ കൊച്ചി റെവന്യൂമന്ത്രി മി. സി. ആർ. ഇയ്യുണ്ണി ഇന്നു വൈകുന്നേരം ഉൽഘാടനം ചെയ്തിരിക്കുന്നു. സദസ്സിനു സ്വാഗതമരുളിക്കൊണ്ടു് മി. ടി. കെ. വാസുദേവൻനമ്പൂതിരിപ്പാടു് കൂട്ടുകൃഷിയിലേയ്ക്കും സൊസൈററിയെ പുഷ്ടിപ്പെടുത്തുന്ന കാര്യത്തിലേയ്ക്കും ഗവമ്മെൻറിൻെറയും സഹകാരികളുടെയും ശ്രദ്ധക്ഷണിക്കയുണ്ടായി. ദിവാൻജിയുടെ പ്രസംഗം സമ്മേളനത്തിൽ വായിച്ചു. അതിൽ അദ്ദേഹം വിജയകരമായ സഹകരണത്തിനുള്ള ആവശ്യാധിഷ്ഠാനങ്ങൾ ഉദ്ഘോഷിച്ചു പ്രസ്താവിച്ചു. ൨൦ സംവത്സരങ്ങൾക്കു മുമ്പാണു് കൊച്ചിയിൽ സഹകരണപ്രസ്ഥാനമാരംഭിച്ചതു്. രാജ്യവാസികളുടെ ൧൪ ശതമാനവും പ്രസ്ഥാനവുമായി ബന്ധമുള്ളവരാണു്. ദാരിദ്ര്യവും ഉദാസീനതയുമാണു് പ്രസ്ഥാനത്തിൻെറ പരാജയത്തിനു കാരണം. സൊസൈററിയുടെ ആദർശം മുതലാളിത്ത സമ്പ്രദായത്തിൻെറ മത്സരത്തെ ഉച്ചാടനം ചെയ്യുകയെന്നതാണു്. പട്ടണങ്ങളിലും ഗ്രാമങ്ങളിലും പ്രത്യേകം കെട്ടിടനിർമ്മാണ പരിപാടികൾ മന്ത്രി പ്രസ്താവിക്കുകയുണ്ടായി. കൂട്ടുകൃഷി നടത്തുവാൻ ശ്രമങ്ങൾ നടക്കുന്നതാണു്. അതിലേയ്ക്കു ഗവമ്മെൻറ് സഹായം ഉറപ്പു ചെയ്തിരിക്കുന്നു.

രണ്ടാംദിവസം

ജൂൺ ൧—ഇന്നത്തെ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് മദ്രാസ് സ്വയംഭരണവകുപ്പു മന്ത്രി മി. കെ ചന്ദ്രമൌലി കൊച്ചീമഹാരാജാവിനെ അദ്ദേഹത്തിൻെറ പുരോഗമന നടപടികൾക്കു വ്യവസ്ഥാപിതഭരണം സംബന്ധിച്ചു് മററു രാജാക്കന്മാർക്കു് മാതൃകകാണിച്ചതിനും അനുമോദിക്കുകയുണ്ടായി. സഹകരണസംഘങ്ങൾ കർഷകർക്കു ഉപകാരപ്രദമാണു്. ഈ കർഷകരാജ്യത്തിൽ ൭൦ ശതമാനമെങ്കിലും ഈ പ്രസ്ഥാനവുമായി ബന്ധമുള്ളവരായിരിക്കേണ്ടതാണെന്നു അദ്ദേഹം പ്രസ്താവിച്ചു. മി. ജോസഫ് മാഞ്ഞൂരാൻ സദസ്സിനു സ്വാഗതമരുളി. (സ്വ. ലേ)

—o—

## വീററ്നാം ഗാന്ധിജിയെ അനുകരിക്കാമെന്നു്

### ഫ്രാൻസ് വീററ്നാം സ്വാതന്ത്ര്യം അംഗീകരിച്ചാൽ

ബാങ്കാക്ക് മേ ൩൦ "ഇന്ത്യയുടെസ്വാതന്ത്ര്യം ബ്രിട്ടൻ അംഗീകരിച്ചതുപോലെ വീററ്നാമിൻെറ സ്വാതന്ത്ര്യം ഫ്രാൻസ് അംഗീകരിക്കുന്നതായാൽ മഹാത്മാഗാന്ധിയുമായി താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരനായ ഞാൻ അദ്ദേഹത്തിൻെറ ശോഭനമാതൃക അനുകരിക്കുവാൻ ശ്രമിക്കുന്നതാണു്. എന്നാൽ ഫ്രാൻസ് ബ്രിട്ടൻെറ മാതൃക അനുകരിക്കുന്നില്ലല്ലൊ." എന്നിപ്രകാരമാണു് വീററ്നാം റിപ്പബ്ളിക്കിൻെറ പ്രസിഡൻറായ ഡാക്ടർ ഹോച്ചിമിൻ ഒരു ഫ്രഞ്ചുപത്രപ്രതിനിധി നടത്തിയ അഭിമുഖസംഭാഷണത്തിൽ ആ പ്രതിനിധി ചോദിച്ച ഒരു ചോദ്യത്തിനു മറുപടിയായി പ്രസ്താവിച്ചതു്.

—o—

## അദ്ധ്യാപകപണിമുടക്കു ഭീഷണി

മദ്രാസ്, മേ ൩൧—മേ ൨൭-ാംനു- ഇവിടെവച്ചു നടന്ന മദ്രാസ സംസ്ഥാനപ്രാഥമികവിദ്യാലയ അദ്ധ്യാപകഫെഡറേഷൻെറ കർമ്മസമിതിയോഗത്തിൽവച്ചു് ജൂൺ ൨൫-ാംനു-മുതൽ അദ്ധ്യാപകന്മാർ ഒരു പൊതുപണിമുടക്കുനടത്തണമെന്നു തീരുമാനിച്ചിരിക്കുന്നതായി പ്രസ്തുത ഫെഡറേഷൻ സെക്രട്ടറി പ്രസ്താവിക്കുന്നു. (ഏ. പി)

—o—


## കുതിര വില്പാനുണ്ടു്

സവാരിക്കും വണ്ടിയ്ക്കും ഉപയോഗപ്പെടുത്താവുന്നതായി നാലു കുതിരകളെ രാജകീയലായത്തിൽവച്ചു് ഈമാസം 24-ാംതീയതി പകൽ നാലുമണിക്കു് ലേലത്തിൽവിൽക്കുന്നതാണു്. ആവശ്യക്കാർ കൂടുതൽ വിവരങ്ങൾക്കു് രാജകീയലായം ആഫീസിൽ അന്വേഷിക്കുക.

രാജകീയലായം, തിരുവനന്തപുരം 1122 ഇടവം 14-ാംനു- } ലായംകാര്യക്കാർ കെ. രാമൻപിള്ള (ഒപ്പ്)

# നേതൃസമ്മേളനവും കാൺഗ്രസ്സ് മനോഭാവവും

## പ്രവർത്തകസമിതി തീരുമാനം കൈക്കൊണ്ടു

ന്യൂഡെൽഹി, ജൂൺ ൧—ഇന്നു വൈകിട്ടു മൂന്നുമണിക്കു ഭങ്കികാളനിയിൽവച്ചു കാൺഗ്രസ്സ് പ്രവർത്തകസമിതി വീണ്ടും കൂടിയിരിക്കുന്നു. മി: ജയപ്രകാശ്നാരായൻ, സർദാർ ബലദേവസിംഗ്, മി: സി. എച്ച്. ബാബാ, മി: സുരേന്ദ്രമോഹൻഘോഷ് എന്നിവർ പ്രത്യേകം ക്ഷണിക്കപ്പെട്ടിരുന്നതനുസരിച്ച് സമ്മേളനത്തിൽ പങ്കെടുത്തു. മൂന്നുമണിക്കൂർനേരത്തെ ചർച്ചകൾക്കുശേഷം കമ്മിററി നാളത്തേക്കു പിരിഞ്ഞു.

ഇന്നു നടന്ന പ്രവർത്തകസമിതിയോഗത്തിൽ നാളത്തെ നേതൃസമ്മേളനത്തിൽ കാൺഗ്രസ്സ് കൈക്കൊള്ളേണ്ട മനോഭാവം എന്തായിരിക്കണമെന്നു തീരുമാനിച്ചിരിക്കുന്നതായറിയുന്നു. നാളത്തെ നേതൃസമ്മേളനത്തിൽ മൻപു പ്രസ്താവിക്കപ്പെട്ടിരുന്ന ൭ പേർക്കു പുറമേ കാൺഗ്രസ്സിനുവേണ്ടി പ്രസിഡൻറ് ആചാര്യകൃപലാനയും ലീഗിനുവേണ്ടി സർദാർ നിഷ്തറും കൂടി ക്ഷണിക്കപ്പെട്ടിരിക്കുന്നു. (എ. പി)

—o—

### ലീഗ് പ്ര: സമിതി യോഗം നടന്നു

ന്യൂഡൽഹി ജൂൺ ൧—മി: ലിയാക്കത്ത് ആലിഖാൻെറ വസതിയിൽവച്ചു ഇന്നുവൈകിട്ടു മുസ്ലീംലീഗുവർക്കിംഗുകമ്മിററി സമ്മേളിച്ചു. മി. എം. എ. ജിന്നാ അദ്ധ്യക്ഷതവഹിച്ചു. (എ. പി.)

—o—

### പ്രത്യേകസമാധാന ഉടമ്പടി ഉണ്ടാക്കാൻ

—o

#### യു എസ്സിൻെറ താല്പര്യം

വാഷിംഗ്ടൻ മേ ൩൦—റഷ്യ അതിൻെറ വിളംബനനയത്തിൽ നിർബന്ധം തുടരുന്നപക്ഷം ജർമ്മനിയുമായും ജപ്പാനുമായും പ്രത്യേകം പ്രത്യേകം സമാധാനഉടമ്പടി ഉണ്ടാക്കുന്നകാര്യത്തിൽ യു. എസ്: ഇതരരാജ്യങ്ങളോടു യോജിക്കണമെന്നുള്ള മി: ഹെർബെർട്ട്ഹൂവറിൻെറ നിർദ്ദേശത്തിൽ തനിക്കു വളരെ താല്പര്യമുണ്ടായിരിക്കുന്നതായി യു. എസ്. സ്റ്റേററ്സെക്രട്ടറി മി: ജാർജ്ജ്മാർഷൽ ഇന്നുരാത്രി പ്രസ്താവിക്കയുണ്ടായി. കഴിഞ്ഞ ഏതാനും ദിവസം വാഷിംഗ്ടനിൽ വളരെ പ്രചാരം സിദ്ധിച്ച ഈ ആശയത്തിൻെറ ഗുണവശങ്ങളെപ്പററി അഭിപ്രായം പറവാൻ അദ്ദേഹം വിസമ്മതിച്ചു. (റായിട്ടർ)

—o—

### സയാമിൽ പുതിയ മന്ത്രിസഭ

ബാങ്കാക്ക്, മേ ൩൧—സയാമീസ് റീജൻസി കൗൺസിൽ മി. ധാംറോങ്ങ് നവസവാററിനെ പുതിയ മന്ത്രിസഭ രൂപീകരിക്കുവാൻ അധികാരപ്പെടുത്തിയിരിക്കുന്നു. ഈ വാരം ആദ്യം മി നവസവാററ് തൻെറ പ്രധാന മന്ത്രിപദം രാജിവച്ചിരുന്നു. ഒരു പുതിയ പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കാൻ ഇന്നലെ നടന്ന സംയുക്ത പാർലമെൻറ് യോഗത്തിലെ രഹസ്യവോട്ടെടുപ്പിൽ മി. ധാംറോങ്ങ് നവസവാററിന് ൩൩ വോട്ടുകളും പ്രതിപക്ഷ സ്ഥാനാർത്ഥിയ്ക്കു ൭൭ വോട്ടുകളും ലഭിച്ചു.

—o—

### ൩൭-കോടി ഡാളർ ബിൽ ഒപ്പുവച്ചു

വാഷിംഗ്ടൻ മേ ൩൧—യൂറോപ്പിലും ഏഷ്യയിലും യുദ്ധംമൂലം നശിക്കുവാനിടയായ പ്രദേശങ്ങളിലെ ദുരിതാശ്വാസങ്ങൾക്കായി കാൺഗ്രസ്സ് പാസ്സാക്കിയ ൩൭-കോടി ഡാളർ ബിൽ പ്രസിഡൻറ് ട്രൂമൻ ഇന്നു ഒപ്പുവച്ചിരിക്കുന്നു. (റായിട്ടർ)

---

## നെഹ്റു സ്മട്ട്സ് കത്തിടപാടുകൾ

—o—

### പ്രസിദ്ധംചെയ്യുന്നു

ന്യൂഡെൽഹി, മേ, ൩൦—ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ പ്രശ്നത്തെപ്പററി പണ്ഡിതനെഹ്റുവും ഫീൽഡ് മാർഷൽ സ്മട്ട്സും തമ്മിൽ നടന്ന കത്തിടപാടുകൾ ന്യൂഡെൽഹിയിലും ദക്ഷിണാഫ്രിക്കയിലും ഇന്നു ഏകകാലത്തു പ്രസിദ്ധംചെയ്തിരിക്കുന്നു. അതോടൊപ്പം പുറപ്പെടുവിച്ച ഒരു കമ്യൂണിക്കയിൽ ഇപ്രകാരം പറയുന്നു:—മേ ൨൬-ംനു ദക്ഷിണാഫ്രിക്കൻ പ്രധാനമന്ത്രിയായ ഫീൽഡ് മാർഷൽ സ്മട്ട്സ് ദക്ഷിണാഫ്രിക്കൻ സെനററിൽ ഒരു പ്രസ്താവന ചെയ്തു. അതിൽ അദ്ദേഹം പണ്ഡിതനെഹ്റുവുമായി നടത്തിയ കത്തിടപാടുകളെപ്പററി സൂചിപ്പിച്ചിരുന്നു. ഈ കത്തിടപാടുകളിലെ ഉള്ളടക്കത്തെപ്പററി പരസ്യമായി സൂചിപ്പിച്ചതുകൊണ്ടു കത്തിടപാടുകൾ പ്രസിദ്ധീകരിക്കേണ്ടതാണെന്നു ഇന്ത്യാഗവമ്മെൻറിനു തോന്നി. ആകയാൽ യൂണിയൻഗവമ്മെൻറിൻെറ അനുമതിയോടെ പണ്ഡിതജിയും സ്മട്ട്സും തമ്മിലുള്ള കത്തിടപാടുകൾ പ്രസിദ്ധംചെയ്യുകയുണ്ടായി. ദക്ഷിണാഫ്രിക്കൻ പ്രധാനമന്ത്രിക്കുള്ള പണ്ഡിതജിയുടെ കത്തിൻെറ പ്രതികൾ അതേസമയം യു. എൻ. ഒ സെക്രട്ടറിജനറലിനും അയച്ചുകൊടുത്തിരുന്നു. മേ ൧൮-ംനു-ലുള്ള പണ്ഡിതജിയുടെ കത്തിനു സ്മട്ട്സിൽനിന്നു ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. (എ-പി)

—o—

## ആസാമും പകിസ്ഥാനും

—o—

### അക്ബർ ഹൈദരിയെ ലീഗ് എതിർക്കുന്നു

ന്യൂഡെൽഹി മേ ൩൦—ആസാമിനെ കിഴക്കേപകിസ്ഥാൻ മേഖലയിൽ ഉൾപ്പെടുത്തുകയോ സിൽഹെററും ഗോൾപാർട്ടിയും ഡിസ്ട്രിക്ടുകളെ ബംഗാളിലേയ്ക്കു മാററുകയോ ചെയ്യുന്നതിലുള്ള ആസാംഗവർണർ അക്ബർ ഹൈദരിയുടെ എതിർപ്പിനെ പരാമർശിച്ച് ഇടക്കാലഗവ: ആരോഗ്യമെമ്പർ മി. ഗസ്നഫർ ആലിഖാൻ പറയുന്നതിപ്രകാരമാണ്. "പകിസ്ഥാൻ, ഹിന്ദുസ്ഥാൻ എന്നീ വിഭജനത്തിൽ ആസാമിനെ കിഴക്കേപകിസ്ഥാനിൽ ഉൾപ്പെടുത്തണോ അതോ ബംഗാളുമായി തൊട്ടുകിടക്കുന്ന ആസാമിലെ മുസ്ലിംഭൂരിപക്ഷഭാഗത്തെ ബംഗാളിലേയ്ക്കു മാററണമോ എന്നുള്ളതു എച്ച്. എം. ജി അതിൻെറ സമുചിതമായ വിധികല്പിക്കുവാൻപോകുന്ന സുപ്രധാന പ്രശ്നങ്ങളാണ്. ഏതെങ്കിലും പ്രത്യേകതരത്തിലുള്ള നടപടി പരസ്യമായി വാദിച്ചുകൊണ്ടു ബ്രി: ഗവമ്മെൻറിൻെറ തീരുമാനത്തിനു ഒരു മുൻവിധികല്പിക്കാൻ ഒരുമ്പെടുന്നതു് ഒരു പ്രവിശ്യയുടെ ഗവർണ്ണരെ സംബന്ധിച്ചിടത്തോളം ഏററവും നിരുത്തരവാദപരമാണെന്നു ഗസ്നഫർ ആലിഖാൻ പ്രസ്താവിക്കുന്നു:—എ പി.

—o—

## വൈസ്രായി ഗിർഗാൺ സന്ദർശിച്ചു

ന്യൂഡൽഹി, ജൂൺ ൧—വൈസ്രായി മൗണ്ട് ബാററൻപ്രഭു ഇന്നു രാവിലെ ന്യൂഡൽഹിയിലെത്തിയ പഞ്ചാബ് ഗവർണർ സർ ഇവാൻജങ്കിൻസുമൊന്നിച്ച് ഗിർഗാൺ ഡിസ്ട്രിക്ടിലെ ലഹളബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. (എ-പി)

—o—

## ആക്കിൻലെക്ക് തിരിച്ചെത്തി

ന്യൂഡെൽഹി മേ ൩൧—മൂന്നാഴ്ചക്കാലത്തെ താമസത്തിനുശേഷം ഫീൽഡ് മാർഷൽക്ലാഡ് ആക്കിൻലെക്ക് ബ്രിട്ടനിൽനിന്നുരാത്രി ഡെൽഹിയിൽ തിരിച്ചെത്തിയിരിക്കുന്നു. (എ-പി)

—o—

## പെട്രോൾറാഷനിംഗ് തുടരും

—o—

### ൧൯൪൭ അവസാനംവരെ

കൽക്കട്ട മേ ൩൧—രാജ്യമൊട്ടുക്കു പെട്രോൾറാഷനിംഗ് ഇപ്പോൾ നിർത്തിവയ്ക്കുന്നതിനോ ആവശ്യക്കാരായ കൺസ്യൂമേഴ്സിനു കൂടുതൽആശ്വാസംനൽകുന്നതിനോ സാദ്ധ്യമല്ലെന്നു ഇന്ത്യാഗവ: ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഡെപ്യൂട്ടിസെക്രട്ടറി കൽക്കട്ടാ വാണിജ്യമണ്ഡലത്തിനയച്ച ഒരു കത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ൧൯൪൭ അവസാനംവരെ റാഷനിംഗ് തുടർന്നുപോകേണ്ടിവരുമെന്നു ശങ്കിക്കുവാൻ സകല ന്യായവുമുള്ളതായി അദ്ദേഹം പ്രസ്താവിക്കുന്നു. (എ. പി)

—o—

## മിഴ്സാഇസ്മയിലിൻെറ നിർദ്ദേശം

—o—

### ഇന്ത്യൻപ്രശ്നപരിഹാരത്തിന്

ന്യൂഡൽഹി, ജൂൺ ൧—ഇപ്പോഴത്തെ രാഷ്ട്രീയ സ്തംഭനാവസ്ഥയെ പരിഹരിക്കുന്നതിനു ഒരു അഭിമുഖസംഭാഷണത്തിൽ ഹൈദരാബാദ് പ്രധാനമന്ത്രിയായ സർ മിഴ്സാ ഇസ്മെയിൽ നാലുകാര്യങ്ങൾ അടങ്ങിയ ഒരു നിർദ്ദേശം പുറപ്പെടുവിക്കയുണ്ടായി.

൧. ഇൻഡ്യ ബ്രിട്ടീഷ് കാമൺവെൽത്തിനുള്ളിൽ ഒരു സ്വതന്ത്ര സമത്വപങ്കാളിയെന്നനിലയിൽ കഴിഞ്ഞുകൂടണം.

൨. ആഭ്യന്തരകാര്യങ്ങളിൽ പ്രവിശ്യകൾക്കും നാട്ടുരാജ്യങ്ങൾക്കും പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കണം.

൩. വ്യക്തമായ പൊതുകാര്യങ്ങൾക്കു വേണ്ടി കേന്ദ്രയൂണിയനിൽ എല്ലാവരും ഒരുമിച്ചു സംഘടിക്കണം.

൪. കേന്ദ്രമന്ത്രിസഭയിലും നിയമസഭയിലും മുസ്ലീങ്ങൾക്കു ശരിയായ പ്രാതിനിധ്യം ഉണ്ടായിരിക്കണം.

ഹിന്ദുക്കൾക്കും മുസ്ലീംഗങ്ങൾക്കും നാട്ടുരാജാക്കന്മാർക്കും തൃപ്തികരമായ ഒരു തീരുമാനത്തിനു ഇതുമാത്രമെ മാർഗ്ഗമുള്ളുവെന്നു സർ മിഴ്സാഇസ്മയിൽ വിശ്വസിക്കുന്നു. ഈ അഭിപ്രായം പുറപ്പെടുവച്ചുകൊണ്ടു സർ മിഴ്സാ പറഞ്ഞതു "ഞാൻ ഈ പറയുന്നതു എൻെറ സ്വന്തം നിലയിലാണ്, അല്ലാതെ യാതൊരു ഔദ്യോഗികനിലയിലുമല്ല" എന്നാണ്.

—o—

## കൊളമ്പിൽ ഗവ: ക്ലാർക്കു പണിമുടക്കു്

—o

കൊളമ്പ് മേ ൩൧—തങ്ങളുടെ അവശതകളെപ്പററി അഭിപ്രായപ്രകടനം നടത്താൻ ഒരു പൊതുയോഗം വിളിച്ചുകൂട്ടിയ ഏഴു ക്ലാർക്കന്മാരെ ജോലിയിൽനിന്നു നിരോധിച്ചതിനെത്തുടർന്ന് എല്ലാ ഗവ: ക്ലെറിക്കൽസ്റ്റാഫും ഇന്നുകാലത്തു ഒരു പണിമുടക്കു നടത്തിയിരിക്കുന്നു. (എ. പി)

—o

## മാപ്പിളസ്ഥാൻ അവകാശപ്പെടുന്നു

മദ്രാസ് ജൂൺ ൧—പശ്ചിമതീരത്തു മലബാർ, ദക്ഷിണകന്നഡാ, ലക്ഷദ്വീപം എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ ചേർന്നു് മാപ്പിളസ്ഥാൻ എന്നപേരിൽ ഒരു പ്രത്യേകരാജ്യം ആവശ്യപ്പെട്ടുകൊണ്ടു മദ്രാസ് പ്രസിഡൻസി മുസ്ലീം ലീഗുകൗൺസിൽ ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു.

—o—

## ഗാന്ധി-ജിന്നാ സംയുക്താഭ്യർത്ഥന

—o—

### പാട്ടുമുഖാന്തിരം പ്രക്ഷേപണം ചെയ്യുന്നു

കൽക്കട്ട, മേ ൩൧ ഒരു ബംഗാളിസംഗീതംമുഖാന്തിരം മദ്ധ്യകൽക്കട്ടായിലും കിഴക്കേകൽക്കട്ടായിലും ഇന്നു ഗാന്ധി-ജിന്നാ അഭ്യർത്ഥന പ്രക്ഷേപണം ചെയ്യുകയുണ്ടായി. ഉച്ചഭാഷിണികൾഘടിപ്പിച്ചിട്ടുള്ള ഒരു വാനിൽ ഒരു സംഘം പാട്ടുകാർ രണ്ടു നേതാക്കന്മാരുടെയും സമാധാനസന്ദേശം പാടിക്കൊണ്ടു രണ്ടുമണിക്കൂർനേരം ഇടവഴികളും തെരുവുകളും കടന്നുപോയി. ഗാനത്തിൻെറയും സംയുക്താഭ്യർത്ഥനയുടെയും പ്രതികളും വിതരണം ചെയ്യപ്പെട്ടു. (എ. പി.)

—o—

## പൊതുയോഗത്തിൽ കത്തിപ്രയോഗം

—o—

### മധുരയിലെ അത്യാഹിതം

മധുര, മേ ൩൦—നഗരകാൺഗ്രസ്സ് കമ്മിററിയിലെ ഒരു മെമ്പറും ഇന്നു വൈകുന്നേരം നടന്ന പൊതുയോഗത്തിലെ ഒരു പ്രാസംഗികനുമായിരുന്ന മി: എം. സുബ്ബയ്യായെ യോഗം നടന്നുകൊണ്ടിരിക്കെ കുത്തിമുറിവേല്പിക്കയുണ്ടായി. മി: സുബ്ബയ്യ യോഗത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ സദസ്യരിൽ ഒരു വിഭാഗം ട. എൻ. സി. സി. പ്രസിഡൻറ് മി: കാമരാജനാടാർക്കെതിരായി മുദ്രാവാക്യങ്ങൾ വിളിച്ചു. അനന്തരം സ്ഥലത്തെ ഒരു കാൺഗ്രസ്സ് പ്രവർത്തകനായ മി: എ. വി അയ്യാവു പ്രസംഗിച്ചുകൊണ്ടു നില്ക്കുമ്പോൾ ഒരാൾ ചില ചോദ്യങ്ങൾ ചോദിച്ചു് അതിനു് ഉത്തരംവേണമെന്നു ശഠിച്ചു. മി: അയ്യാവു ഉത്തരം പറയാൻ വിസമ്മതിച്ചതിനെത്തുടർന്നു് ഒരു വിഭാഗമാളുകൾ പ്ലാററുഫാറത്തിലേക്കു് ഓടിച്ചെന്നു് ഉച്ചഭാഷിണിസജ്ജീകരണങ്ങൾക്കു കേടുവരുത്തി ബഞ്ചുകൾ വലിച്ചിടുകയും അയ്യാവുവിനെ കയ്യേററംചെയ്കയും ചെയ്തു. തൽസമയം മി: സുബ്ബയ്യായേയും കഠാപ്പേർ ആക്രമിച്ചു കുത്തി മുറിവേല്പിച്ചു. കഴുത്തിനും തലയ്ക്കും കുത്തേററു. യോഗം കലാപിശയിൽ പിരിഞ്ഞു. പോലീസ് പെട്ടെന്നു സ്ഥലത്തെത്തി മി: സുബ്ബയ്യായെ ആശുപത്രിയിലേക്കു മാററി. (എ. പി)

—o—

## പണ്ഡിതജിയെ സന്ദർശിക്കുവാൻ

—o—

### മി: ഗിരി ഡെൽഹിയിലേയ്ക്കു തിരിക്കും

മദ്രാസ്, മേ ൩൧—സിലോണിലെ ഇന്ത്യാഗവ: പ്രതിനിധിയായി നിയമിക്കപ്പെട്ടിട്ടുള്ള മി. വി. വി. ഗിരി പണ്ഡിതനെഹ്റുവുമായും വിദേശകാര്യവകുപ്പുമായും ഇൻഡോ സിലോൺ പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യാൻ ജൂൺ രണ്ടാംവാരത്തിൽ ഡൽഹിയിലേക്കു തിരിയ്ക്കുന്നു. തൻെറ ഉദ്യോഗം ഏറെറടുക്കുവാൻ അദ്ദേഹം ജൂൺ അവസാനത്തോടെ കൊളമ്പിലേയ്ക്കുപോകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. എ. പി. ഐ. നടത്തിയ അഭിമുഖസംഭാഷണത്തിൽ ഇന്ത്യയും സിലോണും തമ്മിൽ ഭദ്രമായ ഒരടിസ്ഥാനത്തിൽ ഉത്തമവും ശാശ്വതവുമായ ബന്ധങ്ങൾ സ്ഥാപിച്ചുകാണുവാനാണ് താൻ ആഗ്രഹിക്കുന്നതെന്നു് അദ്ദേഹം പ്രസ്താവിച്ചു.

—o—

## മഡഗാസ്കറിൽ

### വിപ്ലവനേതാവിനെ പിടിച്ചു

ടാനറിവ്, മേ ൩൧—തൻെറ വനപ്രദേശദുർഗ്ഗത്തെ ആക്രമിച്ചുകൊണ്ടു് മഡഗാസ്കർ ജനറലിസമോ എന്നറിയപ്പെടുന്ന സാമുവൽ ഹാഷെ റാഖോൺട്രേബിനെ ഫ്രഞ്ച് നാഷനൽ സെക്യൂററി പോലീസ് ഇന്നലെ പിടികൂടിയിരിക്കുന്നു. പ്രതിബന്ധങ്ങൾ നിറഞ്ഞ മലയും വനവും നദികളും താണ്ടിയാണ് പോലീസ് ഇദ്ദേഹത്തെ പിടിച്ചതെന്നറിയുന്നു.

—o—

ഗ്രന്ഥവിഹാരം

# അടുക്കള

—o—

ഗ്രന്ഥകർത്രി,

റി. എൻ. കല്യാണിക്കുട്ടിഅമ്മ

വില രൂ. ൧. അ. വ്യ.

വനിതാമിത്രം മാസികയിൽ, അതിന്റെ പത്രാധിപ കയ്യേററിരുന്ന അടുക്കളക്കാര്യം ഭംഗിയായി നിറവേററി എന്നുള്ളതാണു് ഈ ഗ്രന്ഥത്തിന്റെ ആവിർഭാവം കുറിക്കുന്നതു്. പത്രാധിപയെ അടുക്കളയിലേക്കു ചുമതലപ്പെടുത്തിയ മനോജരവർകളും പഴക്കവും തഴക്കവുമുള്ള ആ കൈ അതിലേക്കു പ്രവത്തിച്ചുകാണ്മാൻ പ്രോത്സാഹിപ്പിച്ച ശ്രീ. മള്ളൂരും ആ പത്രാധിപോപാന്യാസത്തിന്റെ പ്രാരംഭണത്തിൽ ഞങ്ങളോടൊപ്പം അതിൽ വിജയം ദർശിച്ച മാന്യസഹജീവികളും ഈ അവസരത്തിൽ കൃതകൃത്യതയ്ക്കവകാശികളാകുന്നുണ്ടു്. എന്തെന്നാൽ ഇതു മലയാളഭാഷയിൽ ഉപയോഗപ്രദമായ ഗ്രന്ഥങ്ങൾ കുറവാണെന്ന അപവാദത്തെ പരിഹരിക്കുന്നുള്ള ഒരു നൂതനശ്രമമായി അനുഭവപ്പെട്ടതുതന്നെയാണു് അതിന്റെ കാരണം.

അടുക്കള ആരെ ഉദ്ദേശിച്ചു എഴുതപ്പെട്ടിരിക്കുന്നുവോ അവർക്കു സുഗ്രഹമാകത്തക്ക രീതിയിൽ ലളിതവചസ്സുകളെക്കൊണ്ടു വിരചിച്ചിരിക്കുന്നു എന്നുള്ളതാണു് ഇതിന്റെ മറെറാരു വിശേഷം. ഉടപുടവയുടയാതെ സോമവാരവ്രതം നോല്ക്കുന്ന ഇന്നത്തെ കസേരകന്യകകൾ അടുക്കളക്കൈകൊണ്ടു തൊടുന്നതിൽ കരിപിരളുമോ എന്നു ശങ്കിക്കയില്ലെ എന്നാണു സന്ദേഹം. അടുക്കള തുറന്നു പോയാൽ പുകപിടിക്കുകയില്ലേ എന്നു സംശയിക്കുന്നവരും അക്കൂട്ടത്തിലുണ്ടാകാം. പ്ലൃംമറവും ഒക്കെ കൊണ്ടുള്ള പഴയ മുത്തശ്ശിസമ്പ്രദായത്തിനു ഗ്രന്ഥകർത്രി വിലകല്പിച്ചും, മറെറാരു സാഹിത്യസഖി ബി. കല്യാണിഅമ്മ അതു സ്വാഗതാർഹമെന്നു സോപപരി പ്രശംസിച്ചാലും ചില കൊച്ചമ്മമാർ ഇതെല്ലാം അമ്മായിപ്പഞ്ചതന്ത്രമെന്നു തള്ളിക്കളയാനാണെളുപ്പം.

നമ്മുടെ ഗൃഹേശ്വരികൾ അടുക്കളപ്പത്തി അത്രമാത്രം വെറുത്തുകഴിഞ്ഞിട്ടുണ്ടു്. ആ മിഥ്യാബോധത്തിൽനിന്നു ദുരഭിമാനത്തിൽനിന്നു സ്ത്രീകളെ കർത്തവ്യനിരതരാക്കുന്നതിനു ഈ ഗ്രന്ഥം സമർത്ഥമായിട്ടുണ്ടു്. അടുക്കളയെ സംബന്ധിച്ച വിവിധകാര്യങ്ങളേയും അടുക്കടുക്കായി വിവരിക്കുന്നതിൽ ഗ്രന്ഥകർത്രിയുടെ പ്രായോഗികപരിജ്ഞാനവും ഗവേഷണചതുരതയും അഭിനന്ദനീയമായവിധം പ്രകാശിച്ചുകാണുന്നുണ്ടു്. ഒരു വായനയ്ക്കുള്ള പുസ്തകമെന്ന നിലയിൽ ഇതു മറിച്ചു തള്ളാനുള്ളതല്ലെന്നും ഈ ഗ്രന്ഥം അധ്യാപനയോഗ്യമായി സ്വീകരിക്കേണ്ടതാണെന്നും ഈ അവസരത്തിൽ വെളിപ്പെടുത്തേണ്ടതായിരിക്കുന്നു. നമ്മുടെ ജീവിതത്തിലെ അതിപ്രധാനമായ ഘടകമായി ബന്ധിച്ചുകിടക്കുന്ന അടുക്കളക്കാര്യം, അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടി ആരും ഇതേവരെ ചിന്തിച്ചുനോക്കിയിട്ടുണ്ടെന്നു തോ

മാധവ

സരസപരില

നറുനീണ്ടി സത്ത്

രക്ത ശുദ്ധിക്കും
രക്തം ഉഷ്ണിച്ചുണ്ടാകുന്ന
രോഗങ്ങൾക്കും
അത്യുത്തമം

മാധവ ഫാർമസി ലിമിററഡ്
ബാനർജി റോഡ്, എറണാകുളം

SOLD EVERYWHERE
Distributors for
Travancore & Cochin
A. KUMARAN, ALWAYE.

# കഥാലത

—o—

ഗ്രന്ഥകർത്താ,

സി. എ. കിട്ടുണ്ണി

പത്രാധിപർ-ചന്ദ്രകാസൻ-തൃശ്ശൂർ

വില രൂ-൧ അ൮

ഹിന്ദുതുടങ്ങിയ സുപ്രസിദ്ധ പത്രങ്ങളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ള പ്രസ്തുതഗ്രന്ഥത്തിന്റെ പുനഃപ്രസിദ്ധീകരണം സ്വാഗതാർഹമാണു്. ഈ കഥാലതയിൽ അഴകെഴുന്ന അഞ്ചു സുമങ്ങൾ വികസിച്ചിരുളുന്നു. ഇന്നത്തെ ചെറുകഥാ പ്രപഞ്ചത്തിൽ ഇതിനെ പ്രത്യേകം പരിഗണനത്തിനു വിധേയമാക്കുന്നതായ ഒരു വിശേഷവിധിയുണ്ടു്.

ശുദ്ധജീവിതത്തിലെ സൂക്ഷ്മസ്വഭാവത്തിനു തന്മയീഭാവം വരുത്തുന്നതിനുതകുന്ന വിധം കഥാപാത്രങ്ങളെ സൃഷ്ടിക്കുകയും അവരുടെ ക്രീഡാചേഷ്ടകളെ അനുഭവബോധ്യം വരുമാറു വിശദീകരിക്കുകയും ചെയ്യുകയെന്നുള്ളതാണതു്.

കേരളത്തിലെ ഗ്രാമപ്രദേശങ്ങളെ വർണ്ണിക്കുന്നതിൽ ഗ്രന്ഥകർത്താവു് ദീക്ഷിച്ചു കാണുന്ന ഔപചിത്യബോധവും യാഥാർത്ഥ്യത്തികവും അഭിനന്ദിക്കേണ്ട വാസ്തവാംശങ്ങളായി ഇതിൽ നിലകൊള്ളുന്നു. അസുചിത സംഭവങ്ങളുടെ ജുഗുപ്സാവഹമായ പ്രതിപാദനംകൊണ്ടു പ്രസ്ഥാനപ്പെരുമ്പറതാക്കുന്നലോഷം ഇതിലില്ല. ശാന്തവും സാധാരണവും ആയ സംഭവങ്ങൾക്കു കാവ്യജീവൻ കൊടുത്തു അദ്ദേഹം സൃഷ്ടിച്ചിട്ടുള്ള കഥാപാത്രങ്ങൾ നമ്മെ രസിപ്പിക്കത്തക്ക പരിചിതരായി നിലകൊള്ളുന്നു. കലാശില്പവിധാനത്തിൽ അത്യന്തം പ്രയാസമേറിയ ഒന്നായി നിലകൊള്ളുന്നതു് തന്മയീഭാവസ്ഫുരണമാണെന്നു അതിൽ പരിചയപ്പെട്ടിട്ടുള്ള ആരും സമ്മതിക്കും. ശൈശവസഹജമായ സ്വഭാവവിശേഷങ്ങളെ അതിശയോക്തിസ്പർശം കൂടാതെ ആവിഷ്കരിച്ചു, തന്മയത്വം വരുത്തുന്നതിൽ മലയാളഭാഷ വളരെ പുറകിലാണു ഇന്നും നിലകൊള്ളുന്നതു്. ഈ ന്യൂനത പരിഹരിക്കാൻ നമ്മുടെ ചെറുകഥാകൃത്തുക്കൾ വിചാരിച്ചാൽ സാധ്യമാകുന്നതേയുള്ളൂ. നായികാനായകന്മാരുടെ പ്രേമസല്ലാപവും ചുംബനാദ്യനുഭവങ്ങളും വർണ്ണിക്കപ്പെട്ടില്ലെങ്കിൽ കഥയ്ക്കു എന്തൊരു രസമാണെന്നു ചോദിക്കത്തക്കവിധം വായനക്കാരന്റെ വാസനയെ ഇന്നത്തെ ചെറുകഥകൾ അത്രമേൽ ദുഷിപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്. അങ്ങനെയുള്ള രസംപിടിപ്പിക്കലൊന്നും കൂടാതെതന്നെ കഥകൾക്കു സാഹിത്യത്തിന്റെ പരമോദ്ദേശ്യം സാധിക്കാമെന്നു, അങ്ങനെ അനുവാചകന്റെ വാസനയെ മാനസാന്തരപ്പെടുത്താമെന്നു നമ്മുടെ ചെറുകഥാകൃത്തുക്കൾ മനസ്സിലാക്കി പ്രവൃത്തിച്ചു തുടങ്ങേണ്ടതായിട്ടിരിക്കുന്നു. അങ്ങനെ മഹത്തായ പ്രചോദനത്തിന്റെ പ്രത്യക്ഷസാക്ഷ്യമായിട്ടാണു കഥാലതയിലെ മിക്കകഥകളും അനുഭവപ്പെടുന്നതു്. കടലക്കാരിപ്പെണ്ണു വീട്ടിലെ കഷ്ടപ്പാടിൽനിന്നു ഒളിച്ചോടി ഒടുവിൽ മാളികമുകളിലേറുന്ന കാകതാലീയം കഥാപ്രപഞ്ചത്തിൽ യോജിച്ചതായിരിക്കാം. കഥാസംഭവങ്ങളിൽ ഇത്തരം ചിലപൊരുത്തക്കേടുകൾ അനുഭവപ്പെട്ടാലും, വടക്കൻവാക്കുകളുടെ ചുവ ഇതിൽ കൂടിപ്പോയിരിക്കാമെന്നാലും ശ്രീ സി കിട്ടുണ്ണി അവർകളുടെ സാഹിത്യപരിശ്രമത്തിൽ മലയാളഭാഷയ്ക്കു ധാരാളം അഭിമാനിക്കാവുന്നതാണു്. (സി. എം. പി.)

[അടുക്കള — തുടർച്ച] ന്നുന്നില്ല. ആ അനാസ്ഥമൂലം നമ്മുടെ നിത്യജീവിതത്തിൽ അസുഖം ഒഴിയാതെയും ആയിട്ടുണ്ടു്. ഈ ഗൃഹബാധയെ ഉച്ചാടനംചെയ്യാനുള്ള ശുലികർമ്മവും തന്ത്രമാഗ്ഗവും നമ്മുടെ കുലകന്യകകൾ പരിശീലിക്കേണ്ടതായിത്തന്നെ ഇരിക്കുന്നു. ആ വിധികൾ, ഈ ഗ്രന്ഥം സമഗ്രമായി സംധിച്ചിട്ടുണ്ടു്. 'ആനന്ദത്തിന്റെ നേരിയ ചിരികൾ, ആശ്വാസത്തിന്റെ ആലക്തികപ്രഭ, കർമ്മോന്മുഖതയുടെ മണനാദം, ഉത്സാഹത്തിന്റെ നടനപാടവം, ഇവകളെല്ലാം പ്രത്യക്ഷമായി തെളിഞ്ഞുകാണാൻ കഴിയും', എന്നു അടുക്കളയിലെ സാഹിത്യസൗരഭ്യത്തിൽ ചില വിഭവങ്ങൾ സഹൃദയക്കായി ഗ്രന്ഥകർത്രി ചരതിക്കാതിരുന്നിട്ടില്ല. സി. എം. പി.

# വിവാഹമെന്തിനു്?

—o—

ഡി. ശ്രീമാൻനമ്പൂതിരി, മൂവാററുപുഴ.

["You regarded marriage as a degrading bargain, by which a woman sells herself to a man for the social status of a wife and right to be supported and pensioned in old age out of his income"—ജോർജ്ജ് ബർണാർഡ്ഷായുടെ ഈ വാചകം മനസ്സിൽ ഒന്നു സങ്കല്പിക്കുക]

യുവതി—

വാല്യമാഗമിച്ചാത്ത-
ഗാത്രഭാഗി നശിക്കവേ
കാത്തിടാൻ പ്രാപ്തനായോനെ
ക്കാത്തു കാലംകഴിപ്പു ഞാൻ,

യൌവനത്തിൻ വികാരത്താൽ,-
സൌവർണ്ണോജ്ജ്വലകാന്തിയാൽ,-
മദീയമാം മുഖത്തങ്കൽ
മാധുര്യം മെത്തിനിൽക്കവേ,

തുളുമ്പും കൊങ്കയിൽ പ്രേമ-
മരന്ദം മുററിനിൽക്കവേ,
തുടുപ്പേറും കവിൾത്തട്ടിൽ
ശുമന്ദസ്മേരമോലവേ,

പാദത്തിലരയന്നത്തിൻ
യാനഭംഗ കളിക്കവേ,
പാടലാധരമോലുന്ന
മോടിതുള്ളിത്തുളുമ്പവേ,

വികാരാവിഷ്ടനായുള്ള
യുവാവിൻ ചാഞ്ഞചിന്തയിൽ
ചേർന്നിരുന്നീടുവാൻ ഭാവി
പൂർണ്ണശോഭിതമാക്കുവാൻ

## അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ

ദേവരാജ്യം —ലഘുനാടകം ആർ. വിശ്വനാഥ്, സ്വരാജ് പുസ്തകമന്ദിരം, പത്തനംതിട്ട. പേജ് ൫൨ വില അണ ൧൨.

അഞ്ചുമിനിട്ട് ചെറുകഥകൾ. കെ. ഗോപിനാഥ്, കടവത്തു് കെ. സുകുമാരൻ & ബ്രദേഴ്സ്, കുഴിത്തുറ, കരുനാഗപ്പള്ളി. പേജ് ൫൦-വില ൧ രൂപ.

പ്രാഥമിക വിദ്യാലയഗാനങ്ങൾ—പ്രസാധകൻ ആർ. ബി. പിള്ള, മംഗളോദയം, മന്നാർ. പേജ് ൧൬ വില പണം ൧.

തരളതാരകം പദ്യം. എൽ. സി. സാമുവൽ. പ്രസാധകൻ കെ. കെ. എബ്രഹാം. കിക്കൊളൂർ. പേജ് ൪൪. വില ൧ രൂ ൮ ണ.

ഏട്ടത്തുടിപ്പുകൾ—പദ്യം. കെ. പി. ബെൻ, പട്ടക്കടവ്. പ്രസാധകൻ നെട്ടാലപ്പത്തു എം. ഗോപാലപിള്ള. പേജ് ൧൪. വില അണ വ്യ.

ഒന്നെനിക്കറിയാം: ഭർത്താ-
വെന്നവൻ വ്യവസായകരിൽ
ഒരാളെന്നെന്നാകില്ല
നിരാലംബം മമോഗതം.

പാറിപ്പിടിച്ചുകൊള്ളട്ടെ
മററും ഞാനൊരുശാഖിയിൽ
പടന്നുകേറി മച്ചിന്ത
വിട്ടുനു വിലസീടുവാൻ

—o—

എന്റെ സമ്പാദ്യം സുരക്ഷിതമായും ആദായകരമായും നിക്ഷേപിക്കുവാൻ എങ്ങിനെ സാധിക്കും?

ഏത പണിയിക്കുവാനോ, നിലം വാങ്ങിക്കുവാനോ, അതുപോലെ മററു പ്രയോജനകരമായ കാര്യത്തിന്നോ വേണ്ടി ആയിരിക്കാം നിങ്ങൾ സമ്പാദിക്കുന്നതു്. നിങ്ങളുടെ ഉദ്ദേശം എന്തുതന്നെ ആയാലും, നിങ്ങളുടെ സമ്പാദ്യത്തെ പലിശകൊണ്ടു് കാലാന്തരത്തിൽ വദ്ധിപ്പിക്കുവാൻ സാധിക്കും. ആവശ്യപ്പെടുമ്പോൾ പെട്ടെന്നു് തിരിയെ എടുക്കുകയും ചെയ്യാം.

നിങ്ങളുടെ പ്രത്യേകാവശ്യങ്ങൾക്കു് അനുയോജ്യമായ ഉപദേശം പാലാ സെൻട്രൽ ബാങ്ക് ബ്രാഞ്ചു മാനേജർ സസന്തോഷം പറഞ്ഞുതരും. പല ആകർഷകാംശങ്ങളോടു കൂടിയ ബാങ്കിന്റെ കാഷ് സർട്ടിഫിക്കററുകൾ മിക്ക ആവശ്യങ്ങൾക്കും പററിയവയാണു്.

കാഷ് സർട്ടിഫിക്കററുകൾ ★ സ്ഥിരം ഡിപ്പോസിററുകൾ ★ കറണ്ട് & സേവിംഗ്സ് അക്കൌണ്ടുകൾ ★ കടവാടക്ക സൌകര്യങ്ങൾ




പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

(തിരുവിതാംകൂറിൽ റജിസ്റ്റ്രാക്കപ്പെട്ടതു് -
ഓഹരിക്കാരുടെ ബാദ്ധ്യത ക്ലിപ്തം)

കൊല്ലം—തിരുവതാംകൂ] ലല്ലാ] ിത്തു ബ്രാഞ്ചുകൾ

# *ഗ്രാമോദ്ധാരണവും സഹകരണവും

സഹകരണസംഘം രജിസ്ട്രാർ കെ. മാധവക്കുറുപ്പ് എം. എ.

ഈ സംയോഗത്തിൽ, ധനപരിപോഷണബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഗ്രാമോദ്ധാരണ മഹാസമ്മേളനത്തിന്റെ ഉപസമ്മേളനപരമ്പരയിൽ സഹകരണയോഗത്തിന്റെ ആദ്ധ്യക്ഷം വഹിക്കുവാൻ അവസരം നൽകിയതു സഹകരണവകുപ്പു മേലദ്ധ്യക്ഷന്റെ സ്വാഗതാർഹവും സ്വതന്ത്രനിലയിൽ എനിക്കു വലിയ ചാരിതാർത്ഥ്യത്തിനു നിദാനവുമാകുന്നു. ഗ്രാമീണരുടെ ഇടയിൽ സമൃദ്ധിയും ഐശ്വര്യവും കൈവരുത്തി ഗ്രാമങ്ങളെ നന്നാക്കുന്നതിനു നമ്മുടെ മുമ്പിൽ ആവിർഭവിച്ചിട്ടുള്ള ഗംഭീരമായ കർത്തവ്യത്തിൽ സഹകരണത്തിനുള്ള സ്ഥാനത്തെ അംഗീകരിക്കുകയാണ് അതിൽ ഞാൻ ദർശിക്കുന്നത്.

സഹകരണം ഉത്തമമായ ഒരു വ്യാപാരരീതിയാണെന്നുള്ളതിനു പുറമേ, ഉത്തമമായ ഒരു ജീവിതരീതിയും, വാസ്തവത്തിൽ നമ്മുടെ സാമുദായികപരസ്പരബന്ധങ്ങളെ പവിത്രവും നിർമ്മലവും ആക്കുന്നതിനു ഉതകുന്ന ഒരു മതവും ആകുന്നു. അന്യോന്യം ചൂഷണം ചെയ്യുന്നതിനുള്ള ശ്രമങ്ങൾക്കും സാമുദായികവും സാമ്പത്തികവുമായി ഖണ്ഡിതമായ ഉച്ചനീചവ്യത്യാസങ്ങൾക്കും സ്ഥാനമില്ലാത്ത സ്വച്ഛന്ദവൃത്തികളായ സമൂഹങ്ങളുടെ സ്വാതന്ത്ര്യമായ ഒരു പങ്കാളിത്വമാണ് സഹകരണം. നാം ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നപക്ഷം നമ്മുടെ ജനസഹസ്രങ്ങളുടെ ജീവിതത്തോതു ഉന്നമിപ്പിക്കുന്നതിനും അവരുടെ ഉന്മേഷശൂന്യവും ശുഷ്കവും ആയ ജീവിതത്തിൽ പ്രീതിയും പ്രകാശവും ആശാരശ്മികളും പ്രവേശിപ്പിക്കുന്നതിനും, പ്രസ്ഥാനത്തിൽ അന്തർല്ലീനങ്ങളായ സാദ്ധ്യതകൾ അപാരങ്ങളാകുന്നു. മനുഷ്യൻ ആശിക്കുന്നെങ്കിലും ഒരിക്കലും അടുക്കാത്ത ഒരു ആദർശമാണ് സഹകരണം. എന്തെന്നാൽ അതിന്റെ ഓരോ സാധനയിലും എത്തിച്ചേരുമ്പോഴും സ്വാധീനപ്പെടുത്തേണ്ട നവലോകങ്ങളിലേക്കുള്ള പുതിയ മാർഗ്ഗങ്ങൾ തുറന്നുകാണുന്നു. ഒരു സാമ്പത്തികസമ്പ്രദായമാണെങ്കിലും ഒരു ആത്മീയപശ്ചാത്തലം ഉള്ളതുകൊണ്ടു സഹകരണതത്വങ്ങൾക്കു എല്ലാ മനുഷ്യപ്രയത്നങ്ങളിലും പ്രവേശിച്ചു അവയെ ഉത്തേജനം ചെയ്യുവാൻ കഴിയും.

ഒരു ഗ്രാമത്തെ സന്തോഷവും, ആരോഗ്യവും സുഖവും ഉള്ള ഒരു അധിവാസസ്ഥലമാക്കുന്നതിനു ആയിരത്തിയെട്ടുകൂട്ടം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പ്രാദേശികങ്ങളായ ആവശ്യങ്ങളുടേയും, സൗകര്യങ്ങളുടേയും, പരിഷ്കാരങ്ങളുടേയും ഒരു ദീർഘമായ പട്ടിക നിങ്ങളിൽ ഓരോരുത്തർക്കും കാണിക്കുവാൻ കഴിയും. പക്ഷേ ഗ്രാമം സംഘടനാരഹിതവും മൂകവുമായി പരിശേഷിക്കുന്നു. എല്ലാം ഗ്രാമീണരും ചേർന്നു വിശ്വാസത്തോടുകൂടി സംഘടിക്കുന്നപക്ഷം ഒരു ഗ്രാമത്തിൽ രൂപീകരിക്കപ്പെട്ട ഒരു സഹകരണസംഘത്തിനു എല്ലാ സേവനങ്ങളും അനുഷ്ഠിക്കുവാനും എല്ലാ ആവശ്യങ്ങളും നിറവേറ്റുവാനും കഴിയുന്നതാണ്. എന്തെന്നാൽ സഹകരണം സ്വയം സേവനം മാത്രമല്ല പരസ്പരസഹായംകൂടിയാണ്. ഒന്നിലധികം രാജ്യങ്ങളിൽ ഋണബാധിതരും ദരിദ്രരും ആയ ഗ്രാമീണരെ ഉദ്ധരിച്ചു സ്വാതന്ത്ര്യത്തിലേക്കും ഐശ്വര്യത്തിലേക്കും അതു നയിച്ചിട്ടുണ്ട്; മറ്റുള്ളിടത്തു സാധിതപ്രായമായ കാര്യങ്ങൾ ഇവിടെയും സാദ്ധ്യമാണ്. അസാമ്പത്തികമായ ശിഥിലഭൂസ്വത്തും, വിപുലമായ തൊഴിലില്ലായ്മയും തൊഴിൽപോരായ്മയും ഉള്ള ഒരു കാർഷികരാജ്യത്തു സഹകരണം ഏറ്റവും സ്വീകാര്യമായ ഒരു പദ്ധതിയാണ്. തിരുവിതാംകൂറിൽ സഹകരണത്തിനു അതർഹിക്കുന്ന വിജയം സിദ്ധിച്ചിട്ടില്ലെങ്കിൽ അതിനു കാരണം പ്രസ്ഥാനത്തിന്റെ കുറ്റമല്ല, പക്ഷേ ഇവിടുത്തെ പരിതഃസ്ഥിതികളാണ്. അതിൽ പ്രധാനമായുള്ളവ നേതാക്കന്മാരുടെ അനാസ്ഥയും, പരിശീലനവും സിദ്ധിച്ചിട്ടുള്ള ത്യാഗികളായ പ്രചാരകന്മാരുടെ അഭാവവും, ഗ്രാമീണരിൽതന്നെ ശരിയായ ആത്മവിശ്വാസവും പരസ്പരവിശ്വാസവും ഉളവാക്കുന്നതിനുള്ള കഴിവില്ലായ്മയും ആകുന്നു.

ശരിയായ സംഘടനയും, മതിയായ ധനശേഷിയും കാര്യക്ഷമമായ സേവനവും ഉള്ളപക്ഷം ഒരു ഗ്രാമസഹകരണസംഘത്തിനു അത്ഭുതങ്ങൾ കാട്ടുവാൻ കഴിയും. അനവധി ശാഖകൾ കിട്ടിയ ധനസഹായവിഭാഗത്തിനു ഒരു ഗ്രാമീണബാങ്കായി വർത്തിക്കാം. അതിനു മിതവ്യയശീലവും സമ്പാദ്യബുദ്ധിയും പരിപോഷിപ്പിക്കാം. ഹ്രസ്വകാലവായ്പകളും, സ്വല്പകാലവായ്പകളും കൊടുത്തു പണവ്യാപാരിയെ അകറ്റിനിർത്താം. അതിനു ബാങ്കിംഗ് സ്വഭാവം ഗ്രാമീണരിൽ ജനിപ്പിക്കയും ചെയ്യാം: അതിന്റെ വക പണ്ടകശാലകളിലെ 'ഗുദാ'മുകളിലോ ഉൽപന്നങ്ങൾ സംഭരിക്കയും, അവയുടെ വിലയിൽ ഒരു അംശം കർഷകനു മുന്മാറായി കൊടുത്തു അവനെ അവന്റെ സാധനങ്ങൾ മുട്ടുവിലയ്ക്കു വിൽക്കുന്ന നഷ്ടത്തിനു ഇടയാക്കാതെ രക്ഷിക്കയും ചെയ്യാം. സാധനങ്ങൾ വലിയ തോതിൽ സംഭരിക്കുവാൻ നിവൃത്തിയുള്ളതുകൊണ്ടു വിപണനത്തെ സഹായിക്കുവാനും നഗരങ്ങളുമായി ബന്ധം പുലർത്തുവാനും അതിനു കഴിയും. സംഘത്തിനു പരിഷ്കരിച്ച വിത്തിനങ്ങൾ, വളം, കൃഷി ആയുധങ്ങൾ, കന്നുകാലിഭക്ഷ്യങ്ങൾ ഇവ സംഭരിച്ചു ന്യായമായ വിലയ്ക്കു വില്ക്കുവാൻ സാധിക്കും. അതിനു നിത്യനിദാനാവശ്യസാധനങ്ങൾ ഉടമസ്ഥാവകാശത്തോടെ ശേഖരിച്ചു വില്പനയ്ക്കു സൂക്ഷിക്കുവാൻ കഴിയും. ഉപഭോഗസാധനങ്ങൾ ഒരു 'ഏജൻസി' സമ്പ്രദായത്തിൽ വിതരണം ചെയ്യുവാനും സാദ്ധ്യമാണ്. സംഘത്തിനു ഒരു ഗ്രന്ഥാലയവും വായനശാലയും നടത്താം. അതിനു ഒരു വയോജനവിദ്യാഭ്യാസസ്ഥാപനം തുടങ്ങാം. ഒരു റേഡിയോ സ്ഥാപിക്കാം. ഗ്രാമത്തിനാവശ്യമായ റോഡുകൾ, ജലസേചനമാർഗ്ഗങ്ങൾ ഈ വക പൊതുമരാമത്തുകൾ 'കൺട്രാക്റ്റ്' ഏറ്റു നടത്താവുന്നതാണ്. അതിനു പ്രസവശുശ്രൂഷയും ശിശുപരിചരണവും ചെയ്യാം. ഒരു ചെറിയ 'ഡിസ്പെൻസറി'യും അതിനു നടത്താം. അതിനു, പ്രാദേശികാവശ്യങ്ങളെ കേന്ദ്രീകരിക്കയും പൊതുജനാഭിപ്രായത്തെ രൂപീകരിക്കയും അവയെ തദ്ദേശീയോത്സാഹംകൊണ്ടോ സർക്കാർസഹായംകൊണ്ടോ നിർവ്വഹിക്കുകയും ചെയ്യാം. പൊതുജനാരോഗ്യത്തിനും കൃഷിക്കും വേണ്ട പ്രചരണവും നടത്താം. ഒരുകാലത്തു പ്രചുരപ്രചാരമായിരുന്നതും ഇപ്പോൾ ക്ഷയോന്മുഖമായിരിക്കുന്നതും ആയ ഉപവ്യവസായങ്ങളെ പുനസ്സംഘടിപ്പിക്കയും, നിർമ്മിതസാധനങ്ങളെ വിക്രയം ചെയ്വാൻ സഹായിക്കയും ആകാം. വിവിധമാർഗ്ഗങ്ങളിൽകൂടി വിശിഷ്ടങ്ങളായ ആശയങ്ങളുടെ പ്രചരണകേന്ദ്രമായി വർത്തിക്കാം. ഇപ്പോൾ ഇവയിൽ ഒന്നോ അതിലധികമോ തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംഘങ്ങൾ പലതുമുണ്ടെന്നുള്ളതിൽനിന്നും ഞാൻ പറഞ്ഞതിന്റെ സാദ്ധ്യതകൾ പ്രത്യക്ഷമാണ്. സംഘങ്ങളുടെ നിബന്ധനകൾ മേൽപറഞ്ഞവയും ഇതരങ്ങളും ആയ കാര്യപരിപാടികൾ ഉൾക്കൊള്ളത്തക്കവിധം ആനമനീയങ്ങളാണ്. സംഘത്തിനു 'വിവിധോദ്ദേശ' സഹകരണസംഘം എന്ന ഭംഗിയില്ലാത്ത പേർ വിളിച്ചില്ലെങ്കിലും ഇതെല്ലാം ചെയ്യാം. ഈ കാര്യങ്ങളിൽ ഏതാനുമെങ്കിലും സാദ്ധ്യമായാൽ ഗ്രാമജീവിതം ആരോഗ്യപൂർണ്ണവും ആകർഷകവും ആയിത്തീരും.

ആലോചനകൾക്കു നിശ്ചയിച്ചിരിക്കുന്ന വിഷയങ്ങളുടെ വിവരം ഞാൻ പരിശോധിക്കയുണ്ടായി. ചർച്ചകൾ കൂടുതൽ ഏകാഗ്രമാക്കിത്തീർക്കുന്നതിനായി അവയിൽ ചിലതിനെപ്പറ്റി ഒന്നു രണ്ടു വാക്കു പറയുന്നതിനു നിങ്ങൾ എന്നെ അനുവദിക്കുമെന്നു വിശ്വസിക്കുന്നു. സംഘങ്ങൾക്കു ഗ്രാമോദ്ധാരണ കാര്യത്തിലും, ഉപവ്യവസായ പരിപോഷണത്തിലും ചെയ്യാവുന്ന സജീവസഹായങ്ങൾ എന്തെല്ലാമാണെന്നു ഞാൻ സൂചിപ്പിച്ചു കഴിഞ്ഞു. ഈ കാര്യങ്ങൾ എല്ലാം സംഘങ്ങൾതന്നെ നിർവ്വഹിച്ചെങ്കിലേ പ്രസ്ഥാനം ഗ്രാമീണരുടെ സ്വന്തമെന്നു അഭിമാനിക്കുവാനും, ബാഹ്യമായ ഒരു അധികൃതസ്ഥാനം അടിച്ചേൽപ്പിച്ചതാണെന്നു തോന്നാതെയിരിക്കുവാനും സാദ്ധ്യമാകയുള്ളു. സഹകരണഡിപ്പാർട്ടുമെന്റിലെ ഭരണാധികൃതരേയും മാത്രമല്ല സംഘങ്ങളുടെ ഉദ്യോഗസ്ഥന്മാരെയും സിൽബന്തികളെത്തന്നെയും ഗ്രാമോദ്ധാരണ പ്രവർത്തനങ്ങളിൽ പരിശീലിപ്പിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ അനിഷേധ്യങ്ങളാണ്. ഗ്രാമോദ്ധാരണത്തെപ്പറ്റി ഇന്നു നമുക്കുള്ള ആശയങ്ങൾ വ്യക്തമാണ്. അത്യന്താപേക്ഷിതങ്ങളാണെങ്കിലും റോഡുകളും കിണറുകളും കൊണ്ടു ഗ്രാമോദ്ധാരണമായില്ല. സമഗ്രവും സമ്പൂർണ്ണവുമായി ഗ്രാമജീവിതത്തിനെ പുനസ്സന്ധാനംചെയ്കയാണാവശ്യം. ഗ്രാമോദ്ധാരണ പ്രചാരകന്മാരായി പരിശീലനം ലഭിച്ച സംഘോദ്യോഗസ്ഥന്മാർക്കു സുഭിക്ഷമായ വേതനം കൊടുക്കണമെന്നും, പ്രതിഫലമില്ലാത്ത ജോലിയായിരിക്കരുതെന്നും, ഉള്ളതു സർവ്വപ്രധാനമാണ്. സമ്മേളനം നിശ്ചിതനിർദ്ദേശങ്ങൾ സമർപ്പിക്കുന്നപക്ഷം ഗ്രാമോദ്ധാരണസംഘങ്ങളുടെ നിബന്ധനകൾ പരിഷ്കരിക്കാവുന്നതാണ്. പ്രവൃത്തികൾക്കു ആവർത്തനവും ഇരട്ടിയും എന്തായാലും വന്നുകൂടാത്തതാണ്. ഇന്നാകട്ടെ ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ, സഹകരണസംഘങ്ങൾ, പഞ്ചായത്തുകൾ, വില്ലേജുയൂണിയൻ ഇപ്രകാരമുള്ള സ്ഥാപനങ്ങളുടെ പരിധികൾ വളരെ വിശാലമാണ്. പ്രത്യേകസ്ഥാപനങ്ങൾ ഓരോ ജോലികൾ ഏറ്റെടുക്കുന്നതുകൊണ്ട് പല ഗുണങ്ങളുമുണ്ട്. തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിട്യൂട്ടിന്, ധനപരിപോഷണബോർഡിന്റെ സഹപ്രവർത്തനത്തോടുകൂടി ഗ്രാമപ്രവർത്തകർക്കു പരിശീലനം നൽകുവാൻ ഉദ്ദേശമുണ്ട്. ധനസഹായം ഉള്ളപക്ഷം അതിനു ഒരു അർദ്ധമാസികയോ പ്രതിവാരമോ ആയ പത്രം പ്രസിദ്ധീകരിക്കുന്നതിന് സാധിക്കുന്നതും, ഒരു പര്യടനസിനിമായും, പ്രസംഗങ്ങളും മുഖാന്തരം മററു പ്രചരണങ്ങൾ ചെയ്യാവുന്നതും ആണ്. സഹകരണക്കൂട്ടുകൃഷിയെപ്പററി എനിക്കു ബലമായ അഭിപ്രായമുണ്ട്. ശാസ്ത്രീയകൃഷിക്കുവേണ്ട സൗകര്യങ്ങൾ ഉണ്ടാകുന്നതുകൊണ്ടും, വൻതോതിലുള്ള യന്ത്രസഹായമുള്ള കൃഷിസമ്പ്രദായം സാദ്ധ്യമാകുന്നതുകൊണ്ടും അതു തിട്ടമായും വിളവു വർദ്ധിക്കുന്നതാകുന്നതാണ്. കൃഷീവലന്റെ ഋണഭാരം സുലഭമായ ധനസഹായലഭ്യമായ ലാഘവംകൊണ്ടോ, വായ്പകൾ തീരെ ഉപേക്ഷിക്കുന്നതുകൊണ്ടുകൂടിയോ നിശ്ശേഷം തീരുകയില്ല. അവശ്യം വേണ്ടതു ഉല്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. അടുത്തതായി പ്രാധാന്യം അർഹിക്കുന്നതു കൃഷീവലന്റെ ഉല്പന്നങ്ങളുടേയും, അവന്റെ ആവശ്യസാധനങ്ങളുടേയും വിലയുടെ തോതു സൂക്ഷിക്കുകയാണ്. മദ്രാസിൽ ഈയ്യിടെ കൂടിയ സഹകരണസമ്മേളനങ്ങൾ സഹകരണക്കൂട്ടുകൃഷിയുടെ ആവശ്യകതയെ ചൂണ്ടിക്കാണിക്കയും പ്രവിശ്യാസംസ്ഥാനഗവർമ്മെന്റുകളോടു ഈ വിഷയത്തിൽ പരീക്ഷണങ്ങൾ നടത്തണമെന്നു നിർബന്ധിക്കുകയും ചെയ്തിട്ടുണ്ട്. ഈവിധത്തിൽ വൻതോതിലുള്ള കൃഷിപദ്ധതികൾ ഇവിടെയും രൂപീകരിക്കാൻ ആലോചനകൾ നടന്നുവരുന്നുണ്ട്. സെൻട്രൽപ്രാവിൻസിൽ താലൂക്കുതോറും ഓരോ സഹകരണകൃഷിസ്ഥലം സ്ഥാപിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇവിടെ ഇപ്പോൾ കൃഷിചെയ്തുവരുന്ന ഭൂമികൾമാത്രം പരീക്ഷണത്തിനു ലഭ്യമാകുന്നതാൽ ഭൂസ്വത്തുടമസ്ഥന്റെ വീക്ഷണത്തിനുതന്നെ ഒരു സമൂലപരിവർത്തനം വന്നുവെങ്കിൽമാത്രമേ കൂട്ടുകൃഷി സാധിക്കയുള്ളു. പട്ടിണിപറ്റിയ രണ്ടു കാളകൾ ഒരു മരക്കലപ്പ വലിച്ചിഴച്ചു വയലിൽ വരയിടുന്നതു, തലയിൽ തോർത്തുംകെട്ടി വെയിൽകാഞ്ഞോ, പുട്ടിൽചൂടി മഴനനഞ്ഞോ വരമ്പത്തുനിന്നു കാണുന്നതിനുള്ള അധികാരത്തിന്റെ പര്യായപദമാണു നിലംഉടമസ്ഥതയെന്നു കൃഷിക്കാർ കരുതുന്നുണ്ട്. വസ്തുഉടമസ്ഥന്റെ ഇപ്പോഴത്തെ ആദായം തുടർന്നു ലഭിക്കുമെന്നുള്ള ഉറപ്പുകൊണ്ടു തൃപ്തിപ്പെടുകയും, അവന്റെ തുണ്ടുഭൂമികളെ ഏകോപിക്കുന്നതിനു മനസ്സുണ്ടാകയും, ചില അച്ചടക്കത്തിനും നിയന്ത്രണത്തിനും നിർബന്ധത്തിനും വിധേയനാകയും കൂടാതെ കഴികയില്ല. ഗ്രാമീണഭവനനിർമ്മാണത്തിന്റെ ആവശ്യകത പൂർണ്ണമായി ബോദ്ധ്യപ്പെട്ടു കഴിഞ്ഞിട്ടില്ല. ഒരു നല്ല വീടു ഐശ്വര്യത്തിന്റെ ഒരു സൂചനയും ജീവിതത്തോതിന്റെ ഉയർച്ചയുടെ ഒരു ലക്ഷ്യവും ആകുന്നു. പുതിയ മാതൃകകൾ സ്വീകരിക്കേണ്ടതാവശ്യമാണ്. ഒരു നല്ലവീട്ടിൽ താമസിക്കുന്നതിന്റെ മാനസികഫലങ്ങൾ അപരിമേയങ്ങളാണ്. പ്രാഥമിക സംഘങ്ങളിൽ തിരഞ്ഞെടുപ്പ് ആണ്ടുതോറും നടപ്പുണ്ട്. ഒരു കമ്മിറ്റിമെമ്പർ തുടർച്ചയായി ഇരിക്കുന്നതിനു റൂൾ ൩ ബി അനുസരിച്ചു രജിസ്ട്രാരുടെ അനുവാദം മുൻകൂട്ടി വാങ്ങിയിരിക്കണമെന്നുണ്ട്. സഹകരണം ഒരു ഉപജീവനമാർഗ്ഗമാക്കി കമ്മിറ്റികളിൽ ഒഴിയാതെ പറ്റിപ്പിടിച്ചു ആണ്ടുതോറും തുടർച്ചയായി സങ്കല്പമാത്രമായ തിരഞ്ഞെടുപ്പുകളിൽകൂടി ചിലർ കടന്നുകൂടുന്നതാണു ഡിപ്പാർട്ടുമെന്റിൽ എനിക്കുള്ള ഒരു ശല്യം. അനവധികാലം തുടർച്ചയായി സെക്രട്ടറിമാരും പ്രസിഡന്റന്മാരും ചില സംഘങ്ങളെ അടക്കിഭരിക്കാറുണ്ട്. പുതിയ പ്രവർത്തകന്മാർ രംഗത്തുവരേണ്ടതാണ്. ആശയം ജനകീയമാണെല്ലോ. ജായിന്റുസ്റ്റാക്കുകമ്പനികളിലെപ്പോലെ ഭരണസമിതിയിലെ ഏതാനും അംഗങ്ങൾ അനുക്രമമായി പ്രതിവർഷം വിരമിക്കുന്നതിനുള്ള ഒരു ചട്ടം നയത്തിന്റേയും പ്രവർത്തനത്തിന്റേയും തുടർച്ചയ്ക്കും, പുതിയ ആളുകളെ പ്രവേശിപ്പിക്കുന്നതിനുള്ള സൗകര്യത്തിനും കൂടുതൽ ഉതകുമെന്നു എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്.

ഞാൻ നിങ്ങളുടെ ദാക്ഷിണ്യത്തെ പരീക്ഷിക്കയും സമയം അപഹരിക്കയും ചെയ്തു എന്നു ശങ്കിക്കുന്നു. സഹകരണസംഘങ്ങൾ ഗ്രാമോദ്ധാരണത്തിൽ ഒരു സിംഹഭാഗം ഏറ്റെടുത്തു തിരുവിതാംകൂറിലെ ഗ്രാമപ്രദേശങ്ങളെ സമ്പന്നവും, സന്തുഷ്ടവും, സമൃദ്ധവും ആക്കിത്തീർത്തു ഒരു പുതിയ അദ്ധ്യായം വിരചിക്കുവാൻ ഈ മഹാസമ്മേളനത്തിന്റെ ചർച്ചകളും തീരുമാനങ്ങളും പ്രയോജനപ്പെടുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

—o—

* ഗ്രാമോദ്ധാരണ സമ്മേളനം സംബന്ധിച്ചു നടത്തപ്പെട്ട സഹകരണ യോഗത്തിലെ അദ്ധ്യക്ഷപ്രസംഗം

## ആവശ്യമുണ്ട്.

നീലീശ്വരത്തുനിന്നു ഏലൂർ ഫെർട്ടിലൈസേഴ്സ് കമ്പനിയിലേക്കു വിറകു കൊണ്ടുപോകുന്നതിന്, ആറു ടൺ കേവുഭാരത്തിൽ കുറയാത്ത വള്ളങ്ങൾ ആവശ്യമുണ്ട്. വള്ളങ്ങൾക്കു പതിവു ടൺ ഒന്നിന് അഞ്ചുരൂപാവീതം വാടക കൊടുക്കുന്നതും, വള്ളക്കാർക്കു നീലീശ്വരത്തുനിന്നു ഏലൂർപോയി മടങ്ങി നീലീശ്വരത്തെത്തുന്നതിനു ഏഴരരൂപാ വീതമോ, കമ്പനി അപ്പോഴപ്പോൾ നിശ്ചയിക്കുന്ന നിരക്കനുസരിച്ചോ കൂലി കൊടുക്കുന്നതുമാണ്. ഒൻപതു ടണ്ണിൽ കൂടുതൽ പതിവുള്ള വള്ളങ്ങൾക്കു മൂന്നു വള്ളക്കാരെ നിയമിക്കുന്നതാണ്. തയ്യാറുള്ളവർ റിക്കാർട്ടുകളോടുകൂടി ആലുവാ അന്ത്രപ്പേർ കെട്ടിടത്തിലുള്ള ഫോസ്സ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് കമ്പനിയിൽ നേരിട്ടു ഹാജരാകുക.

# നെഹ്റു-ജിന്നാമാർ സഹപ്രവർത്തകരാകും

## സംശയനിവാരണവും, ജാതകതുലനവും

(എം. എൻ. ശ്രീനിവാസരാഘവയ്യങ്കാർ, എം. എ. എൽ: ററി.)

൧൧൨൨ ഇടവം ൫-ാംനു തിങ്കളാഴ്ചത്തെ മലയാളരാജ്യത്തിൽ രാഷ്ട്രീയപ്രാധാന്യമുള്ള ചില ജാതകങ്ങൾ എന്ന തലക്കെട്ടിൽ പണ്ഡിററ് നെഹ്റുവിൻെറയും മി: ജിന്നായുടേയും ജാതകഫലത്തെപ്പററി മി. കെ. കെ. കരപ്പിൻെറ അഭിപ്രായവും, പണ്ഡിററ് ജയറാമൻെറ അഭിപ്രായത്തെപ്പററി മി. രാമയ്യൻെറ ചില സംശയങ്ങളും ഞാൻ വായിക്കുന്നതിനിടയായി. മി: രാമയ്യൻ ആ സംശയങ്ങൾക്കു നിവാരണവും അഭ്യർത്ഥിച്ചിരുന്നു.

ജാതകഫലം പറയുമ്പോൾ ഗ്രഹനിലയെ കൂലങ്കഷമായി ചിന്തിച്ച് നിഷ്പക്ഷമായ അഭിപ്രായം പറയുകയാണ് ദൈവജ്ഞൻെറ ചുമതല. വ്യക്തിയുടെ പേരും പെരുമയും ദൈവജ്ഞനെ ഒരിക്കലും അസ്ഥാനത്താക്കരുത്. മി. രാമയ്യൻെറ ചില സംശയങ്ങൾക്ക് എൻെറ വിനീതമായ അഭിപ്രായം താഴെ കുറിക്കുന്നു.

പണ്ഡിററ് ജിയുടെ ജാതകത്തിൽ ജന്മലഗ്നം കർക്കടകം. ലഗ്നാധിപതിയായ ചന്ദ്രൻ സ്വക്ഷേത്രത്തിൽത്തന്നെ സ്ഥിതിചെയ്യുന്നു. എങ്കിലും ലഗ്നവും ചന്ദ്രനും സർപ്പദ്രേക്കാണത്തിലെന്നുമാത്രമല്ല അവരുടെ ഇരുവശങ്ങളിലും പാപികളും സ്ഥിതിചെയ്യുന്നു. അതുകൊണ്ട് ചന്ദ്രദശാകാലത്ത് ജാതകൻ കാരാഗൃഹവാസമനുഭവിച്ചത് അതിശയിക്കാനൊന്നുമില്ല. അതുകൊണ്ട് ജാതകം തെററാണെന്നു വിചാരിക്കേണ്ടതുമില്ല.

കുജൻ ഗുളികയുതൻമാത്രമാണ്. അതുകൊണ്ട് അഞ്ച് പത്ത് ഭാവങ്ങളുടെ അധിപനായ കുജൻ പത്താംഭാവത്തെ വീക്ഷിക്കുന്നതുകൊണ്ട് യോഗം നൽകാതിരുന്നില്ല. എങ്കിലും ഗുളികൻെറ ദോഷം ദൂരീകരിക്കത്തക്ക പരിഹാരങ്ങൾ ചെയ്തിരുന്നുവെങ്കിൽ ഫലം കുറേക്കൂടി നന്നായിരിക്കുമായിരുന്നു. ഇപ്പോഴത്തെ കുഴപ്പങ്ങൾ ഉണ്ടാകുകയുമില്ലായിരുന്നു.

ജാതകത്തിൽ ശനി മാരകനാണ്. തക്കതായ പരിഹാരംകൊണ്ട് അകാലമൃത്യുവിനെ മാററാവുന്നതാണെന്നു ഗുരുവിൻെറ വീക്ഷണം സൂചിപ്പിക്കുന്നു. അപ്രകാരം ചെയ്യില്ലെങ്കിൽ കുജൻെറ പന്ത്രണ്ടാംഭാവത്തിൽ സ്ഥിതിചെയ്യുന്ന ശനി, കുജദശയിൽ ആ ശനിയുടെ അപഹാരകാലത്തു ആപത്തുണ്ടാക്കിയേക്കാം. യോഗങ്ങൾക്ക് അകാലമൃത്യുവിനെ തടയാൻ കഴിയുന്നതല്ല. കൂടാതെ വ്യാഴൻ ആറാംഭാവത്തിൽ സ്ഥിതിചെയ്യുന്നു. ആ ഗുരുവിനെ ഒൻപതാംഭാവാധിപനായി വിചാരിക്കുന്നതിനെക്കാൾ ആറാംഭാവാധിപനായിട്ടാണ് ചിന്തിക്കേണ്ടത്. അതുകൊണ്ട് ആ ഗുരുവിൻെറ വീക്ഷണം ഗുരുവിൻെറ വീക്ഷണമായി വിചാരിക്കാമെന്നല്ലാതെ ഒൻപതാംഭാവാധിപനായ വ്യാഴൻെറ വീക്ഷണമായി കണക്കാക്കാൻ പാടില്ല.

മാലികായോഗത്തെപ്പററി ശാസ്ത്രങ്ങൾ ഇപ്രകാരം പറയുന്നു:—

നിരന്തരം യദ് ഭവനേഷു ഷട്സു
ഗ്രഹാഃ സ്ഥിതാ ഉദയ ഗൃഹാൽസമസ്താഃ
സപാപകശ്ചിദം നരപരിഭവകസ്യ
ശ്ചതുഷ്ട്യാന്നരപതി മന്ത്രിണശ്ച.

ഈ മാലികായോഗം ഒരു രാജയോഗമാണ്. കേന്ദ്രത്തിൽ പാപികളുടെ അഭാവം മറെറാരു ശുഭലക്ഷണമാണ്. ചന്ദ്രൻ, ബുധൻ, ശുക്രൻ ഇവർ കാരകസംജിതന്മാരുമാണ്.

അശൂന്യേഷു ച കേന്ദ്രേഷു
കാരകാഖ്യ ഗ്രഹേഷു ച

എന്ന് അപ്രകാരമുള്ള കാരകന്മാരെപ്പററിയാണ് പറയുന്നത്. അതുകൊണ്ട് കുജദശയിൽ ബുധാപഹാരകാലത്തിൽ ജാതകന് രാജതുല്യമായ ഒരു സ്ഥാനം ലഭിക്കണം.

ചന്ദ്രൻെറ കേന്ദ്രസ്ഥിതികൊണ്ട് ശകടയോഗത്തിനു ഭംഗമേൽപ്പെടുന്നുവെങ്കിലും അതു ഒരു ചെറിയ കുറവുതന്നെയാണ്. ഈ കുറവു നീക്കുന്നതിനും പരിഹാരം ആവശ്യമാണ്. അതുകൊണ്ട് പണ്ഡിതജി കുജദശയിൽ ശനിയുടെ അപഹാരത്തിനു മുമ്പ് തക്കതായ പരിഹാരം ചെയ്യുന്നതായാൽ രാജയോഗം പൂർണ്ണമായി ഫലപ്പെടുന്നതാണ്. എത്രയും നേരത്തെ നടത്തുന്നുവോ അത്രയും നന്ന്. അപ്രകാരം ചെയ്യുന്നതായാൽ മിസ്റ്റർ ജിന്നാ സഹപ്രവർത്തകനായി ഇൻഡ്യാഗവൺമെൻറിൻെറ അഗ്രസ്ഥാനത്തെ പണ്ഡിററ ജി അലങ്കരിക്കുമെന്ന് നമുക്കാശിക്കാം.

മിസ്റ്റർ ജിന്നായുടെ ജാതകത്തെപ്പററി ചിന്തിക്കാം. അദ്ദേഹത്തിൻെറ ജാതകത്തിൽ ലഗ്നത്തിൽ രാഹുവും ശനിയും സ്ഥിതിചെയ്യുന്നതുകൊണ്ടു മാത്രം അദ്ദേഹം ഹിംസാമാർഗ്ഗം സ്വീകരിക്കുമെന്നു വിചാരിക്കുന്നതു ശരിയല്ല. ഇപ്പോഴും എനിക്കു പറവാനുള്ളതു ദൈവജ്ഞന്മാർ പക്ഷപാതരഹിതരായി ജാതകഫലം പറയണമെന്നാണ്.

ജാതകത്തിൽ ലഗ്നാധിപനായ ശനി ശശകയോഗത്തോടുകൂടി ലഗ്നത്തിൽത്തന്നെ സ്ഥിതിചെയ്യുന്നു. ഗുരുവിൻെറ വീക്ഷണത്തോടുകൂടിയുള്ള ചന്ദ്രൻ മീനത്തിൽ സ്ഥിതിചെയ്യുന്നതു ജാതകനു സത്വഗുണം നൽകുന്നുവെന്നു മാത്രമല്ല രാജയോഗവുംകൂടി നൽകുന്നു. കൂടാതെ കേന്ദ്രത്തിൽ പാപികളുടെ അഭാവവും അമലായോഗം നൽകിക്കൊണ്ടുള്ള ഗുരുശുക്രന്മാരുടെ പത്തിലെ സ്ഥിതിയും വസുമദ്യോഗം നൽകിക്കൊണ്ട് ഗുരുശുക്രന്മാർ പത്തിലും ബുധൻ പതിനൊന്നിലും സ്ഥിതിചെയ്യുന്നതും ഈ ജാതകത്തെ ഉത്തമജാതകമാക്കുന്നു. നിപുണയോഗം ജാതകൻെറ പ്രായോഗിക കുശലതയെ സൂചിപ്പിക്കുന്നു. ഈ ജാതകത്തിൽ ശനിയും ഗുരുവും ശുക്രനും കാരകന്മാരാകുന്നു. പത്തിൽ രണ്ടു ശുഭന്മാരുടെ സ്ഥിതിയും ധർമ്മകർമ്മ രാജയോഗവും അഖണ്ഡ സാമ്രാജ്യത്തെ സൂചിപ്പിക്കുന്നു.

അതുകൊണ്ട് മിസ്റ്റർ ജിന്നായുടെ ഗുരുദശയിലും പണ്ഡിററ് നെഹറുവിൻെറ കുജദശയിലും രണ്ടുപേരും ഇൻഡ്യൻ ഭരണകൂടത്തിൻെറ അഗ്രസ്ഥാനത്തിൽ സഹപ്രവർത്തകരായി തീരുമെന്ന് നമുക്കാശിക്കാം.

—ം



Ad. No. S. 12.

## General Knowledge Quiz
Answers

[Questions on page 4]

1 (a); 2 (c); 3 (b); 4 (c); 5 (a); 6 (c); 7 (a).

## വിജ്ഞാനവീഥി

—o—

മൂഷിക വർഗ്ഗത്തിൽപെട്ട ജന്തുക്കളുടെ പല്ലുകൾ അവയുടെ മരണംവരെ വളൎന്നുകൊണ്ടിരിക്കുന്നു.

* * *

ഗിനി എന്ന നാണയം അടിച്ചു തുടങ്ങിയതു് ചാറത്സ് രണ്ടാമന്റെ കാലത്താണ്. പശ്ചിമാഫ്രിക്കയിലെ ഗിനി തീരത്തു നിന്നു കൊണ്ടുവന്ന സ്വൎണ്ണത്തിൽ അടിപ്പിച്ചതുകൊണ്ടാണു് ആ നാണയത്തിനു ഗിനി എന്ന പേരിട്ടതു്. ഒരു ഗിനി ൨൧ ഷില്ലിംഗാണ്.

* * *

ഗ്രേറ്റ് ബ്രിട്ടനിലും വടക്കെ ഐർലൻഡിലും കൂടി ഇപ്പോൾ ൧൦,൩൮൭,൦൦൦ റേഡിയോ ലൈസൻസുകൾ നിലവിലുണ്ട്. ൪൪൦൦ ടെലവിഷൻ ലൈസൻസുകളും നിലവിലുള്ളതായിക്കാണുന്നു.

* * *

൧൭-ാം ശതകത്തിന്റെ അവസാനത്തിൽ വില്യം പാറ്റേർസൺ എന്ന ഒരു സ്കോട്ട്ലൻഡുകാരനാണ് ബാങ്ക് ഓഫ് ഇംഗ്ലണ്ട് സ്ഥാപിച്ചത്.

* * *

ഇതുവരെ എഴുതപ്പെട്ടിട്ടുള്ളതിൽ ഏറ്റവും ദൈൎഘ്യമുള്ള കത്തു് എലിസബത്തു രാജ്ഞിയുടെ കാലത്തെ ഒരു രാജസേവകൻ അദ്ദേഹത്തിന്റെ പ്രേമഭാജനത്തിനെഴുതിയതാണത്രേ. ൪൦൦,൦൦൦ വാക്കുകളടങ്ങിയ പ്രസ്തുത കത്തു് ബ്രിട്ടീഷു മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

* * *

അയർലൻഡിൽ പാമ്പുകളോ കാട്ടുപൂച്ചകളോ ഇല്ല.

* * *

ആദ്യമായി വാച്ചു നിൎമ്മിച്ചതു് ൧൫൦൦-ൽ ന്യൂറംബർഗ്ഗുകാരനായ പീറ്റർ ഹീലം എന്നയാളാണ്.

* * *

ഇരുളിൽ പറക്കുന്ന വാവലുകൾ പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതു് "റഡർ" എന്ന കണ്ടുപിടുത്തത്തിന്റെ തത്വം അടങ്ങിയ ഒരു സ്വഭാവവിശേഷം അവയ്ക്കു പ്രകൃതിദത്തമായുള്ളതിനാലാണ്.

* * *

ലണ്ടൻ ജനറൽ പോസ്റ്റാഫീസിൽ സ്വന്തമായി ഒരു കുഴൽറെയിൽവേയുണ്ട്. അതിനു ൬½ മൈൽ നീളം വരും. പ്രതിദിനം ൩൫൦൦൦ മെയിൽസഞ്ചികൾ ഇതിൽക്കൂടി കൊണ്ടുപോകുന്നുണ്ട്

* * *

൫൦൦ മുതൽ ൫൦൦൦൦ മൈൽവരെ വ്യാസമുള്ള സൂര്യഗോളത്തിലെ "പൊട്ടു"കൾ ഇരുണ്ട നിറത്തിൽ മേഘംപോലെ മങ്ങലുള്ള പ്രദേശങ്ങളാണ്.

* * *

വെസ്റ്റമിൻസ്റ്റർ ആബി എന്ന ദേവാലയത്തിന്റെ യഥാൎത്ഥ പേർ വെസ്റ്റ്മിൻസ്റ്ററിലെ കൊളിജിയേറ്റ് ചർച്ച് അഫ് സെയിന്റ് പീറ്റർ എന്നാണ്.

---

(പന്ത്രണ്ടാം പേജിൽനിന്നും തുടൎച്ച)

[illegible] കൃഷ്ണൻചന്ദരും (Krishen-chander) രത്നഗർഭയായ ലാഹോറിന്റെ സന്താനങ്ങളാണ്.

ലാഹോറികളുടെ ശ്രവണസുഭഗമല്ലാത്ത ഭാഷാരീതിയും, അവിടുത്തെ റോഡുകളിലെ അസഹ്യമായ പൊടിപടലവും ഒരു സന്ദർശകനു് അസുഖകരമായിരിക്കാം. എന്നാൽ അവരുടെ വസ്ത്രധാരണരീതിയിലുള്ള കലാബോധവും, ശബളമായ ചേലകൾ ചുറ്റിയ ലാഹോർ വനിതകളുടെ മാദകസൗന്ദര്യവും ഹൃദയാവർജ്ജകമാണ്. സിനിമാശാലകളുടെ മുൻപിലും, പൊതുനിരത്തുകളിലും, ഉദ്യാനങ്ങളിലും പ്രസന്നവദനരായി കൂട്ടംകൂടി നിൽക്കുന്ന അവർ കമനീയമായ ഒരു കാഴ്ച തന്നെ. ലാഹോറികളുടെ ഔദാര്യപൂർവമുള്ള സൽക്കാരകുശലതയും, അവിടുത്തെ അന്തരീക്ഷത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന കുളിർമയേറിയ ശീതോഷ്ണാവസ്ഥയും സ്വൎഗ്ഗീയമായ ഒരനുഭൂതി ആരിലും ഉളവാക്കുന്നതിനു് പര്യാപ്തമാണ്.

ന്യൂയോർക്ക് ചിക്കാഗോ, മുതലായ നഗരങ്ങളിലെപ്പോലെ ലാഹോറിലും 'ഡെമോക്രാറ്റിക്' രീതിയിലുള്ള ഭരണരീതിയാണ് ഇപ്പോൾ നിലവിലിരിക്കുന്നതു്.

—o—

(ഒന്നാംപേജിൽനിന്നും തുടൎച്ച)

ക സ്വാഭാവികമാണ്. ആ ഭാവിജീവിതം എന്തായിരിക്കുമെന്ന് അറിവില്ലെങ്കിൽതന്നെയും, അതു് എന്തല്ലാതിരിക്കാനാണ് ന്യായം എന്നറിയാൻ നമുക്കു കഴിയും. മനുഷ്യൻ വസ്തുസ്വരൂപമായ സകലതും ഉപേക്ഷിച്ചിട്ടാണ് പോകുന്നതെന്നും കൂടെ വല്ലതും കൊണ്ടുപോകുന്നെങ്കിൽ അതു് ചില ആശകളും, മാനസികവും ആത്മീയവുമായ ചില കഴിവുകളും മാത്രമായിരിക്കുമെന്നും നമുക്കറിയാം. ഇങ്ങനെ ജഡങ്ങൾക്ക് അഥവാ വസ്തുക്കൾക്കൊന്നിനും പരലോകത്തിൽ പ്രവേശനമില്ലെങ്കിൽ, കേവലം ജഡേന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുന്നതിനോ, പണം സമ്പാദിക്കുന്നതിനോ വേണ്ടി മാത്രം നയിക്കപ്പെടുന്ന ലോകജീവിതം, പരലോകജീവിതത്തിനു് തീരെ പറ്റാത്ത ഒരു തയാറെടുപ്പാണെന്നു് വ്യക്തമാകുന്നു.

നമ്മിൽ ഒരോരുത്തരിലും അനന്തശക്തികൾ ലയിച്ചു കിടപ്പുണ്ടെന്നറിയുന്നില്ലെങ്കിൽ ലോകജീവിതംകൊണ്ട് പ്രയോജനമൊന്നുമില്ല. ഒരോരോ ജീവിതത്തിൽ ആ ശക്തികളെയെല്ലാം വികസിപ്പിക്കുന്നതു് ദുസ്സാധമാകുന്നു. എന്നാൽ പരലോകജീവിതത്തെപ്പറ്റിയുള്ള വിശ്വാസം സ്വയം ഉൽക്കൎഷം പ്രാപിക്കുന്നതിനും, ആത്മശുദ്ധി വരുത്തുന്നതിനുമുള്ള ഒരു ആത്മീയഗതിയ്ക്കു സുദീർഘമായവഴി തുറന്നുതരുന്നതായി നമുക്കു കാണാവുന്നതാണ്. പരലോകത്തിൽ സുഖജീവിതം കാംക്ഷിക്കുന്ന ഒരുവൻ ഇഹലോകത്തിൽ ആത്മാഭിവൃദ്ധിയ്ക്കും, സംസ്കാരവികാസത്തിനും വേണ്ടി ശ്രമിക്കുമെന്നുള്ളതിൽ തൎക്കമില്ല.

ഇക്കാരണത്താൽ ലോകജീവിതചര്യകളെ സംബന്ധിച്ചിടത്തോളം പരലോകവിശ്വാസം സർവ്വോത്തരമായ പ്രാധാന്യമുള്ളതായി ഗണിക്കപ്പെടേണ്ടിയിരിക്കുന്നു. ഒരു പക്ഷേ കൂടുതൽ ഉൽകൃഷ്ടമായ ഉദ്ദേശമൊന്നുമില്ലെങ്കിൽത്തന്നെയും സംസ്കൃതമായ ഒരു സ്വാൎത്ഥതയാൽ പ്രേരിതനായിട്ടെങ്കിലും മനുഷ്യൻ പരേതാത്മജീവിതത്തെക്കുറിച്ചുള്ള തെളിവുകൾ നിഷ്പക്ഷമായി പരിശോധിക്കേണ്ടതുമാകുന്നു.

തന്റെ സ്ഥിരചക്രവാളത്തിനുള്ളിൽ കുടുങ്ങിയിട്ടില്ലാത്തവൎക്കെല്ലാം പരേതാത്മജീവിതത്തെക്കുറിച്ചു് വേണ്ട തെളിവുകൾ ലഭിക്കത്തക്കവിധം അനേകം ഗ്രന്ഥങ്ങൾ വായിക്കാൻ കിട്ടുന്നതാണ്. പ്രേതശാസ്ത്രജ്ഞന്മാരെല്ലാം അന്യരെ കബളിപ്പിക്കുന്നതിനുവേണ്ടി ഒരു വിപുലമായ ഗൂഢാലോചനയിലേർപ്പെട്ടിരിക്കയാണെന്നും, അവരുമായി ബന്ധമില്ലാത്ത സ്ഥാനങ്ങളിൽനിന്നു ലഭിക്കുന്ന മറ്റു തെളിവുകളെല്ലാം വെറും ഭ്രാന്തദർശനങ്ങളോ കെട്ടുകഥകളോ മാത്രമാണെന്നും വിചാരിക്കുന്നതും മേൽപ്പറഞ്ഞ പുസ്തകങ്ങളിലെ തെളിവുകളെ അവിശ്വസിക്കുന്നതും തുല്യമാണ്. "അന്ധവിശ്വാസത്തെ ഒഴിയുന്നതിൽതന്നെയുമുണ്ട് ഒരന്ധവിശ്വാസം" എന്നു് ഇങ്ങനെ ഫ്രാൻസിസ് ബേക്കൺ പറയുന്നു. എന്റെ കാര്യം പറയുകയാണെങ്കിൽ മുകളിൽ പറഞ്ഞ തെളിവുകളെല്ലാം ആദ്യന്തം വെറും കള്ളക്കഥകൾമാത്രമാണെന്നു വിശ്വസിക്കുന്നതിനേക്കാൾ വളരെ എളുപ്പം എത്രയോ അസംഭാവ്യമായ ഒരു പ്രേതകഥയെപ്പോലും സ്വീകാര്യമായി കരുതുകതന്നെയാണ്. പരേതനായ പ്രൊഫസ്സർ ഹിസ്‌ലപ്പ് (Prof: Hyslop) "മരണാനന്തരജീവിതം" എന്ന ഗ്രന്ഥത്തിൽ "ദേഹരഹിതന്മാരായ ജീവന്മാരെപ്പറ്റി വിശ്വാസമില്ലാത്തവർ ഒന്നുകിൽ കേവലം അജ്ഞന്മാരോ അല്ലെങ്കിൽ സന്മാർഗ്ഗികഭീരുക്കളോ മാത്രമാണ്" എന്നു പറയുന്നു. പരേതാത്മാക്കളെപ്പറ്റിയുള്ള പരീക്ഷണനിരീക്ഷണങ്ങളുടെഫലം അദ്ദേഹത്തിന്റെ വാക്കുകളിൽ അതിശയോക്തിയില്ലെന്നു ധാരാളം വെളിപ്പെടുത്തുന്നുണ്ട്.

പ്രേതലോകവുമായി സമ്പർക്കം നടത്തിയിട്ടുള്ളവർ എന്താണ് അതിനെപ്പറ്റി പറയുന്നതു്! അവിടുത്തെ ജീവിതം "ഒരവസ്ഥ"യല്ല; അതൊരു ജീവിതംതന്നെയാണ്. അതിൽ ചലനമുണ്ട്. പ്രയത്നം, കൎമ്മം, മാറ്റം, വളൎച്ച, ഉൽഗതി, അധോഗതി, പുരോഗതി, പശ്ചാൽഗതി എന്നിവയെല്ലാം അവിടെയുമുണ്ട്. വിശ്രമം അർഹിക്കുന്നവൎക്കു വിശ്രമവും, ലോകജീവിതത്താൽ തീരെ ക്ഷീണിച്ചു കഴിഞ്ഞവൎക്കു് ദീർഘവിശ്രമവും അവിടെ ലഭിക്കുന്നതാണ്. പക്ഷെ അവിടെയും ഇവിടുത്തേപ്പോലെതന്നെ വിശ്രമം പുതിയ പ്രയത്നത്തിന്റെ നാന്ദിമാത്രമാകുന്നു. മാമൂൽമതത്തിലെ മാറ്റമില്ലാത്ത സ്വൎഗ്ഗമോ, മാറ്റമില്ലാത്ത നരകമോ അനന്തരലോകത്തിലില്ല. അവിടുത്തെ നരകം ക്ലേശാനുഭവങ്ങൾമൂലം മനുഷ്യാത്മാവു് ശുദ്ധിപ്രാപിക്കയും അങ്ങനെ അഭിവൃദ്ധി തേടുകയും ചെയ്ക എന്നൎത്ഥത്തിൽ മാത്രമേ നരകമായിരിക്കുന്നുള്ളു. ഈ ജീവിതത്തിൽ ഒരുവൻ ഏതേതുതരത്തിൽപെട്ട കൂട്ടുകാരുടെസഹവാസത്തിനാണോ സ്വന്തചൎയ്യകളാൽ സ്വയം തയ്യാറായിട്ടുള്ളതു് ആ മാതിരി കൂട്ടുകാരെ അനന്തരലോകത്തിൽ അവനു ലഭിക്കുന്നു. സഹായവും മാൎഗ്ഗദൎശനവും അവിടെ അവനെ കാത്തിരിക്കുന്നു. അതുപോലെതന്നെ പലതരത്തിലുള്ള ദുർവ്വാസനകളുടെ പ്രലോഭനത്തിനു വഴിപ്പെടാനുള്ള സൗകൎയ്യങ്ങളും ആ ലോകത്തിൽ അവനെ കാത്തിരിപ്പുണ്ട്.

അവിടെ പല സ്വൎഗ്ഗങ്ങളുണ്ടല്ലോ. അതുപോലെതന്നെ പല നരകങ്ങളും. (ഹിന്ദുക്കളുടെ അഭിപ്രായത്തിൽ, നരകമെന്നറിയപ്പെടുന്ന ഭുവർല്ലോകത്തിനു് ഏഴു് മണ്ഡലങ്ങൾ ഉണ്ട്. അതുപോലെ സ്വൎഗ്ഗമെന്നറിയപ്പെടുന്ന സ്വൎല്ലോകത്തിനും ഏഴു് മണ്ഡലങ്ങൾ ഉണ്ടത്രേ) സ്വൎഗ്ഗത്തിന്റെ സാരാംശമായ സ്വഭാവം സ്വാൎത്ഥതയിൽ നിന്നുള്ള മോചനവും, നരകത്തിന്റെ സ്വഭാവം, സ്വാൎത്ഥതയുമാകുന്നു. പ്രസ്തുതമോചനത്തിനു തന്നെ പല പല ഘട്ടങ്ങൾ ഉണ്ട്. സ്വാൎത്ഥതയ്ക്കുമുണ്ട് ആ മാതിരി വിവിധഘട്ടങ്ങൾ. ഏറ്റവും ഉന്നതമായ സ്വൎഗ്ഗം ഏതെന്നു് നമുക്കറിവില്ല. അതറിയത്തക്ക ആന്തരമായ ദൃഷ്ടിസൂക്ഷ്മത ലഭിക്കാൻ അനേകം ജീവിതങ്ങൾ നാം നയിക്കേണ്ടിവന്നേക്കാം. എന്നാൽ ഏറ്റവും ഘോരമായ നരകത്തെപ്പറ്റി ഈ ലോകത്തിൽ ദുഷ്ടമായ ജീവിതം നയിച്ച ഒരാത്മാവു പറയുന്നു:—"ഇവിടെ(നരകത്തിൽ) ഏകാന്തമായ ഇരുളിലെ ഘോരമായ ഏകാന്തതമാത്രമേയുള്ളു." ദേവന്മാർ (the gods) നീതിമാന്മാരാണ്. മേൽപറഞ്ഞ ആത്മാവു് ഈ ലോകത്തിൽ തനിക്കുവേണ്ടി മാത്രം ജീവിച്ചു. അതിന്റെ ഫലം നരകത്തിലെ ഏകാന്തതയുമായിത്തീൎന്നു. പാപത്തിന്റെ പ്രതിഫലം പാപാനുഭവം തന്നെയെന്നത്രേ ഈശ്വരേച്ഛ. ഇതു മനസ്സിലാക്കുന്ന പരേതാത്മാവു് അനേകകാലത്തെ ഏകാന്തതയ്ക്കുശേഷം കഠിനമായ മഹാപ്രയത്നംകൊണ്ട് ക്രമേണ വെളിച്ചത്തിലേയ്ക്കു് ഉയരാൻ ശ്രമിക്കുന്നു. ഒടുവിൽ അയാൾ ന്യായത്തിനുവേണ്ടി പൊരുതുന്ന ഒരു ഭടനായിത്തീരുന്നതുവരെ ഈ പ്രയത്നം തുടരുന്നു.

പരേതാത്മാവിനെ നല്ല വഴിക്കു നയിക്കാനുള്ള സൗകൎയ്യവിശേഷങ്ങൾ അതിനെ കാത്തിരിക്കുന്നു എന്നു ഞാൻ പറഞ്ഞു. അതുപോലെതന്നെ പരേതലോകത്തിൽനിന്നു് ഈ ലോകത്തിലെ നമുക്കും സഹായങ്ങൾ ലഭിച്ചുകൊണ്ടാണിരിക്കുന്നതു്. ജീവിതത്തിലെ ദുരന്തങ്ങൾക്കിടയിൽ പലപ്പോഴും ആശ്വാസം നൽകിയും, നേരായമാർഗ്ഗം കാട്ടിത്തന്നും, കലാകാരന്മാർക്കും, സദ്വൃത്തന്മാർക്കും സൽപ്രേരണകളും, സദ്വാസനകളും, നൽകിയും, പ്രേതാത്മാക്കൾ ലോകത്തെ സേവിക്കുന്നു. ഇവയെല്ലാം പ്രതിബന്ധമായി നിൽക്കുന്നതു് മനുഷ്യന്റെ അവിശ്വാസം മാത്രമാണ്. പ്രേതാത്മാക്കളെ വിശ്വസിക്കാത്തവൎക്ക് അവരിൽനിന്നു് സൽപ്രേരണകൾ ലഭിക്കുക പ്രയാസമാണ്. അതുപോലെ തന്നെ ദുർവാസനകളും പ്രേതലോകത്തിൽനിന്നു് ഈ ലോകത്തിലേക്കു് പ്രസരിച്ചുകൊണ്ടിരിക്കുന്നു. ദുൎവൃത്തന്മാരുടെ കൂട്ടത്തിൽ കലൎന്നു് പ്രേതലോകത്തിലെ ദുരാത്മാക്കൾ അവരുടെ ആശകൾ സാധിക്കുന്നതിനുവേണ്ടി മദ്യപാനം, കൊലപാതകം, ലഹളകൾ, മുതലായവയ്ക്കു് പ്രേരണ നൽകിക്കൊണ്ടിരിക്കുന്നു.

പ്രേതാത്മാക്കൾക്കുവേണ്ടി നമുക്കെന്താണ് ചെയ്യാവുന്നതു്? അവരെ നല്ലമാൎഗ്ഗത്തിൽ നയിക്കത്തക്ക പ്രേരണനൽകുവാൻ നമുക്കു സാധിച്ചില്ലെങ്കിൽതന്നെയും സ്നേഹപൂർവമായ നമ്മുടെ സ്മരണ അവൎക്കു ഒരാലിംഗനംപോലെ സന്തോഷം നൽകുന്നതാണ്. കാലംകൊണ്ടു ക്ഷയിക്കാത്ത നമ്മുടെ സ്നേഹമയമായസ്മരണ അവരുടെ ചുറ്റും എപ്പോഴും ഒരു പ്രഭാവലയം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഇവിടുത്തെ ദുഃഖങ്ങൾ അവരെ ബാധിക്കുമോ എന്നുള്ളതിനെപ്പറ്റി ഞാനൊന്നും പറയാൻ തയാറില്ല. പക്ഷെ നമ്മുടെ കൎമ്മങ്ങൾകൊണ്ടു് അവരെ വേദനിപ്പിക്കാതെ സൂക്ഷിക്കേണ്ടതു നമ്മുടെ കടമയാകുന്നു.

പരലോകം എന്നു പറയുമ്പോൾ അതു് ഒരൊറ്റലോകം മാത്രമാണെന്നു തോന്നിയേക്കാം. അങ്ങനെയല്ല. പരലോകത്തിൽ പല ലോകങ്ങളും അവയിലോരോന്നിലും പല ജീവിതമണ്ഡലങ്ങളും ഉണ്ട്. നമുക്കു ഏറ്റവും സമീപസ്ഥമായിരിക്കുന്നതു് "ആഗ്രഹത്തിന്റെ ലോകമാണ്" (The desire world) മരണത്തോടെ നാം ഈ ലോകത്തിലേക്കാണ് പോകുന്നതു്. (ആഗ്രഹങ്ങളുടെ ഈ ലോകത്തെയാണ് ഹിന്ദുക്കൾ ഭുവർല്ലോകമെന്നു പറയുന്നതു്. ഇവിടെ ജീവികളുടെ "കാമശരീരം" അഥവാ ആഗ്രഹങ്ങളുടെ ശരീരം വിഹരിക്കുന്നു. നരകാനുഭവങ്ങൾ, സ്വാൎത്ഥതയെ പൂരിപ്പിക്കാനുള്ള കാമംമൂലം ഉണ്ടാകുന്നതിനാൽ ഇവിടം നരകമായി കല്പിക്കപ്പെടുന്നു). ഈ കാമലോകത്തിൽനിന്നു മനുഷ്യാത്മാവ് ആശയങ്ങളുടെ ലോകത്തിലേക്ക് (thought-world) പോകുന്നു. (ഇതു ഹിന്ദുക്കളുടെ സ്വൎല്ലോകമാണ്). ഈ ലോകങ്ങൾക്ക് അതതിന്റെ ലോകപ്രകൃതിയും, അതതിന്റെ പ്രകാശവും അന്തരീക്ഷവും, പ്രകൃതിവിലാസങ്ങളും, അതതിന്റെ സ്വന്തമായ ഭൂതവസ്തുവും (matter) ഉണ്ട്. അതിനാൽ ഈ ലോകത്തിൽ നിൎമ്മാണങ്ങൾ പലതും സാധിക്കുന്ന നമ്മുടെ സബോധാവസ്ഥയ്ക്കു് ആ ലോകങ്ങളിലും ആ മാതിരി സൃഷ്ടികൎമ്മങ്ങൾ സാധിക്കുന്നതാണ്. അവ കുറേക്കൂടി തെളിച്ചവും, ഓജസ്സും, പൂൎണ്ണതയും തികഞ്ഞവയായിരിക്കുമെന്നേയുള്ളു.

ഇതൊരു പരിവൎത്തനകാലമാണ്. നിത്യജീവിതത്തെപ്പറ്റിയുള്ള പഴയ വിശ്വാസങ്ങൾ തകരുന്നു. മനുഷ്യാത്മാവിന്റെ സ്വാതന്ത്ര്യമുള്ള സത്തയേയും, തന്നിമിത്തമുള്ള അതിന്റെ അനശ്വരതയേയും പറ്റിയുള്ള വിശ്വാസം നമ്മുടെ മാനസികഘടകങ്ങളുടെ ഒരംശമായിത്തീരുന്ന കാലം ആസന്നമാണ്. അതു് സംഭവിക്കുമ്പോൾ ലോകജീവിതത്തെ നന്മയിലേക്കു നയിക്കാനുള്ള അതിന്റെ ശക്തി അനന്യസാധാരണമായിരിക്കും. ആത്മീയമായ രൂപപരിണാമത്തിന്റെ നാടകം അനന്തമായി കലാശിക്കുന്നതോടെ ഈ ലോകത്തിലെ ജീവിതം അതിലെ വെറും ക്ഷണികമായ ഒരു രംഗം മാത്രമായിത്തീരുന്നതാണ്. മരണത്തിന്റെ പടിവാതലിൽക്കൂടി മറ്റു രംഗങ്ങളിൽ കടന്നു തന്റെ ഭാഗം സ്വന്തം സംസ്കാരവിശേഷങ്ങളുടെ നന്മതിന്മകൾ അനുസരിച്ചു് ഭംഗിയായോ, മ്ലേഛമായോ അഭിനയിക്കാൻ മനുഷ്യനു സാധിക്കും. ഇത്രയും മാത്രം മനുഷ്യൻ അറിഞ്ഞാൽ മതി, അത്രത്തോളം മാത്രമുള്ള അറിവ് അവനു അനുവദിക്കപ്പെട്ടിട്ടുമുണ്ട്. ഇതിന്റെയെല്ലാം സാരം, മനുഷ്യൻ മരണാനന്തരലോകത്തിലും അതിനപ്പുറമുള്ള മറ്റുലോകങ്ങളിലും ആത്മവികാസം പ്രാപിക്കാനുള്ള മഹത്തരമായ സാദ്ധ്യതകളെ പ്രയോജനപ്പെടുത്താൻ ഉതകുമാറു് ഈ ലോകത്തിൽ പെരുമാറുകയും, ജീവിക്കയും ചെയ്യണമെന്നുള്ളതാകുന്നു.

—o—


# മസൂരിസിദ്ധചികിത്സ

(ഗ്രന്ഥകർത്താ ഡാ: പി എസ്. നായർ)

മസൂരിയുടെ ഉല്പത്തി, വളൎച്ച, കുരുക്കളുടെ വ്യത്യാസം, ചികിത്സ ഇവകളെപ്പറ്റി ശാസ്ത്രരീത്യാ പ്രതിപാദിക്കുന്ന ഒരു ഉത്തമ വൈദ്യഗ്രന്ഥം. മസൂരി ബാധിക്കാതിരിക്കുന്നതിനുള്ള അനുഷ്ഠാനമുറകളും 96 വ്യാധികളുടെയും സാദ്ധ്യാസാദ്ധ്യലക്ഷണങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. വില ണം. 14.


മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

Vol. XIX THE MALAYALA RAJYAM Quilon, Monday June 2 — 1947. No 317

കർഷകർക്കു സഹായം



ഡോ: ത്രിവിക്രമൻതമ്പി



തിരുവിതാംകൂർസ്വദേശിയായ ഇദ്ദേഹം ഇപ്പോൾ യുണൈറ്റഡ്സ്റ്റേററ്സിൽ ഒരു സാംസ്കാരികപര്യടനം നടത്തിവരികയാണ്. ഇദ്ദേഹത്തെ ബഹുമാനിച്ച് അമേരിക്കയിലെ ഇന്ത്യാസൊസൈററി ഫൻർ—ഏപ്രിൽ ൪-ാംനു ന്യൂയാർക്കിലുള്ള ബാൾട്ടിമോർ ഹോട്ടലിൽവച്ച് ഒരു റിസപ്ഷൻ നൽകുകയുണ്ടായി. വാഷിംഗ്ടണിലെ സ്റ്റേററ് ഡിപ്പാർട്ടുമെൻറും അലക്സാണ്ട്റിയായിലെ സെൻറ് പാൾസ് കതീഡ്രലും ഉൾപ്പെടെ പല സദസ്സിൻെറയും മുമ്പാകെ ഇദ്ദേഹം പ്രസംഗങ്ങൾ നടത്തിക്കഴിഞ്ഞിരിക്കുന്നു.

മുകളിൽ ബ്രിട്ടനിൽ ഭക്ഷ്യദാരിദ്ര്യം പരിഹരിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി വാളണ്ടിയർമാർ ചേർന്നുവരുന്നു. ഒഴിവുകാലത്ത് ഇവർ കൃഷിക്കാരെ സഹായിക്കുന്ന ചുമതല ഏറെറടുത്തിരിക്കുകയാണ്. വാളണ്ടിയർമാരിൽ നൂറുപേരടങ്ങിയ ആദ്യത്തെ സംഘം അവരുടെ ക്യാമ്പിനു സമീപം.

താഴെ—ഒരു ഇൻഡ്യൻചിത്രകാരനായ മി. വി. ആർ. റാവു ഇപ്പോൾ ലണ്ടനിൽ കെൻസിംഗ്ടൺ എന്നസ്ഥലത്ത് ഒരു സ്ററുഡിയോ സ്ഥാപിച്ച് കലാസേവനം നടത്തിവരുന്നു. ഈവർഷത്തെ റായൽസൊസൈററിഓഫ് പോർട്രേററ്പെയിൻറേഴ്സിൻെറ പ്രദർശനത്തിൽ മി റാവുവിനു പ്രശസ്തമായ വിജയം സിദ്ധിച്ചതിനെത്തുടർന്ന് അനേകം മാന്യന്മാർ അദ്ദേഹത്തെക്കൊണ്ട് ചിത്രമെഴുതിക്കുന്നതിനു ഏർപ്പാടു ചെയ്തിരിക്കുകയാണ്. മി. റാവു നെഹ്റുവിൻെറ ഒരു ചിത്രം വരച്ചുകൊണ്ടിരിക്കുന്നു.



# കൌതുകജനകമായ ലാഹോർ

—o—

From English

കല്യാണശ്ശേരിൽ ദാമോദരൻപിള്ള
യൂണിവേഴ്സിററി കോളേജ്

ലാഹോർ പഞ്ചാബിൻെറ തലസ്ഥാനനഗരവും, അവിടുത്തെ ഏററവും പ്രധാനപ്പെട്ട പട്ടണവും മാത്രമായിരുന്നെങ്കിൽ ഇന്നു ഇത്രമാത്രം പ്രശസ്തി ഈ നഗരത്തിനു ഉണ്ടാകുമായിരുന്നില്ല. മററനവധി വിശിഷ്ടങ്ങളായ കാരണങ്ങളാലാണ് ലാഹോർ ഇന്നു സഞ്ചാരികളാലും സഹൃദയന്മാരാലും പുകഴ്ത്തപ്പെടുന്നത്. ലാഹോർനഗരത്തിന് അവിസ്മരണീയവും അഭിമാനജനകവുമായ ഒരു ചരിത്രമുണ്ട്. നശിച്ചുപോയ പല സാമ്രാജ്യങ്ങളുടേയും അധിപന്മാരുടെ അവസാനനിമിഷങ്ങൾ ലാഹോറിലാണ കഴിച്ചുകൂട്ടിയിട്ടുള്ളത്. വിശ്രുതനായ ജഹാംഗീറിൻെറ അന്ത്യവിശ്രമകേന്ദ്രം അവിടമാകുന്നു. വിശ്വമഹാകവിയായ മഹമ്മദ് ഇക്ബാലിൻെറ (Mohammed Igbal) കളകൂജനങ്ങൾ ലാഹോറിൽ കൂടെയാണ് പുറത്തേക്കു നിർഗ്ഗളിച്ചത്. ദേശാഭിമാനിയായ ഭഗത്സിംഗും Bhagat SinghSardar) സർദാർ ബൽദേവ്സിംഗും (Balder Singh) ഇവിടെയാണ ജനിച്ചുവളർന്നത്. ലാലാലജപത്റായിയുടെ (Lala Lajpat Rai) അന്ത്യവിശ്രമരംഗവും, മൌലനാസാഫർ ആലഖാൻ (Moulana ZafarAli Khan) ദിവാൻ ചമൻലാൽ (Dewan Chaman Lal) കെ. എൽ. ഗൌബാ (K. L. Gauba) എന്നിവരുടെ ജന്മദേശവും ഈ പുണ്യഭൂമിതന്നെ.

ലാഹോർ സ്ത്രീപുരുഷന്മാരുടെ വസ്ത്രധാരണമാതൃകയുടെ ഒരു കേന്ദ്രമാണ്. ദൈനംദിനം അവിടെ വേഷവിധാനങ്ങളുടെ ഫാഷൻ മാറിക്കൊണ്ടിരിക്കുന്നു. ലാഹോറിലെ വിദ്യാർത്ഥികളും, വിദ്യാർത്ഥിനികളും അലങ്കാരപ്രിയരാണ്. അപരിചിതനായ ഒരുസഞ്ചാരിയ്ക്കു ഹോളിവുഡ് താരങ്ങളെപ്പോലെ അവിടുത്തെ വിദ്യാർത്ഥിനികളെ തോന്നിയേക്കാം. പ്രകൃത്യാ സുന്ദരികളായ ലാഹോർവനിതകൾ ബാംഗ്ലിസാരികളും, ലക്നോരീതിയിലുള്ള ഗരാരാ (gharara) ചേലകളും ധരിക്കാറുണ്ട്.

ലാഹോർ സദാ ഉല്ലാസം സജീവമാണ്. വിഭവസമൃദ്ധമായ ആ നഗരത്തിൽ ആനന്ദവും, ആഹ്ലാദവും അലയടിച്ചുകൊണ്ടിരിക്കുന്നു. "ഇവിടെ ൩൦-ാമത്തെ വയസ്സിൽ ജീവിതവും, അഞ്ചുമണിക്കുമദ്യപാനവും ആരംഭിക്കുന്നു" എന്നൊരുചൊല്ലുണ്ട്.

ലാഹോറിൽ വിസ്കിയും, ബ്രാണ്ടിയും "റാവി" നദിയിൽകൂടി ഒഴുകിപ്പോകുന്ന അഴുക്കുവെള്ളത്തേക്കാൾ സുലഭമാണെന്ന് ഒരു സഞ്ചാരി രേഖപ്പെടുത്തുന്നു.

ലാഹോറിലെ ഭോജനശാലകൾ രുചികരങ്ങളായ ആഹാരസാധനങ്ങൾക്കു കേഴ്വികേട്ടവയാണ്. ഗോതമ്പുമാവും അമേരിക്കൻചോളവും ചേർത്തുണ്ടാക്കിയ ചപ്പാത്തിയും, സർബത്തുമാണ് ഈ നാട്ടുകാരുടെ പ്രധാന ലഘുഭക്ഷണം.

നയനാഭിരാമമായ ഈ വൻനഗരം ആരോഗ്യസമൃദ്ധമായ ഒരു കാലാവസ്ഥയാൽ അനുഗ്രഹീതമാണ്. ആകാരഭംഗിയുള്ള പുരുഷന്മാരും, അംഗസൌഷ്ഠവമുള്ള അംഗനാമണികളും ഇവിടുത്തെ പ്രത്യേകതകളാണ്. ലാഹോറിലെ അഴകേറിയ ചുരുണ്ടതലമുടിയുള്ള സുഭഗനായ ഒരു പുരുഷനേയും, ബലിഷ്ഠയും ദീർഘകായയുമായ ഒരു സുന്ദരിയേയും തമ്മിൽ പെട്ടെന്നു തിരിച്ചറിയുക കുറച്ചു വിഷമം തന്നെ.

പഞ്ചാബിൻെറ തലസ്ഥാനമായ ഈ പട്ടണം ഇന്നു സമസ്തഭാരതീയർക്കും ഒരു മാർഗ്ഗദർശിയാണെന്നു പറഞ്ഞാൽ അതിൽ തെററില്ല. വർഗ്ഗീയ വിദ്വേഷത്തിൻെറ പേരിൽ നടത്തുന്ന രക്തച്ചൊരിച്ചിലുകൾ കൊണ്ടു മലിനമാകാത്ത, ഇൻഡ്യയിലെ അനുഗ്രഹീതനഗരങ്ങളിൽ ഒന്നാണ് ഇതു. (?) ഹിന്ദുക്കളും, മുസ്ലീങ്ങളും ഭ്രാതാക്കളെപ്പോലെയാണ് അവിടെ കഴിയുന്നതു. ഒരുഹിന്ദുവിനേയും മുസൽമാനേയും വേർതിരിച്ചറിയുക, ലാഹോറിലെ പൊതുനിരത്തുകളിൽവച്ച് ആരാലും സാധ്യമല്ല. ഹിന്ദുമുസ്ലീം മൈത്രി ഇതുപോലെ ഇത്ര അഭേദ്യമായി, അഭിന്നമായി പുലർത്തിപ്പോരുന്ന ദേശങ്ങൾ ഇൻഡ്യയിൽ വേറെ അധികമില്ലെന്നു തന്നെ പറയാം.

ബാഹ്യസൌന്ദര്യത്തിൽനിന്നു വളരെ ഉയർന്ന, മഹത്തായ ഒരു സംസ്കാരസമ്പത്തും, പാരമ്പര്യവും ഈ നഗരത്തിനുണ്ട്. കമനീയങ്ങളായബംഗ്ലാവുകളോ, ആരാമങ്ങളോ അല്ല ലാഹോറിൻെറ മാഹാത്മ്യത്തിനുള്ള കാരണം. നേരെമറിച്ച് വിവിധരീതിയിലുള്ള, വിവിധ സ്വഭാവത്തോടുകൂടിയ അവിടുത്തെ ജനങ്ങളാണ്. ഉൽപതിഷ്ണുക്കളും, ദേശാഭിമാനികളും, വേദാന്തികളും, കവികളും, കലാകാരന്മാരും സമുദായ ഘടകങ്ങളായി ഇവിടെ ഒത്തുചേർന്നിരിക്കുന്നു. സ്വരാജ്യസ്നേഹിയായ ലാലാ ലജപത്റായിയും (Lala Lajpat Rai.) സാഹിത്യനിരൂപകനായ മൌലനാ സാഫർ ആലിഖാനും (Maulana Zafar Ali Khary) അദ്വിതീയ വാഗ്മിയായ അത്തുള്ളാ ഷാബുക്കാരിയും, (Ataullah Shah Cukhari) ആധുനികകവിയായ ഫൈയിസും (Faize) ചേരുക

(ശേഷം പതിനൊന്നാം പേജിൽ)

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.